2020 ഏപ്രിൽ
02
വ്യാഴം
1195 മീനം 20

മെട്രൊ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ

www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

അരിയിൽ എന്ത് അകലം...

കൊവിഡ്കാലത്തേക്ക് സർക്കാർ പ്രഖ്യാപിച്ച സൗജന്യ റേഷൻ വാങ്ങുന്നതിനായി മൂത്തകുന്നം ലേബർ ജംക്ഷനിലെ പൊതു വിതരണ കേന്ദ്രത്തിൽ എത്തിയ ഉപഭോക്താക്കളുടെ നീണ്ടനിര.

മെട്രൊ വാർത്ത

ഇടപെടണം: ഹൈക്കോടതി

എം.ആർ.സി. പണിക്കർ

കൊച്ചി: കർണാടകം അതിർത്തി തുറക്കുന്ന പ്രശ്നത്തിൽ കേന്ദ്ര സർക്കാർ ഉടൻ ഇടപെടണമെന്നും റോഡ് തുറക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഹൈക്കോടതി. ദേശീയപാത അടയ്ക്കാൻ കർണാടകത്തിന് അധികാരമില്ലെന്നും വിലപ്പെട്ട മനുഷ്യ ജീവൻ നഷ്ടപ്പെടാൻ ഇടയാക്കരുതെന്നും ഇടക്കാല ഉത്തരവിൽ കോടതി നിർദേശിച്ചു.

നേരത്തെ, നിലപാടിൽ ഉറച്ചുനിന്ന കർണാടകത്തെ കോടതി നിശിതമായി വിമർശിച്ചിരുന്നു. മനുഷ്യജീവന്റെ പ്രശ്നമാണ് ഇതെന്നും കൂടുതൽ നീട്ടിക്കൊണ്ടു പോകാനാവില്ലെന്നും കോടതി പറഞ്ഞു.

കൊറോണ ഭീതിയെത്തുടർന്നു കാസർകോട്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള ആറു റോഡുകളാണ് കർണാടകം കഴിഞ്ഞയാഴ്ച അടച്ചത്. വിദഗ്ധ ചികിത്സ കിട്ടാതെ കാസർക്കോടുനിന്നുള്ള ആറു ജീവനുകൾ പൊലിഞ്ഞു. സെക്രട്ടറിതല ചർച്ചകൾ ഇരു സംസ്ഥാനങ്ങളും നടത്തിയെങ്കിലും കർണാടകം വഴങ്ങിയില്ല. അതിർത്തികൾ അടച്ചതു സംബന്ധിച്ച വാർത്തകളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതി സ്വമേധയാ ആണ് കേസെടുത്തത്.

മധ്യസ്ഥചർച്ച നടത്തി രണ്ടു ദിവസത്തിനകം അറിയിക്കാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചെങ്കിലും ഡിവിഷൻബെഞ്ച് സമ്മതിച്ചില്ല. അവശ്യ സാധനങ്ങളുടെ നീക്കത്തിന് വേറെ വഴിയുണ്ടെന്നും അവർ വീഡിയോ കോൺഫറൻസിലൂടെ നടന്ന വാദത്തിൽ പറഞ്ഞു. ഇരു സംസ്ഥാനങ്ങളുടെയും ചീഫ് സെക്രട്ടറിമാരുടെ ചർച്ചയിലൂടെ തർക്കത്തിന് പരിഹാരം കാണാൻ കേന്ദ്രം ശ്രമം നടത്തുന്നുണ്ടെന്ന് കേന്ദ്ര സർക്കാരിന്റെ അഭിഭാഷകൻ അറിയിച്ചെങ്കിലും കോടതി വഴങ്ങിയില്ല.

കൊവിഡ് ബാധിത പ്രദേശമായ കാസർഗോഡേക്കുള്ള അതിർത്തിപാത തുറക്കാനാവില്ലെന്ന് കർണാടക അഡ്വക്കേറ്റ് ജനറൽ അറിയിച്ചു. സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നമായതിനാൽ സുപ്രീംകോടതി ഹർജി പരിഗണിക്കുന്നതാകും ഉചിതമെന്ന വാദവും കോടതി അംഗീകരിച്ചില്ല. മംഗലാപുരത്തേക്ക് പോകുന്ന വാഹനങ്ങൾ അണുവിമുക്തമാക്കാം എന്നത് ഉൾപ്പെടെയുള്ള നിർദേശങ്ങൾ കേരളം മുന്നോട്ടു വച്ചെങ്കിലും അനുകൂലമായ നിലപാടല്ല കർണാടകയുടെ ഭാഗത്തു നിന്നുണ്ടായത്. കേരളത്തിൽ നിന്നുള്ളവരെ ചികിത്സിക്കാൻ തയാറാണെന്ന് കാണിച്ച് മംഗലാപുരത്തെ ആശുപത്രികൾ നൽകിയ കത്ത് ഉൾപ്പെടെയാണ് കേരളം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത്.

24 പേർക്ക് കൂടി കൊവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 24 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. കാസർഗോഡ് ജില്ലയിൽ നിന്നും 12 പേർക്കും എറണാകുളം ജില്ലയിൽ മൂന്നുപേർക്കും, തിരുവനന്തപുരം, തൃശൂർ, കണ്ണൂർ, മലപ്പുറം ജില്ലകളിൽ രണ്ടുപേർക്ക് വീതവും പാലക്കാട് ജില്ലയിൽ ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ ഒമ്പത് പേർ വിദേശത്ത് നിന്നു വന്നവരാണ്. ബാക്കിയുള്ളവർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം വന്നത്.

തിരുവനന്തപുരത്ത് രോഗം സ്ഥിരീകരിച്ച മുപ്പതുകാരൻ വീട്ടിലെ നിരീക്ഷണത്തിലും 61 വയസുള്ളയാൾ ജനറൽ ആശുപത്രി ഐസൊലേഷൻ ചികിത്സയിലുമാണ്. ഇവരെ ഉടൻ മെഡിക്കൽ കോളെജ് ആശുപത്രി ഐസൊലേഷനിൽ പ്രവേശിപ്പിക്കും. 61 വയസുള്ളയാൾ ദുബായ് എയർപോർട്ട് ജീവനക്കാരനാണ്. 30 വയസുള്ളയാൾ ഷാർജയിൽ നിന്നു വന്നതാണെങ്കിലും മറ്റൊരാളുടെ സമ്പർക്കത്തിലൂടെയാണ് രോഗം ഉണ്ടായത്.

കേരളത്തിൽ 265 പേർക്കാണ് ഇതുവരെ രോഗബാധ സ്ഥിരീകരിച്ചത്. ഇവരിൽ 199 പേർ വിദേശത്തുനിന്ന് വന്നവരും ഏഴുപേർ വിദേശികളുമായിരുന്നു. 26 പേർ രോഗമുക്തി നേടി ആശുപത്രി വിട്ടു.

നിലവിൽ 237 പേരാണ് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 1,64,130 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,63,508 പേർ വീടുകളിലും 622 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 123 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

ഇന്നു പ്രധാനമന്ത്രി മുഖ്യമന്ത്രിമാരുമായി വിഡിയൊ കോൺഫറൻസിങ്

കരുതൽ, ജാഗ്രത

തബ്‌ലീഗ്, കുടിയേറ്റ തൊഴിലാളി പ്രശ്നങ്ങൾ ചർച്ചയാകും

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് 19 ബാധിതരുടെ എണ്ണം കുതിച്ചുയർന്നതോടെ സംസ്ഥാനങ്ങളുമായി ചേർന്ന് കൂടുതൽ നടപടികൾക്കു കേന്ദ്രം. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതും സംബന്ധിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു സംസ്ഥാന മുഖ്യമന്ത്രിമാരുമായി വിഡിയൊ കോൺഫറൻസിങ് നടത്തും. രാജ്യത്തെ വൈറസ് ബാധിതരുടെ എണ്ണം കുതിച്ചുയരുന്നതിനു വഴിവച്ച തബ്‌ലീഗ് ജമാ അത്ത് സമ്മേളനം സംബന്ധിച്ചും ചർച്ചയുണ്ടാകുമെന്നാണു സൂചന.

കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച അടച്ചുപൂട്ടൽ ഒരാഴ്ച പിന്നിടുമ്പോഴാണു പ്രധാനമന്ത്രിയുടെ വിഡിയൊ കോൺഫറൻസ്. വിവിധ സംസ്ഥാന അതിർത്തികൾ അടച്ചത് അവശ്യ സാധനങ്ങളുടെ നീക്കത്തെയുൾപ്പെടെ ബാധിച്ചിട്ടുണ്ട്. ഇക്കാര്യവും ഇന്നു ചർച്ച ചെയ്തേക്കും.

കുടിയേറ്റ തൊഴിലാളികൾ കൂട്ടമായി സ്വന്തം നാടുകളിലേക്കു മടങ്ങുന്നതു പ്രതിരോധപ്രവർത്തനങ്ങൾക്കുണ്ടാക്കുന്ന തിരിച്ചടിയും ചർച്ച ചെയ്തേക്കും. അവസാന 24 മണിക്കൂറിൽ 386 പേർക്കു കൂടി രോഗം കണ്ടെത്തിയതിനു പിന്നാലെയാണ് പ്രധാനമന്ത്രി യോഗം വിളിച്ചത്. അടച്ചുപൂട്ടൽ നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശന നിയമ നടപടിയുണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

ചൈന, ജർമനി, കൊറിയ സഹായം തേടും

ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും രാജ്യം ഊർജിത ശ്രമത്തിലാണ്. ഇതിനായി ദക്ഷിണ കൊറിയ, ജർമനി, ചൈന രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളോട് സഹകരിക്കാവുന്ന മേഖലകൾ കണ്ടെത്താൻ നിർദേശിച്ചു. ഇവിടെ നിന്നു സാങ്കേതിക സഹകരണത്തിനൊപ്പം ചികിത്സാ സാമഗ്രികൾ അടിയന്തരമായി വാങ്ങാനും നിർദേശം. ദക്ഷിണകൊറിയയിൽ നിന്നു പരിശോധനാ കിറ്റുകൾ വാങ്ങുന്നത് പരിഗണനയിലുണ്ട്. മൂന്നു രാജ്യങ്ങളും ഏറെക്കുറെ കാര്യക്ഷമമായി കൊവിഡിനെ നേരിട്ടതിനാലാണ് ഇവരുടെ സഹായം തേടുന്നത്.

രോഗബാധിതർക്കു വേണ്ടി 5,000 റെയ്ൽവേ കോച്ചുകളിൽ ആശുപത്രി സംവിധാനം സജ്ജമായെന്ന് ആരോഗ്യ മന്ത്രാലയം അറിയിച്ചചു. വരും ദിവസങ്ങളിൽ 20,000 കോച്ചുകളിൽ കൂടി ഐസൊലേഷൻ സൗകര്യമൊരുക്കും. ഇതോടെ 3.2 ലക്ഷം പേരെ ചികിത്സിക്കാൻ സംവിധാനമാകുമെന്നും ആരോഗ്യമന്ത്രാലയം.

തബ്‌ലീഗ്: കേരളത്തിൽ നിന്ന് പങ്കെടുത്തത് 300 പേർ

പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡൽഹിയിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരുടെ സംസ്ഥാനം തിരിച്ചുള്ള പട്ടികയും കേന്ദ്രം പുറത്തുവിട്ടു.

തമിഴ്നാട്1,500, തെലങ്കാന1,000, ആന്ധ്രപ്രദേശ് 711, അസം 456, കർണാടക 342, കേരളം 300, മഹാരാഷ്ട്ര 157,ഉത്തർപ്രദേശ് 157, ഹരിയാന 125, മധ്യപ്രദേശ് 107, ഛത്തിസ്ഗഡ്101, ഗുജറാത്ത് 93, ജമ്മു കശ്മീർ 88, ബിഹാർ 86, പശ്ചിമബംഗാൾ 73, ഝാർഖണ്ഡ് 46, ഉത്തരഖണ്ഡ് 26, രാജസ്ഥാൻ 22, ആൻഡമാൻ- നിക്കോബാർ 21, ഹിമാചൽ പ്രദേശ്17, ഒഡീശ 15, മണിപ്പൂർ 14, പഞ്ചാബ് 9,പുതുച്ചേരി 9, മേഘാലയ 7 എന്നിങ്ങനെയാണു പങ്കെടുത്തവരുടെ എണ്ണം.

തബ്‌ലീഗ് സമ്മേളനം പരിശോധന രാജ്യവ്യാപകം

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് ബാധിതരുടെ എണ്ണത്തിൽ കുത്തനെയുണ്ടായ വർധന നിസാമുദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരിൽ വൈറസ് ബാധ കണ്ടെത്തിയതു മൂലമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇന്നലെ വൈകുന്നേരം വരെയുള്ള 24 മണിക്കൂറിനിടെ 386 പേരിലാണു രാജ്യത്തു രോഗം സ്ഥിരീകരിച്ചത്. ഇതോടെ മൊത്തം കേസുകൾ 1,637 ആയി. 38 പേർ മരിച്ചു.

നിസാമുദീൻ സമ്മേളനത്തിൽ പങ്കെടുത്ത നിരവധി പേർ അവരുടെ സംസ്ഥാനങ്ങളിൽ തിരിച്ചെത്തിയിട്ടുണ്ട്. അവരിൽ പലർക്കും രോഗം സ്ഥിരീകരിച്ചു. സമ്മേളനത്തിൽ പങ്കെടുത്തവരെയെല്ലാം കണ്ടെത്താനും രോഗവ്യാപനം തടയാനുമുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരുകളോടു നിർദേശിച്ചിട്ടുണ്ട്- ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ് അഗർവാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത 1800 പേർ വിവിധ ആശുപത്രികളിലും ക്വാറന്റൈൻ കേന്ദ്രങ്ങളിലുമായി നിരീക്ഷണത്തിലുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇതിനിടെ, മാർച്ചിൽ നിസാമുദിൻ മർക്കസിൽ വന്നു പോയ എണ്ണായിരത്തോളം പേരെയും കണ്ടെത്താനുള്ള കഠിന പരിശ്രമത്തിലാണു കേന്ദ്ര- സംസ്ഥാന സർക്കാരുകൾ. ഇവർ സമ്മേളനത്തിനു ശേഷം എവിടെയൊക്കെ പോയി, ആരുമായെല്ലാം സമ്പർക്കം പുലർത്തി എന്നതു വലിയ ആശങ്കയായി നിലനിൽക്കുകയാണ്. ഇന്നലെ പുലർച്ചെ നാലു മണിയോടെ മർക്കസ് കെട്ടിടം പൂർണമായി ഒഴിപ്പിച്ചു. മൊത്തം 2,361 പേരെയാണ് കെട്ടിടത്തിൽ നിന്നു മാറ്റിയത്. ഇതിൽ 617 പേരെ കൊറോണ ലക്ഷണങ്ങളോടെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവരെ ക്വാറന്റൈനിലാക്കി. മർക്കസ് കെട്ടിടവും പരിസരവും അണുവിമുക്തമാക്കിയിട്ടുണ്ട്. മർക്കസ് തലവൻ മൗലാന സാദിനു പുറമേ മർക്കസ് കമ്മിറ്റിയിലെ അഞ്ചുപേർക്കെതിരേ കൂടി ഡൽഹി പൊലീസ് കേസെടുത്തു. പകർച്ചവ്യാധി വ്യാപനം തടയാനുള്ള സർക്കാർ നിർദേശങ്ങൾ ലംഘിച്ചുവെന്നതാണു കുറ്റം.

തമിഴ്നാട് കനിഞ്ഞു, ക്ഷീരകർഷകർക്ക് ആശ്വാസം

തിരുവനന്തപുരം: കൂടുതൽ വരുന്ന പാൽ കർഷകരിൽ നിന്ന് സംഭരിക്കാൻ വീണ്ടും മിൽമ. പാൽമപ്പൊടി നിർമാണത്തിൽ നിന്ന് തമിഴ്നാട് കമ്പനികൾ പിൻമാറിയതിനെ തുടർന്ന് കഴിഞ്ഞ ദിവസം മിൽമ സംഭരണത്തിൽ നിയന്ത്രണങ്ങൾ വരുത്തിയിരുന്നു.

ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി പളനിസ്വാമിയുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യം ഉന്നയിച്ചു. തുടർന്ന് തമിഴ്നാട് സർക്കാർ ഈ റോഡ് കമ്പനി അധികൃതർക്ക് നിർദേശം നൽകുകയായിരുന്നു. തമിഴ്നാട് പാൽ എടുക്കാമെന്നറിയിച്ചതോടെയാണ് പ്രതിസന്ധിക്ക് പരിഹാരമായത്.

മിൽയ്ക്ക് മിച്ചം വരുന്ന 1,80,000 ലിറ്റർ പാലിൽ 50,000 ലിറ്റർ പാൽപ്പൊടിയാക്കാമെന്ന് ഈറോഡിലെ ആവിൻ ഫാക്റ്ററി അറിയിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇക്കാര്യത്തിൽ ഇടപെട്ട തമിഴ്നാട് മുഖ്യമന്ത്രിക്ക് അദ്ദേഹം നന്ദി പറഞ്ഞു.

മലബാർ മേഖലയിൽ മിൽമ ഇന്നു മുതൽ 70 ശതമാനം പാൽ സംഭരിക്കും. ചർച്ചകളുടെ അടിസ്ഥാനത്തിൽ തമിഴ്നാട് ആവുന്നത്ര അളവിൽ പാൽ സ്വീകരിച്ച് പാൽപ്പൊടിയാക്കി സൂക്ഷിക്കാൻ ധാരണയായി. കൂടാതെ ആന്ധ്രയിലെ ഗുണ്ടൂരിലേക്കും പാൽ അയക്കുവാൻ ധാരണയായി. കഴിഞ്ഞ മാസം 8.5 ലക്ഷം ലിറ്റർ പാൽ മിൽമ പാൽപ്പൊടിയാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിനു പുറമെ മിൽമയുടെ പാലും മറ്റ് ഉത്പന്നങ്ങളും കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യും. ജനങ്ങൾ കൂടുതലായി പാലും പാലുത്പന്നങ്ങളും വാങ്ങണം. ഇതുമൂലം കർഷകരിൽനിന്നു കൂടുതൽ പാൽ ശേഖരിക്കാനാവും. അധികം വരുന്ന പാൽ ആംഗൻവാടികളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാംപുകളിലും നൽകാൻ നടപടി എടുക്കും.

കൊവിഡ്: നാലു മലയാളികൾ മരിച്ചു

രണ്ടു പേർ മരിച്ചത് യുഎസിൽ, ഒരാൾ ദുബായ്‌യിൽ

മുംബൈയിൽ നിരീക്ഷണത്തിലിരുന്നയാളുടെ മരണവും കൊവിഡ് മൂലം

തോമസ് ഡേവിഡ് അശോകൻ പരീദ്

കൊവിഡ് 19 ബാധിച്ച് ഇന്നലെ യുഎസിലും ദുബായ്‌യിലും മുംബൈയിലുമായി നാലു മലയാളികൾ മരിച്ചു. പത്തനംതിട്ട ഇലന്തൂർ സ്വദേശി തോമസ് ഡേവിഡ് (43), എറണാകുളം രാമമംഗലം സ്വദേശി കുഞ്ഞമ്മ സാമുവൽ (85) എന്നിവരാണു യുഎസിൽ മരിച്ചത്. തൃശൂർ കയ്പമംഗലം സ്വദേശി മൂന്നുപീടിക തേപ്പറമ്പിൽ പരീദാണ് (67) ദുബായ്‌യിൽ മരണമടഞ്ഞത്. മുംബൈയിൽ നിരീക്ഷണത്തിലിരിക്കെ മരിച്ചത് തലശേരി കതിരൂർ സ്വദേശി അശോകൻ(63).

ന്യൂയോർക്കിൽ തിവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു മരിച്ച തോമസ് ഡേവിഡ്. ന്യൂയോർക്ക് മെട്രൊപൊലിറ്റൻ ട്രാൻസ്പോർട്ട് അഥോറിറ്റി ഉദ്യോഗസ്ഥനായിരുന്നു തോമസ്. ഭാര്യയും മൂന്നു മക്കളുമുണ്ട്. ഇവർക്കു കൊവിഡ് ഇല്ലെന്നു സ്ഥിരീകരിച്ചിട്ടുണ്ട്.

വീണതിനെത്തുടർന്നു കാലിനു പരുക്കേറ്റ് ന്യൂജഴ്സി ആശുപത്രിയിൽ ചികിത്സയിലായിരുന്നു കുഞ്ഞമ്മ. ആശുപത്രിയിൽ നിന്നാണു രോഗം ബാധിച്ചതെന്നു കരുതുന്നു.

ദുബായ്‌യിൽ മരണമടഞ്ഞ പരീത് കുടുംബാംഗങ്ങൾക്കൊപ്പം അവിടെത്തന്നെയാണ് ദീർഘകാലമായി താമസം. കുടുംബാംഗങ്ങളും നിരീക്ഷണത്തിലാണ്. കബറടക്കം ദുബായ്‌യിൽ തന്നെ നടത്തുമെന്നു ബന്ധുക്കൾ.

പനിയും തൊണ്ടവേദനയുമായി വീട്ടിൽ കഴിഞ്ഞിരുന്ന അശോകൻ നാല് ദിവസം മുൻപ് മുംബൈയ ഘാട്കോപ്പർ രാജെവാഡി ആശുപത്രിയിൽ ചികിൽസ തേടിയിരുന്നു. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നതിനിടെ ആരോഗ്യം മോശമായി മരണമടയുകയായിരുന്നു. തുടർന്ന് ആശുപത്രിയിൽ നടത്തിയ പരിശോധനയിലാണ് കൊവിഡ് മൂലമാണ് മരണമെന്ന് സ്ഥിരീകരിച്ചത്. അശോകന്റെ ഭാര്യയെയും മക്കളെയും നിരീക്ഷണത്തിലേക്ക് മാറ്റി.

സ്വർണം

ഗ്രാം	- 4,000
പവൻ	- 32,000

മെട്രൊ മാധ്യം

ഡോക്റ്റർമാരുടെ കുറിപ്പടിയിൽ മദ്യം വീട്ടിലെത്തും



ടച്ചിങ്സിനും കനിവുണ്ടാകണം...!

www.facebook.com/metrovaarthaofficial

ലോക് ഡൗണിനെ മറികടക്കും, പ്രീതി ആലാപനത്തിലൂടെ

മനു ഷെല്ലി

കൊച്ചി: മറൈൻ ഡ്രൈവിനപ്പുറം സൂര്യൻ മെല്ലെ ചാഞ്ഞു തുടങ്ങിയപ്പോഴാണ് പ്രീതി ഭല്ല പാടിത്തുടങ്ങിയത്. കൂടെ മകൾ കെയ്റയും. വൈറസിനെ ചെറുക്കാനുള്ള പ്രതിരോധത്തിന്റെ അടച്ചിടലിൽ നിന്നുയരുന്ന ഈ പാട്ട് ഒരു പ്രാർഥന കൂടിയാണ്. പോപ്സിങ്ങർ മൈക്കിൾ ജാക്സന്റെ പ്രസിദ്ധമായ ഗാനം- ഹീൽ ദ വേൾഡ്.

എത്രയും വേഗം ലോകം ഈ മഹാമാരിയിൽ നിന്ന് സുഖപ്പെടട്ടെയെന്നും ഞാനും നിങ്ങളും ഉൾപ്പെടുന്ന മാനവരാശിക്ക് ജീവിക്കാനായി നല്ലൊരിടം ഉണ്ടാവട്ടെയെന്നും പാടുകയാണ് പ്രീതയും മകളും. ലോകത്തിന്റെ ഏതു കോണിലിരുന്നും ഈ സംഗീത വിരുന്ന് ആസ്വദിക്കാൻ കളമൊരുക്കി മൊബൈൽ ട്രൈപോഡും ക്യാമറയുമായി പ്രീതിയുടെ ഭർത്താവ് ദീപുവും കൂടെയുണ്ട്.

പ്രീതി ഭല്ലയും മകൾ കെയ്റയും റെക്കോഡിങ്ങിൽ

ബോളിവുഡിലെ സജീവ സാന്നിധ്യമായ പ്രീതി ഭല്ല മലയാളത്തിന്റെ മരുമകളായി വന്നത് 2008ൽ. എറണാകുളം സ്വദേശിയും മുംബൈയിൽ ബിസിനസുകാരനുമായ ദീപു പോളിന്റെ ഭാര്യയായി കൊച്ചിയിലെത്തിയ പ്രീതിയെ ഒത്തിരി സ്നേഹത്തോടെയാണ് കേരളം വരവേറ്റതും. മോഹൻലാലിന്റെ 'ലൈല ഓ ലൈല' അടക്കമുള്ള സിനിമികളിൽ പ്രീതിക്ക് പാടാനായി. കേരളം തനിക്കു നൽകിയ സ്നേഹമെല്ലാം പ്രീതി തിരികെ നൽകിയത് സ്വന്തം ശബ്ദത്തിലൂടെ. 2018ൽ കുത്തിയൊലിച്ചു വന്ന പ്രളയത്തിൽ കേരളം വിറങ്ങലിച്ചു നിന്ന കാലം. മുംബൈയിൽ നിന്നു കൊച്ചിയിലെത്തിയ പ്രീതി പ്രളയബാധിത പ്രദേശങ്ങളെല്ലാം സന്ദർശിച്ചു. അന്ന് നാട്ടുകാർക്കൊപ്പം പാടി അഭിനയിച്ചു തയാറാക്കിയ മലയാളം മ്യൂസിക് ആൽബം 'മുന്നേറിടാം' ഏറെ ശ്രദ്ധ നേടിയിരുന്നു.

ലോകത്തെ സുഖപ്പെടുത്താൻ ഇപ്പോൾ വീണ്ടും പ്രീതി പാടുകയാണ്, വൈറ്റില ചോയ്സ് സ്കൂളിലെ രണ്ടാം ക്ലാസുകാരി കെയ്റ ജോർജിനൊപ്പം. ഈ ലോക്ഡൗൺ കാലത്ത് ഓരോ ദിവസവും ഓരോ പുതിയ പാട്ട് യൂട്യൂബിൽ അപ്‌ലോഡ് ചെയ്യാനാണ് അമ്മയും മകളും ഒരുങ്ങുന്നത്. മുംബൈയിലെ തിരക്കിട്ട സംഗീത ജീവിതത്തിനിടയിൽ കൊച്ചിയിലുള്ള മകളുമായി ചെലവഴിക്കാൻ ലഭിച്ച അവസരം ഭർത്താവിനും മകൾക്കുമൊപ്പം പ്രീതി ജനതയ്ക്കു സമർപ്പിക്കുന്നു.

പരീക്ഷ വെട്ടിച്ചുരുക്കി സിബിഎസ്ഇ

എട്ടു വരെ ഓൾ പ്രൊമോഷൻ

ന്യൂഡൽഹി: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ച പരീക്ഷകൾ വെട്ടിച്ചുരുക്കാൻ സിബിഎസ്ഇ തീരുമാനം. 10, 12, ക്ലാസുകളിലെ ബോർഡ് പരീക്ഷകൾ 29 പ്രധാന വിഷയങ്ങൾക്കു മാത്രമേ നടത്തൂ. തുടർ വിദ്യാഭ്യാസത്തിനു പ്രവേശനം കിട്ടാൻ അനിവാര്യമായ വിഷയങ്ങളിൽ മാത്രം പരീക്ഷ. അനുയോജ്യമായ സാഹചര്യം ഒരുങ്ങുമ്പോൾ മുൻകൂട്ടി അറിയിച്ചാവും ഈ പരീക്ഷ നടത്തുകയെന്ന് മാനവ വിഭവശേഷി മന്ത്രി രമേഷ് പൊക്രിയാൽ നിഷാങ്ക് പറഞ്ഞു. ബാക്കി വിഷയങ്ങളിൽ ബോർഡ് പരീക്ഷയുണ്ടാവില്ല. അവയുടെ അസസ്മെന്റ് സംബന്ധിച്ച് പിന്നീട് നിർദേശങ്ങളുണ്ടാവും. വിദേശ രാജ്യങ്ങളിൽ സിബിഎസ്ഇയുടെ ഇനിയുള്ള പരീക്ഷകൾ നടത്തില്ല. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങളും പിന്നാലെ അറിയിക്കും.

സൗജന്യ റേഷൻ മാസാവസാനം വരെ ലഭിക്കും

കോഴിക്കോട്: സർക്കാർ നിർദേശ പ്രകാരം 20 വരെയും എന്തെങ്കിലും കാരണവശാൽ റേഷൻ വാങ്ങാൻ കഴിയാത്തവർക്ക് ഈ മാസാവസാനം വരെയും സൗജന്യ റേഷൻ വിതരണം നടത്തുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. റേഷൻ കാർഡ് നമ്പർ പ്രകാരമുള്ള വിതരണം അഞ്ചാം തിയ്യതിക്ക് ശേഷവും തുടരും. എല്ലാ കാർഡുടമകൾക്കും നൽകാനുള്ള റേഷൻ സാധനങ്ങൾ സ്റ്റോക്കുള്ളതിനാൽ ആളുകൾ കൂട്ടമായി കടയിൽ എത്തേണ്ട ആവശ്യമില്ലെന്നും ഓഫീസർ അറിയിച്ചു.

സ്റ്റാഫ് നേഴ്സ് കൂടിക്കാഴ്ച

കോഴിക്കോട്: കാക്കൂർ ഗ്രാമപഞ്ചായത്തിലെ പി.സി പാലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നേഴ്സിനെ നിയമിക്കുന്നതിന് ഏഴിന് ഉച്ചയ്ക്ക് 12.30 ന് കൂടിക്കാഴ്ച നടത്തുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. ഫോൺ: 0495 2260232.

പരിശോധന നടത്തി

കോഴിക്കോട്: അമിതവില, കരിഞ്ചന്ത, പൂഴ്ത്തിവെയ്പു എന്നിവ തടയുന്നതിന് ജില്ലാ കലക്റ്ററുടെ നിർദേശപ്രകാരം വടകര താലൂക്ക് സപ്ലൈ ഓഫീസിൽ രൂപീകരിച്ച സ്ക്വാഡ് വടകര ടൗൺ, മാർക്കറ്റ്, ആയഞ്ചേരി, കടമേരി, താഴെ അങ്ങാടി എന്നിവിടങ്ങളിൽ പരിശോധന നടത്തി. വ്യാപാരികൾ പച്ചക്കറിയുടെ വില കുറച്ചതായി കണ്ടെത്തി.

തക്കാളിയുടെ വില 15 രൂപയും പച്ചമുളക് 40 രൂപയും ബീറ്റ്റൂട്ട് 30 രൂപയും കാരറ്റ് 40 രൂപയുമായി കുറഞ്ഞു. കോഴിയറച്ചി മൊത്ത വ്യാപാരികൾ 20 രൂപയോളം വില കുറച്ചതിനാൽ വടകരയിൽ കോഴിയിറച്ചിയുടെ വില 100 രൂപയായി കുറഞ്ഞു.

മാസ്ക്കുകൾ നൽകി

കോഴിക്കോട്: ജില്ലയിൽ കൊറോണ പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റി 2000 ട്രിപ്പിൾലെയർ മാസ്ക്കുകൾ നൽകി.മാസ്ക്കുകൾക്ക് ക്ഷാമം നേരിടുന്നതായ വാർത്തയെ തുടർന്നാണ് നടപടി. കെ.ജി.ഒ.യു കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് ഡോ. യു.എസ്. ജിജിത്ത് ജില്ലാ കലക്റ്റർക്ക് കൈമാറി. ജില്ലാ സെക്രട്ടറി കെ,പി രാജൻ, എ. അസ്മത്തുള്ളഖാൻ, ബേബി നാപ്പള്ളി തുടങ്ങിയവർ പങ്കെടുത്തു.

കൊവിഡ് ചികിത്സ പൂർണമായി മെഡിക്കൽ കോളേജിലേക്കു മാറ്റി

കോഴിക്കോട്: കോഴിക്കോട് ബീച്ച് ആശുപത്രിയിൽ ലഭ്യമായിരുന്ന കൊവിഡ് 19 ചികിത്സ പൂർണമായി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ജയശ്രീ വി. അറിയിച്ചു. നേരത്തെ ബീച്ച് ആശുപത്രിയിൽ ലഭിച്ചു കൊണ്ടിരുന്ന മറ്റെല്ലാ ചികിത്സകളും തുടർന്ന് ലഭിക്കുന്നതാണെന്നും പൊതുജനങ്ങൾ ഇത് ഉപയോഗപ്പെടുത്തണമെന്നും ഡി.എം.ഒ അറിയിച്ചു.

സൗജന്യ അരിവാങ്ങാനായി കോഴിക്കോട് വട്ടക്കിണർ റേഷൻകടയിലെത്തിയവർ

രോഗികൾക്ക് ആശ്വാസമായി ഡോക്റ്റർമാരുടെ നവമാധ്യമ സേവനം

കോഴിക്കോട്: കൊവിഡ് 19 ഭീതി കാരണം ജനങ്ങൾ ആശുപത്രികളിൽ പോകാൻ മടിക്കുന്ന സാഹചര്യത്തിൽ ഡോക്റ്റർമാരുമായി ടെലി കൗൺസിലിങിനും വാട്സ്ആപ്പിൽ നിർദേശങ്ങൾ തേടാനും സൗകര്യമൊരുക്കി ഡോക്റ്റർമാരുടെ കൂട്ടായ്മകളും ആശുപത്രികളും രംഗത്ത്. സംഘടനകളുടെ ബാനറിലും അല്ലാതെയും ഡോക്റ്റർമാർ പൊതുജനങ്ങൾക്ക് വാട്ട്സ്ആപ്പിലൂടെ ഉപദേശ നിർദേശങ്ങൾ നൽകുന്നുണ്ട്. കൊവിഡ് 19 ചികിത്സയും പ്രതിരോധ പ്രവർത്തനങ്ങളും നിറഞ്ഞു നിൽക്കുമ്പോൾ മറ്റ് പല വിധ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക് ഏറെ ആശ്വാസകരമാണ് ഡോക്റ്റർമാരുടെ വാട്ട്സ് ആപ്പ്സേവനം.കുറ്റ്യാടി റോട്ടറി ക്ലബിലെ അംഗങ്ങളായ സോക്റ്റർമാർ ചേർന്ന് ഇത്തരമൊരു സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഫോണിലൂടെയും വാട്ട്സ് ആപ്പിലൂടെയും ആവശ്യക്കാർക്ക് ഉപദേശ- നിർദേശങ്ങൾ തേടാം. വിവിധ വിഭാഗം ഡോക്റ്റർമാരുടെ സേവനം വാട്ട്സ് ആപ്പിലുടെ ലഭ്യമാണ്. നൂറു കണക്കിനാളുകൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുമുണ്ട്.സംഘടനകളുടെ ബാനറില്ലാതെ ഉപദേശ നിർദേശങ്ങൾ ഫോണിലും വാട്ട്സ് ആപ്പിലും നൽകുന്ന ഡോക്റ്റർമാരുണ്ട്. സ്ഥിരമായി ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സ മുടങ്ങാതിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആശുപത്രികൾ സോഷ്യൽ മീഡിയയുടെ സാധ്യത ഉപയോഗപ്പെടുത്തുന്നത്. ഇതോടൊപ്പം ചില ആശുപത്രികൾ ആളുകൾക്ക് ഉപദേശ നിർദേശങ്ങൾ തേടാൻ പൊതുവായ വാട്ട്സ് ആപ്പ് നമ്പറുകളും നൽകുന്നു. രോഗപ്രതിരോധ ശേഷി കുറഞ്ഞവരെയാണ് കൊറോണ വൈറസ് ഗുരുതരമായി ബാധിക്കുകയെന്നതിനാൽ സ്ഥിരമായി ചികിത്സ തേടുന്ന അത്തരത്തിലുള്ളവരിൽ ഭൂരിഭാഗവും ഹോസ്പിറ്റലിലേക്ക് പോയി ചികിത്സ തേടുന്നത് നിർത്തിയിരിക്കുകയാണ്.നേരത്തെ ചികിത്സ തേടിയതിന്റെ ശീട്ടിനൊപ്പം ഇന്നത്തെ അവസ്ഥയും അതോടൊപ്പം മറ്റെന്തെങ്കിലും റിപോർട്ട് ഉണ്ടെങ്കിൽ അതും വാട്ട്സ് ആപ്പ് ചെയ്യാനാണ് ആശുപത്രികൾ ആവശ്യപ്പെടുന്നത്. കോഴിക്കോട്ടെ മിംസ്, വടകരയിലെ സിഎം തുടങ്ങി നിരവധി ആശുപത്രികൾ ഇങ്ങനെ രോഗികൾക്ക് ചികിത്സാ നിർദേശങ്ങൾ നൽകുന്നുണ്ട്. സാമൂഹിക അകലം പാലിക്കുകയെന്നത് കൊവിഡ് 19 പടരുന്നതിനെ പ്രതിരോധിക്കുന്നതിനുള്ള പ്രധാന കാര്യമാവുമ്പോൾ തന്നെ സ്ഥിരമായി ചികിത്സ നൽകിയവർക്ക് അത് തുടർന്നും ലഭ്യമാക്കുക എന്നതും ഏറെ പ്രധാനമാണെന്ന് ആശുപപത്രി അധികൃതർ പറയുന്നു. കൊവിഡ് 19 കേരളത്തിൽ റിപോർട്ട് ചെയ്തത് മുതൽ ആശുപത്രികളിലെ തിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. രോഗികൾ കുറവായതിനാൽ പല ഡോക്റ്റർമാരും രോഗികളെ നോക്കുന്ന സമയം വെട്ടിക്കുറച്ചിട്ടുമുണ്ട്.

തിരുരങ്ങാടി പൊലീസ് സ്റ്റേഷനിൽ മൊയ്തീൻ മുന്നിയുർ മാസ്ക് ബോക്സ് കൈമാറുന്നു

മാസ്ക് വിതരണം ചെയ്തു.തിരുരങ്ങാടി: ലൈഫ് കെയർ മെഡിക്ലിനിക്കും ഹിനിക് സ് ഫൗണ്ടേഷനും സംയുക്തമായി തിരുരങ്ങാടി, വേങ്ങര പൊലീസ് സ്റ്റേഷനുകളിൽ മാസ്കുകൾ വിതരണം ചെയ്തു. മൊയ്തീൻ മൂന്നിയൂർ, മൂ ഹമ്മദ് സഹീർ, സലീം വടക്കൻ, ഉസ്മാൻകാച്ചടി, ഷാഫി എന്നിവർ പങ്കെടുത്തു.

കോഴിക്കോട് നിരീക്ഷണത്തിലുള്ളത് 21,485 പേർ; ഒരാൾക്ക് അസുഖം ഭേദമായി

കോഴിക്കോട്: കൊവിഡ് 19 മായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ആകെ 21,485 പേർ നിരീക്ഷണത്തിലുള്ളതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി ജയശ്രീ അറിയിച്ചു. മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള 23 പേരാണ് ആകെ ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 9 പേർ ഇന്ന് പുതുതായി അഡ്മിറ്റായവരാണ്. 11 സ്രവസാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 268 സാമ്പിളുകൾ പരിശോധനയ്ക്കയച്ചതിൽ 254 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ കിഴക്കോത്ത് സ്വദേശിനിയായ സ്ത്രീയെ അസുഖം ഭേദമായി ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇതോടെ അഞ്ച് കോഴിക്കോട് സ്വദേശികളുടെ പോസിറ്റീവ് കേസുകളാണ് ജില്ലയിൽ അവശേഷിക്കുന്നത്. ഇന്നും ജില്ലയിൽ പുതിയ പോസിറ്റീവ് കേസുകളില്ല. ഇനി 14 പേരുടെ പരിശോധന ഫലം കൂടി ലഭിക്കാൻ ബാക്കിയുണ്ട്. ആരോഗ്യ വകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് ഡയറക്റ്ററും ജില്ലയിലെ പ്രധാന ആശുപത്രി സൂപ്രണ്ടുമാർ, സാമൂഹ്യ ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർമാർ എന്നിവരുമായി നടത്തിയ വീഡിയോ കോൺഫറൻസിലൂടെ കൊവിഡ്19 മായി ബന്ധപ്പെട്ട് സ്ഥാപനങ്ങളിൽ സജ്ജമാക്കിയ ക്രമീകരണങ്ങൾ വിലയിരുത്തുകയും നടപ്പിലാക്കേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കോൺഫറൻസിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി., ജില്ലാ സർവ്വൈലൻസ് ഓഫീസർ ഡോ. ആശാദേവി, ഡി.പി.എം. ഡോ. നവീൻ.എ. എന്നിവർ പങ്കെടുത്തു. മാനസിക സംഘർഷം കുറയ്ക്കുന്നതിനായി ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ മെന്റൽ ഹെൽത്ത് ഹെൽപ്പ് ലൈനിലൂടെ 16 പേർക്ക് ഇന്ന് കൗൺസിലിംഗ് നൽകി. കൂടാതെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 201 പേർ ഫോണിലൂടെ സേവനം തേടി. സോഷ്യൽ മീഡിയയിൽ കൂടിയുള്ള ബോധവൽക്കരണം തുടർന്ന് വരുന്നു.

വഴിതെറ്റിയ ഇതരസംസ്ഥാന തൊഴിലാളികൾക്ക് സംരക്ഷണം

തിരൂരങ്ങാടി: രാജ്യത്ത് കൊവിഡ് 19 നെ തുടർന്ന് ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ വഴിതെറ്റിയ ഇതരസംസ്ഥാന തൊഴിലാളിക്ക് സംരക്ഷണം ഒരുക്കി തിരൂരങ്ങാടി പൊലീസ്. ഉത്തരാഖണ്ഡ് ഡെറാഡൂൺ സ്വദേശിയായ ഇമ്രാൻ അഹമ്മദ് ജോലിതേടി ആഴ്ചകൾക്ക് മുമ്പാണ് നാട്ടിലെത്തിയത്. സ്വന്തമായി റൂം ഇല്ലാത്തതിനാൽ റെയിൽവേ സ്റ്റേഷനിലും മറ്റുമാണ് കിടന്നിരുന്നത്. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ ഭക്ഷണത്തിനുള്ള കയ്യിലെ കാശ് കഴിഞ്ഞതോടെ ചെമ്മാട് നടന്നിരുന്ന ഇദ്ദേഹത്തെ പെട്രോളിംഗ് നടത്തുന്ന തിരൂരങ്ങാടി ജനമൈത്രി ബീറ്റ് ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതരസംസ്ഥാന തൊഴിലാളിക്ക് വേണ്ട ഭക്ഷണം വാങ്ങി കൊടുക്കുകയുണ്ടായി. ഇതരസംസ്ഥാന തൊഴിലാളിയുടെ ജേഷ്ഠൻ എറണാകുളത്താണെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചു. തുടർന്ന് തിരൂരങ്ങാടി എസ്ഐ പി കെ അഹമ്മദ് കുട്ടി ജനമൈത്രി ബീറ്റ് ഓഫീസർമാരായ സി ശിവൻ, പി നിഖിൽ കൃഷ്ണൻ, പി വി രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ ലോക്ക് ഡൗൺ അവസാനിക്കുന്നതുവരെ കൊണ്ടോട്ടി ജി എം എൽ പി സ്കൂളിലെ താൽക്കാലിക ഷെൽട്ടർ ഹോമിലേക്ക് മാറ്റി.

50 ലക്ഷം നൽകും

കോഴിക്കോട്: കൊവിഡ്19 ജാഗ്രതയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50 ലക്ഷം രൂപ നൽകുമെന്ന് പ്രസിഡന്റ് ബാബു പറശ്ശേരി അറിയിച്ചു.

സർവീസിൽ നിന്ന് വിരമിച്ച മഞ്ചേരി യൂണിറ്റി വിമൻസ് കോളെജ് സൂപ്രണ്ട് പി എം നൗഷബീഗം

പെരുവണ്ണാമൂഴി പൊലീസ് പിടിച്ചെടുത്ത വാറ്റ് നശിപ്പിക്കുന്നു

വ്യാജവാറ്റിനെതിരേ കർശന നടപടിയുമായി പെരുവണ്ണാമൂഴി പൊലീസ്

പേരാമ്പ്ര : ലോക് ഡൗൺ തുടങ്ങിയതോടെ നാടെങ്ങും വ്യാജവാറ്റും സജീവം. വ്യാജവാറ്റിനെതിരെ കർശന നടപടിയുമായി പെരുവണ്ണാമൂഴി പൊലീസും രംഗത്ത്. ലോക് ഡൗണിന്റെ ഭാഗമായി പൊതുനിരത്തുകളിൽ പൊലീസിന്റെ കർശന പരിശോധന നടക്കുന്നതിനിടയിലും വ്യാജവാറ്റിനെതിരെയും പൊലീസ് ശക്തമായി രംഗത്ത്. പെരുവണ്ണാമൂഴി ഇൻസ്പക്റ്റർ ഓഫ് പൊലീസ് പി. രാജേഷിന്റെ നേതൃത്വത്തിൽ തുടർച്ചായായ അഞ്ചാം ദിവസവും വ്യാജവാറ്റ് പിടികൂടി. സ്റ്റേഷൻ പരിധിയിലെ മലയോരമേഖലകളായ പ്രേദശങ്ങളിലാണ് വ്യാജവാറ്റ് കൂടുതലായും നടക്കുന്നത്. യുവജന സംഘടനകളും മറ്റും നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പൊലീസ് റെയ്ഡ് നടത്തുന്നത്. ഇന്ന് കൂത്താളി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ പേരാമ്പ്ര ഭാഗത്ത് നടത്തിയ റെയ്ഡിലാണ് 40 ലിറ്റർ വാഷും വാറ്റ് ഉപകരണങ്ങളും പിടിച്ചെടുത്തത്. ഇവിടെ ഭജന മഠത്തിന് സമീപം പുത്തൻപുരയിൽ മീത്തൽ ഭാഗത്ത് ആളൊഴിഞ്ഞ കാടുപിടിച്ചു കിടക്കുന്ന പറമ്പിൽ നിന്നാണ് ഇവ കണ്ടെത്തിയത്. ഇൻസ്പക്റ്റർ ഓഫ് പൊലീസ് പി. രാജേഷ്, സബ് ഇൻസ്പക്റ്റർ വി. സതീശൻ, എഎസ്ഐമാരായ എം. രാജീവൻ, ബാലകൃഷ്ണൻ, ഡ്രൈവർ ജയകൃഷ്ണൻ എന്നിവരാണ് പരിശോധനയിൽ പങ്കെടുത്തത്. വാറ്റ് ഉപകരണങ്ങൾ കസ്റ്റഡിയിൽ എടുക്കുകയും വാഷ് നശിപ്പിക്കുകയും ചെയ്തു.

നൈപുണി വികസന പദ്ധതിയുമായി ജില്ല എൻ എസ് എസ്

ജൈവ കൃഷിയിലേർപ്പെട്ടിരിക്കുന്ന വിദ്യാർഥികൾ

ബാലുശേരി: കൊറോണ കാലത്തെ അതിജീവിക്കുന്നതിനായി ശാരീരിക അകലം പാലിച്ച് സാമൂഹ്യ ഒരുമയോടെ വീടുകളിൽ കഴിയുന്ന വിദ്യാർഥികൾക്ക് നൈപുണി വികസത്തിന് അവസരമൊരുക്കി ജില്ല എൻഎസ്എസ്സെൽ. വീട്ടിലെ വിരസത മാറ്റുന്നതിനായി പുതിയ നൈപുണികൾ രക്ഷിതാക്കളുടെ സഹായത്തോടെ വിദ്യാർഥികൾ നേടിയെടുക്കും. പാചകം, തയ്യൽ, ശുചീകരണ സാധനങ്ങളുടെ നിർമാണം, ജൈവ കൃഷി, പൂന്തോട്ട നിർമാണം , ജൈവ വളങ്ങളുടെയും കരകൗശല വസ്തുക്കളുടെ നിർമാണം, പെയിന്റിംഗ്, മത്സ്യം വളർത്തൽ, ഔഷധത്തോട്ട നിർമാണം, നാട്ടറിവ് ശേഖരണം എന്നീ മേഖലകളിൽ കുട്ടികൾ പ്രാവീണ്യം നേടും .വീടുകളിൽ അമ്മമാരുടെ നേതൃത്വത്തിൽ മാസ്കുകൾ നിർമിച്ച് ആരോഗ്യ പ്രവർത്തകർക്ക് കൈമാറും. ജില്ലയിലെ 139 എൻഎസ്എസ് യൂണിറ്റുകളിലെ 13900 വളണ്ടിയർമാർ അവരുടെ കുടുംബാംഗങ്ങളോടൊപ്പം വീടുകൾ ശുചീകരിക്കും. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് ജില്ല തലത്തിൽ സമ്മാനം നൽകും. പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം ഓൺലൈനിലൂടെ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി നിർവ്വഹിച്ചു. എൻ എസ് എസ് ജില്ലാ കോ ഓർഡിനേറ്റർ എസ് ശ്രീചിത്ത് , ക്ലസ്റ്റർ കൺവീനർമാരായ എം സതീഷ്കുമാർ , റഫീക്ക് കെ.എൻ , മിനി എ.പി, ഫൈസൽ എം. കെ എന്നിവർ പദ്ധതിക്ക് നേതൃത്വം നൽകുന്നു.

ദുരിതാശ്വാസം: വടക്കുമ്പാട് എച്ച്എസ്എസ് 38,65 ലക്ഷം നൽകും

പേരാമ്പ്ര: കോവിഡ്- 19 മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വടക്കുമ്പാട് ഹയർ സെക്കണ്ടറി സ്കൂളിലെ മഴുവൻ അധ്യാപകരും ജീവനക്കാരും ഒരു മാസത്തെ ശമ്പളം നൽകും. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ ഒരു മാസത്തെ വരുമാനമടക്കം 38.65 ലക്ഷം രൂപ സംഭാവന ചെയ്യുന്നതിനുള്ള സമ്മതപത്രം തൊഴിൽ- എക്സൈസ് മന്ത്രി ടി.പി രാമകൃഷ്ണനന് അയച്ചു കൊടുത്തു. ജീവനക്കാരുടെ ശമ്പളം 37,87,751 രൂപയും മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ വക 77,325 രൂപയുമാണുണ്ടാവുക. മാനേജർ കെ.വി കുഞ്ഞിക്കണ്ണൻ, പ്രിൻസിപ്പൽ ആർ.ബി കവിത, പ്രധാനാധ്യാപകൻ കെ.എം അബ്ദുള്ള, സ്റ്റാഫ് സെക്രട്ടറി വി.ടി രതി എന്നിവർ ഇടപെട്ട് നടത്തിയ കൂടിയാലോചനയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

കിറ്റ് വിതരണം ചെയ്തു

തേഞ്ഞിപ്പലം : ലോക് ഡൗൺ കാരണം ജോലിക്ക് പോകാൻ സാധിക്കാത്ത 150ൽ പരം വീടുകളിലേക്ക് അത്യാവശ്യ സാധനങ്ങൾ എല്ലാം ഉൾപെടുത്തി കിറ്റ് വിതരണം നടത്തി.പള്ളിക്കൽ പഞ്ചായത്ത് പതിനഞ്ചാം വാർഡ് മുസ്‌ലിം യുത്ത് ലീഗ് കമ്മറ്റിയുടെ നേതൃത്വത്തിലാണ് മാതൃകാപരമായ റിലീഫ് വിതരണം നടന്നത്.രണ്ട് ലക്ഷത്തോളം ചിലവു വരുന്ന റിലീഫ് കിറ്റ് പ്രയാസമനുഭവിക്കുന്നവരിലേക്ക് എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് നേരിട്ട് എത്തിച്ചു നൽകി.കെ പി മുസ്തഫ തങ്ങൾ ഉദ്ഘാടനം ചെയ്തു.കോവിഡ് കാരണം ഇവിടെ കുടുംബനാഥന്മാർ ജോലിക്ക് പോവാത്തതിനാൽ കുടുംബം പ്രയാസപ്പെടുന്നത് കണക്കിൽ എടുത്തതാണ് യൂത്ത് ലീഗ് റിലീഫിനു മുന്നിട്ടിറങ്ങിയത്.സി.അസീസ്, എം.അബ്ദുൽ ഖാദർ, കെ.ലിയാഖത്തി, മുസ്തഫ പള്ളിക്കൽ, കെ.ടി. ഫിറോസ്, കെ.മുജീബ്, സി.കെ അബ്ബാസ്, സി.സുബൈർ, കെ. ഹസൻ, ടി.അഷ്റഫ് ടി, ജാഫർ അലി, എ.പി നൗഫൽ, ജുനൈസ്, സി.കെ ബഷീർ എന്നിവർ നേതൃത്വം നൽകി.

താഴെ ചേളാരിയിൽ റേഷൻ വാങ്ങാനായി സഞ്ചികൾ വരിയായി വെച്ചപ്പോൾ

റേഷൻ സഞ്ചികൾ വരിയിൽ വച്ച് മാതൃകയായി

തേഞ്ഞിപ്പലം : മൂന്നിയൂർ പഞ്ചായത്തിലെ താഴെ ചേളാരി റേഷൻ കടയിൽ റേഷൻ വാങ്ങാനെ ത്തിയവരുടെ സഞ്ചികൾ വരിയായ് വച്ചത് മാതൃകയായ്. റേഷൻ വാങ്ങാൻ എത്തിയവർ സഞ്ചി വരിയിൽ വെച്ച് മാറി നിന്നു. ഷൻ കാർഡ് ഉടമയെ വിളിക്കുന്ന മുറയ്ക്ക് റേഷൻ വാങ്ങിക്കുന്ന രീതിയാണ് നടന്നത്. ഇത് തിക്കും തിരക്കും ഒഴിവാക്കാൻ ഏറെ സഹായകരമായി .ഇത് ഏറെ മാതൃക പരമാണെന്നഭിപ്രായം.

ദേശീയ പാത പടിക്കൽ അ ങ്ങാടിയിലെ റേഷൻ കടയിൽ നിശ്ചിത അകലം പാലിക്കാതെ ക്യു വിൽ നിൽക്കുന്ന കാർഡുടമകൾ

സർക്കാർ നിർദ്ദേശം ലംഘിച്ച് റേഷൻ കടകളിൽ ജനങ്ങൾ

തേഞ്ഞിപ്പം: മൂന്നിയൂർ പഞ്ചായത്തിലെ ദേശീയപാത പടിക്കൽ - അങ്ങാടിയിലെ റേഷൻ കടയിൽ സർക്കാർ നിർദ്ദേശം ലംഘിച്ച് റേഷൻ വിതരണം ചെയ്തതായി ആക്ഷേപം. റേഷൻ വാങ്ങാൻ വരുന്നവർ കൂട്ടം കൂടാനോ നിശ്ചിതം അകലം പാലിക്കണമെന്ന സർക്കാറിന്റെ കർശന നിർദ്ദേശമാണ് ലംഘിക്കപ്പെട്ടിരിക്കുന്നത്. റേഷൻ വാങ്ങാൻ എത്തിയവർ നിശ്ചിത അകലം പാലിക്കാതെ അടുത്തടുത്ത് മാസ്കോ മറ്റ് സുരക്ഷാ കവചങ്ങളോ ധരിക്കാതെ നീണ്ട നിരയായി നിന്നാണ് റേഷൻ വാങ്ങിയതെന്ന് ആരോപണം. സർക്കാറിന്റെ സന്നദ്ധ വളണ്ടിയർ ഗ്രൂപ്പിൽ രജിസ്റ്റർ ചെയ്ത വൊളന്റിയർമാരല്ല ഇവിടെ റേഷൻ വിതരണത്തിന് സ ഹായിക്കാനെത്തിയതെന്നും നാട്ടുകാർ വ്യക്തമാക്കിയത്. റേഷൻ വാങ്ങാനെത്തുന്ന ഗുണ ഭോക്താക്കൾക്ക് മണിക്കൂറുകളോളം നിശ്ചിത അകലം പാലിക്കാതെ ക്യൂവിൽ നിൽക്കേണ്ട അവസ്ഥയാണുണ്ടായത്. ഇവിടെ റേഷൻ വിതരണം കുറച്ചു കൂടി ലഘൂകരിക്കണമെന്നാണ് ഗുണഭോക്താക്കളുടെ ആവശ്യം.

കോഴിക്കോട് നഗരത്തിലെ തെരുവ് നായക്കൾക്ക് ഭക്ഷണം നൽകിയപ്പോൾ

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 92 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

പൃഥ്വിരാജിനും സംഘത്തിനും വിസ നീട്ടി നൽകും

തിരുവനന്തപുരം: ബെന്യാമിന്റെ ആടുജീവിതം നോവലിനെ ആസ്പദമാക്കി ബ്ലെസി സംവിധാനം ചെയ്യുന്ന സിനിമയുടെ ഷൂട്ടിംഗിനായി ജോർദാനിലുള്ള നടൻ പൃഥിരാജ് ഉൾപ്പെടെയുള്ള സിനിമാ പ്രവർത്തകരുടെ വിസാ കാലാവധി നീട്ടി നൽകും. മന്ത്രി എ.കെ. ബാലൻ കേന്ദ്രമന്ത്രി വി. മുരളീധരനുമായി ബന്ധപ്പെട്ടാണു വിസാ കാലാവധി നീട്ടാൻ നടപടിയാക്കിയത്. അഭിനേതാക്കളും സിനിമയുടെ അണിയറ പ്രവർത്തകരും ആശങ്കപ്പെടേണ്ടതില്ലെന്നും സാധ്യമായ എല്ലാ സഹായങ്ങളും സർക്കാർ ലഭ്യമാക്കുമെന്നും മന്ത്രി ബാലൻ.

സിനിമാ പ്രവർത്തകരുടെ പ്രശ്നം പരിഹരിക്കാമെന്നറിയിച്ച് ജോർദാനിലെ ഇന്ത്യൻ എംബസിയുടെ ഇ-മെയിൽ സന്ദേശം ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ മാധ്യമ പ്രവർത്തകരോടു പറഞ്ഞു. വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

വിസാകാലാവധി തീരുന്നതുമായി ബന്ധപ്പെട്ട ആശങ്ക അണിയറപ്രവർത്തകർ പങ്കുവച്ചിരുന്നു. രാജ്യാന്തര വിമാനങ്ങളെല്ലാം റദ്ദു ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നാട്ടിലേക്ക് എത്തിക്കുകയെന്നത് തൽക്കാലം പ്രാവർത്തികമല്ല. അതുകൊണ്ട് തന്നെ വിസാകാലാവധി നീട്ടിക്കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി അറിയിച്ചിട്ടുണ്ടെന്നു മന്ത്രി ബാലൻ.

ആടുജീവിതം സിനിമയുടെ അണിയറപ്രവർത്തകർ ജോർദാനിൽ കുടുങ്ങി. സംവിധായകൻ ബ്ലസിയും നടൻ പൃഥിരാജും അടക്കമുള്ള 58 സംഘമാണ് ഇവിടെയുള്ളത്. ജോർദാനിലെ വാദിറമ്മിലെ ആടുജീവിതം ഷൂട്ടിങ് നിർത്തിവച്ചു.

സ്ഥിതിഗതികൾ വിവരിച്ച് ബ്ലെസി ഫിലിം ചേംബറിന് കത്തയച്ചതോടെയാണ് സംഘം കുടുങ്ങിയതായി വിവരം ലഭിച്ചത്. ഫിലിം ചേംബർ മുഖ്യമന്ത്രിയുടെ ഓഫീസിൽ വിവരമറിയിക്കുകയും സഹായം അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് 19 രോഗബാധയ്ക്കിടയിലും ജോർദാനിലെ ഷൂട്ടിങ്ങുമായി മുന്നോട്ടുപോയ സംഘത്തിന് ജോർദാൻ എംബസിയുടെ സഹായം ലഭിച്ചിരുന്നു.

ഏപ്രിൽ എട്ടിന് ഇവരുടെ വീസ കാലാവധി അവസാനിക്കും. പൃഥിരാജ് അവിടത്തെ അവസ്ഥയെ കുറിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തിരുന്നു.

എല്ലാവർക്കും നമസ്കാരം. ദുഷ്കരമായ സമയങ്ങളിൽ എല്ലാവരും സുരക്ഷിതരായിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെന്ന് കരുതുന്നു. 24/03/2020 ന് ജോർദാനിലെ ആടുജീവത്തിന്റെ ചിത്രീകരണം നിലവിലെ സാഹചര്യങ്ങൾ കാരണം താത്കാലികമായി നിർത്തിവച്ചു. ഞങ്ങളുടെ സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം, വാഡി റം മരുഭൂമിയുടെ പരിധിക്കുള്ളിൽ ഞങ്ങളുടെ യൂണിറ്റ് ഒറ്റപ്പെട്ടതാണെന്നും സുരക്ഷിതമായി പ്രവർത്തിക്കുന്നുണ്ടെന്നും അധികാരികൾക്ക് ബോധ്യപ്പെട്ടു, അതിനാൽ ഞങ്ങൾ ചിത്രീകരണവുമായി മുന്നോട്ടുപോയി. നിർഭാഗ്യവശാൽ, താമസിയാതെ, ജോർദാനിൽ മുൻകരുതൽ നടപടിയായി നിയന്ത്രണങ്ങൾ അധികമാക്കി.

അതിന്റെ ഫലമായി 27/03/2020 ന് ഞങ്ങളുടെ ഷൂട്ടിങ് അനുമതി റദ്ദാക്കി. തുടർന്ന് ഞങ്ങളുടെ ടീം വാദി റമിലെ മരുഭൂമി ക്യാമ്പിൽ താമസിക്കുകയായിരുന്നു. സാഹചര്യം കാരണം ഷൂട്ടിങ് പുനരാരംഭിക്കാൻ ഉടനടി അനുമതി ലഭിക്കില്ലെന്നും അതിനാൽ ലഭ്യമായ ആദ്യത്തെ അവസരത്തിൽ ഇന്ത്യയിലേക്ക് മടങ്ങുകയെന്നതാണ് ഞങ്ങളുടെ അടുത്ത മികച്ച ഓപ്ഷൻ എന്നും ഞങ്ങളോട് പറഞ്ഞിരുന്നു. ഏപ്രിൽ രണ്ടാം വാരം വരെ വാദി റമിൽ താമസിക്കാനും ചിത്രീകരിക്കാനും ഞങ്ങൾ ആദ്യം പദ്ധതിയിട്ടിരുന്നതിനാൽ, ഞങ്ങളുടെ താമസവും ഭക്ഷണവും സാധനങ്ങളും പ്രശ്നമല്ല. എന്നാൽ വ്യക്തമായും, ആ ടൈംലൈനിനപ്പുറം എന്ത് സംഭവിക്കുന്നു എന്നത് ആശങ്കാജനകമാണ്.

ഞങ്ങളുടെ ടീമിൽ ഒരു ഡോക്റ്റർ ഉണ്ട്, അവർ ഓരോ 72 മണിക്കൂറിലും ഓരോ ക്രൂ അംഗത്തിനും വൈദ്യപരിശോധന നടത്തുന്നു, കൂടാതെ സർക്കാർ നിയോഗിച്ച ജോർദാനിയൻ ഡോക്റ്റർ ഇടയ്ക്കിടെ പരിശോധനകൾക്കും വിധേയരാക്കുന്നു.

ലോകമെമ്പാടുമുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, 58 അംഗങ്ങളുള്ള ഞങ്ങളുടെ ടീം ഇപ്പോൾ നാട്ടിലേക്ക് മടങ്ങുന്ന കാര്യം അധികാരികളുടെ ഏറ്റവും വലിയ ആശങ്കയായിരിക്കില്ലെന്ന് ഞങ്ങൾ പൂർണമായും മനസിലാക്കുന്നു. എന്നാൽ ബന്ധപ്പെട്ട എല്ലാവരേയും സാഹചര്യത്തെക്കുറിച്ച് അറിയിക്കുകയും അവ അപ്ഡേറ്റ് ചെയ്യുകയും ചെയ്യേണ്ടത് ഞങ്ങളുടെ കടമയാണെന്നും ഞങ്ങൾക്ക് തോന്നി.

ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ഇന്ത്യക്കാർ നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്നു, ഉചിതമായ സമയവും അവസരവും എത്തുമ്പോൾ ഞങ്ങൾക്ക് ഇന്ത്യയിലേക്ക് മടങ്ങാനും കഴിയുമെന്ന് കരുതുന്നു.

അതുവരെ, നിങ്ങൾ എല്ലാവരും സുരക്ഷിതരായിരിക്കുമെന്ന് ഞാൻ കരുതുന്നു, ഒപ്പം ജീവിതം ഉടൻ സാധാരണ നിലയിലാകുമെന്ന് കൂട്ടായി പ്രത്യാശിക്കുകയും പ്രാർഥിക്കുകയും ചെയ്യാം.

ഇരു കൊറിയകളും ഒന്നാകുന്ന ആസ് വൺ

സ്ട്രീം ടുഡേ

നീതു ചന്ദ്രൻ

കാലങ്ങളോളമായി ശത്രുക്കളായിരുന്ന രണ്ട് രാഷ്ട്രങ്ങൾ... ദക്ഷിണ കൊറിയയും ഉത്തരകൊറിയയും... കായിക മത്സരങ്ങളിൽ പോലും ശത്രുരാജ്യത്തെ പരാജയപ്പെടുത്തുക എന്ന ഒറ്റ ലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ടാണ് ഇരു രാജ്യങ്ങളിലെയും താരങ്ങളുടെ കായികപരിശീലനം പോലും.

അങ്ങനെ ചിന്തകൾ കൊണ്ടു പോലും പോരടിച്ചു നിന്നിരുന്നവരെയെല്ലാം അദ്ഭുതപ്പെടുത്തിക്കൊണ്ട് ഇരുരാജ്യങ്ങളിലെയും ഭരണാധികാരികൾ ശത്രുത മറന്ന് ഒന്നാകുന്നു. ഇനി മുതൽ ഒപ്പമാണെന്ന സന്ദേശം എല്ലാവരിലേക്കെത്തുന്നതിനായി ഏഷ്യൻ ഗെയിംസിൽ ഒരുമിച്ച് ഒരൊറ്റ ടീമായി മത്സരിക്കുകയെന്നതായിരുന്നു ഭരണാധികാരികൾ കണ്ടെത്തിയ എളുപ്പമാർഗം... ആ രാഷ്ട്രീയ തീരുമാനം ഇരു രാജ്യങ്ങളിലെയും കായികതാരങ്ങളെ കൊണ്ടെത്തിക്കുന്ന സംഘർഷാവസ്ഥയിലേക്കാണ് ആസ് വൺ എന്ന കൊറിയൻ സിനിമ വെളിച്ചം വീശുന്നത്.

1987ലെ കൊറിയൻ ഉച്ചകോടിക്കു ശേഷം ലോകത്തെ മുഴുവൻ അദ്ഭുതപ്പെടുത്തിക്കൊണ്ട് അരങ്ങേറിയ യഥാർഥ സംഭവമാണ് സംവിധായകൻ ആസ് വൺ എന്ന സിനിമയാക്കി മാറ്റുന്നത്.

1991 ൽ നടന്ന WTTC ൽ ചരിത്രത്തിൽ ആദ്യമായി നോർത്ത് കൊറിയയും സൗത്ത് കൊറിയയും കൂടി ഒരുമിച്ച് ഒരു ടൂം രൂപവത്കരിക്കുകയും ചാംപ്യൻഷിപ്പിൽ മത്സരിച്ച് ചൈനയെ പരാജയപ്പെടുത്തി സ്വർണം നേടി.

പരസ്പരം ശത്രുക്കളായി മാത്രം കണ്ടിട്ടുള്ള രണ്ട് ടീമുകൾ തമ്മിൽ ഒരുമിക്കുന്നത് രസകരമായാണ് തിരശീലയിലെത്തുന്നത്.

അച്ചടക്കത്തിലും, സംസാരത്തിലുമടക്കം സകല കാര്യങ്ങളിലും വിപരീത ധ്രുവങ്ങളിലുള്ള ഇരു ടീമുകളും തമ്മിലുള്ള ശത്രുതപതിയെ ഉരുകുന്നു... പക്ഷേ, അവരുടെയൊന്നും മാനസികാവസ്ത കണക്കിലെടുക്കാതെ ഭരണാധികാരികൾ വീണ്ടും ശത്രുതയിലേക്കു കൂപ്പു കുത്തും...

ഇരു കൊറിയകളും തമ്മിലുള്ള കാലങ്ങൾ പഴക്കമുള്ള ശത്രുതയും രമ്യതയ്ക്കുള്ള ശ്രമവുമെല്ലാം ആസ് വണ്ണിൽ അത്രയേറെ സ്പഷ്ടമാണ്.

ഭാഷ -കൊറിയൻ, സംവിധാനം- മൂൺ സുങ് ഹ്യുൻ
സമയദൈർഘ്യം-127 മിനിറ്റ്

ബാറ്റ്മാനായി ഭക്ഷണം വിളമ്പി അലി ഫസൽ

കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യമെമ്പാടും ഏർപ്പെടുത്തിയിരിക്കുന്ന ലോക്ക്ഡൗൺ തുടരുകയാണ്.

ഈ ഘട്ടത്തിൽ പട്ടിണിയിലായവർക്ക് ഭക്ഷണം നൽകി മാതൃകയാവുകയാണ് ബോളിവുഡ് നടൻ അലി ഫസൽ. ബാറ്റ്മാനെ പോലെ മുഖം മൂടി ധരിച്ച് കറുത്ത മാസ്ക്ക് അണിഞ്ഞാണ് താരം ഭക്ഷണം കൊടുക്കാനായി എത്തിയത്.

അഞ്ചാം നമ്പർ പെട്രോൾ പമ്പിനടുത്ത് ഭക്ഷണം ആവശ്യമുണ്ട്, വേറെയാരെങ്കിലും അവിടെയുണ്ടോ? ചെറുത് വലുത് എന്നില്ല, എല്ലാം ചെയ്യുക എന്നാണ് താരം തന്റെ ഇൻസ്റ്റഗ്രാം പോസ്റ്റിനൊപ്പം കുറിച്ചിരിക്കുന്നത്. വിജയ്പത് എന്ന ചിത്രത്തിലെ ഗാനം വെച്ച് പാടിക്കൊണ്ട് കാറിൽ പോകുന്ന വിഡിയോയാണ് അലി ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചിരിക്കുന്നത്. ദൈവം നിങ്ങളെ രക്ഷിക്കും, നല്ല കാര്യം, സുരക്ഷിതനായിരിക്കുക എന്നിങ്ങനെയുള്ള കമന്റുകളാണ് പോസ്റ്റിന് ലഭിക്കുന്നത്.

വൈറസായി മാറുന്ന പെൺകുട്ടി

വൈറസും സിനിമയും

സുധീർ നാഥ്

1969ൽ മൈക്കിൾ ക്രിഗ്ടോൺ എഴുതിയ നോവലിനെ അടിസ്ഥാനമാക്കി 1971ൽ റോബേർട്ട് വൈസ് സംവിധാനം ചെയ്ത ചലചിത്രമാണ് ദി അൻഡ്രോമീഡാ സ്ട്രേയിൻ. ന്യൂ മെക്സിക്കോ പട്ടണത്തിൽ ശൂന്യാകാശത്ത് നിന്ന് വീഴുന്ന ഒരു വയറസാണ് വിഷയം. വയറസ് പട്ടണത്തിലെ എല്ലാ മനുഷ്യരെയും കൊല്ലുന്നതാണ് ചിത്രത്തിൽ. വയറസിനെ തളച്ച് ജനങ്ങളെ രക്ഷിക്കുന്നതോടെയാണ് ഏറെ ചർച്ച ചെയ്യപ്പെട്ട ഈ ശാസ്ത്ര ഫാന്റസി സിനിമ അവസാനിക്കുന്നത്.

1978ൽ പുറത്തിറങ്ങിയ ഡോൺ ഓഫ് ദി ഡെഡ് എന്ന ഹൊറർ സിനിമ കൂടുതൽ ഇഫക്റ്റുകളോടെ 2004ൽ റീമേക്ക് ചെയ്ത് പ്രദർശനത്തിന് എത്തിയിരുന്നു. അന്ന എന്ന നേഴ്സും ഭർത്താവ് ലോയൂസും സ്വന്തം സ്രമാത്തിലേയ്ക്ക് വരുന്നു. ഒരു രാത്രി രാജ്യം പെട്ടന്ന് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നു. പിറ്റേന്ന് പുലർച്ചെ ഒരു പെൺകുട്ടി വീട്ടിൽ കയറി വരുകയും ഭർത്താവ് ലോയൂസിനെ കൊല ചെയ്യുന്നു.

പെൺകുട്ടി രൂപമാറ്റം വന്ന് ഒരു ഭീകര വയറസായി മാറുന്നു. പക്ഷെ അന്ന വയറസിന്റെ ആക്രമത്തിൽ നിന്ന് തന്ത്രപൂർവ്വം കാറിൽ രക്ഷപെടുന്നു. തുടർന്ന് വയറസുകളുമായുള്ള ശീതയുദ്ധമാണ് സിനിമയുടെ ആകർഷണം.

പിയാനോ പഠിച്ച് ഹൃത്വിക്ക്

കൊറോണക്കെതിരേയുള്ള പ്രതിരോധത്തിലാണ് രാജ്യം. എല്ലാവരും കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. അതേസമയം ലോക്ക് ഡൗൺ കാലം ക്രിയാത്മകമായി ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നവരും കുറവല്ല. പിയാനോ പഠിക്കാൻ ആണ് താൻ ഉദ്ദേശിക്കുന്നത് എന്നാണ് ഹൃതിക് റോഷൻ പറയുന്നത്.

ഹൃതിക്കിന്റെ വീട്ടിലേക്ക് മുൻ ഭാര്യ സൂസന്നെ വന്നിട്ടുണ്ട്. ഹൃതിക്കിന്റെ വീടാണ് ഓഫീസായി ഉപയോഗിക്കുന്നത്. ഹൃതിക് തന്നെ ഇക്കാര്യം സന്തോഷപൂർവം അറിയിച്ചിരുന്നു. മക്കളായ ഹ്യധാൻ, ഹ്രെഹാൻ എന്നിവർക്ക് മാതാപിതാക്കൾക്കൊപ്പം ലോക്ക് ഡൗൺ കാലത്ത് കഴിയുന്നതിനാണ് ഇരുവരും ഒന്നിച്ചുതാമസിക്കാൻ തീരുമാനിച്ചത്. ഹൃതിക്കിന്റെ വീട് ഓഫീസ് സ്ഥലമാക്കി ഡിസൈൻ ചെയ്ത് മാറ്റിയത് നേരത്തെ സൂസന്നെ പറഞ്ഞിരുന്നു. അതേസമയം താൻ പിയാനോ പഠിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് ഹൃതിക് പറയുന്നു. തലച്ചോറിനും ഉൻമേഷം നൽകുന്നതാകും അതെന്നും ഹൃതിക് വീഡിയോ ഷെയർ ചെയ്തുകൊണ്ട് പറയുന്നു

ആരാധകരോട് ശോഭന

ലോക്ക്ഡൗണിൽ കാലത്ത് ആരാധകർക്ക് മുന്നറിയിപ്പുമായി എത്തിയിരിക്കുകയാണ് ശോഭന. തന്റെ ഡാൻസ് ഷോകളും സ്കൂളുമെല്ലാം ഉപേക്ഷിച്ച് താരവും വീട്ടിലിരിക്കുകയാണ്. രാജ്യത്തെ രക്ഷിക്കാനുള്ള അവസരമാണിതെന്നാണ് ശോഭന പറയുന്നു.

'രാജ്യത്തെ രക്ഷിക്കാൻ നമ്മൾ ഓരോരുത്തർക്കും കഴിയും. വീട്ടിൽ തന്നെ ഇരിക്കുക, പുറത്ത് പോകരുത്. മാത്രം രാജ്യത്തെ രക്ഷിക്കൂ. കൊവിഡ് ഒരിക്കലും തമാശയല്ല' താരം പറയുന്നു. ഇൻസ്റ്റഗ്രാമിലൂടെയായിരുന്നു ശോഭനയുടെ പ്രതികരണം. തന്റെ ചിത്രവും താരം പങ്കുവച്ചിട്ടുണ്ട്.

മലയാളികളുടെ എക്കാലത്തേയും പ്രിയപ്പെട്ട നടിമാരിലൊരാളാണ് ശോഭന. മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം നേടിയ നടിയാണ് ശോഭന.

മലയാളത്തിമ്പുറമെ തമിഴിലും കന്നഡയിലും തെലുങ്കിലും ഹിന്ദിയിലും ശോഭന അഭിനയിച്ചിരുന്നു.

2013 ൽ തിരയിൽ അഭിനയിച്ച ശേഷം അഭിനയത്തിൽ നിന്നും ഇടവേളയെടുത്ത ശോഭന ഈ വർഷം വരനെ ആവശ്യമുണ്ടിലൂടെ മടങ്ങി വരികയായിരുന്നു. അനൂപ് സത്യൻ സംവിധാനം ചെയ്ത ചിത്രത്തിൽ സുരേഷ് ഗോപി, ദുൽഖർ സൽമാൻ, കല്യാണി പ്രിയദർശൻ എന്നിവരായിരുന്നു മറ്റ് പ്രധാന വേഷങ്ങളിലെത്തിയത്.

നൃത്തം പരിശീലിച്ച് അനുസിത്താര

ലോക്ഡൗൺ സമയത്തെ വിരസതയും വിരക്തിയും നൃത്തത്തിലൂടെ ഇല്ലാതാക്കുകയാണ് നടി അനുസിതാര. വയനാട്ടിൽ ഭർത്താവ് വിഷ്ണുവിനൊപ്പം ഏദൻത്തോട്ടമെന്ന തങ്ങളുടെ പുതിയ വീട്ടിലാണ് താരമിപ്പോൾ ഉള്ളത്. നൃത്തപഠനവും പരിശീലനമൊക്കെയായി ക്വാറന്റൈയിൻ കാലത്ത് വീടിനകത്ത് കൃഷ്ണപ്രതിമയ്ക്ക് മുന്നിൽ നൃത്തം ചെയ്യുന്ന വീഡിയോ ആരാധകർക്കായി പങ്കുവച്ചിരിക്കുകയാണ് താരം ഇപ്പോൾ. ഒരു നേരമെങ്കിലും കാണാതെ വയ്യെന്റെ എന്ന ഗാനത്തിനൊപ്പം സ്വയം മറന്ന് ചുവടുകൾ വെയ്ക്കുകയാണ് അനു സിത്താര. മുൻപും വീടിനകത്ത് നൃത്തം ചെയ്യുന്ന വീഡിയോകൾ അനു ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. അഭിനയത്തിനൊപ്പം തന്നെ തന്റെ നൃത്തവും കൊണ്ടുപോവുന്ന നടികൂടിയാണ് അനു സിതാര.

വയനാട്ടുകാരിയായ അനു സിതാര കലാമണ്ഡലത്തിൽ പഠിച്ച്, കലോത്സവ വേദികളിലൂടെയാണ് മലയാള സിനിമയിൽ എത്തിയത്. 2013ൽ സുരേഷ് അച്ചൂസ് സംവിധാനം ചെയ്ത 'പൊട്ടാസ് ബോംബ്' ആയിരുന്നു അനുവിന്റെ ആദ്യ സിനിമ. പിന്നീട് ഇന്ത്യൻ പ്രണയകഥയിൽ ലക്ഷ്മി ഗോപാലസ്വാമിയുടെ കുട്ടിക്കാലം ചെയ്തു. ഹാപ്പി വെഡിങ്, രാമന്റെ ഏദൻതോട്ടം, അച്ചായൻസ് എന്നിങ്ങനെ ഒട്ടനവധി ചിത്രങ്ങളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. രാമന്റെ ഏദൻതോട്ടംഎന്ന ചിത്രത്തിലെ മാലിനി എന്ന കഥാപാത്രത്തിലൂടെയാണ് അനു പ്രേക്ഷകരുടെ പ്രിയങ്കരിയാകുന്നത്. ചിത്രത്തിലെ നായികയെ പോലെ ജീവിതത്തിലും അനു ഒരു നൃത്താധ്യാപികയാണ്. വയനാടിൽ ഭർത്താവിന്റെ വീടിനടുത്തായി തങ്ങളുടെ സ്വപ്നവീട് പണിതപ്പോൾ വീടിനു അനു നൽകിയ പേരും ഏദൻത്തോട്ടം എന്നാണ്

ADMISSION 2020 - 2021
B.Ed | M.Ed
LLB | LLM
UGC / NCTE / BCI
UPSC / KERALA PSC
APPROVED

GLOBAL ACADEMY
FOR DISTANCE EDUCATION
Kaloor Jn., Kochi
info@globalacademy.org.in
www.globalacademy.org.in
Ph: 94478 21793, 94476 43193

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മീനം 20 ശഅ്ബാൻ 7
2020 ഏപ്രിൽ 2 വ്യാഴം

അതിർത്തി അടച്ചുള്ള ധിക്കാരം

ഫെഡറൽ ഭരണസംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്തെ നിയമങ്ങൾ ഏകപക്ഷീയമായി ലംഘിക്കുന്നതിന് ഒരു സംസ്ഥാനത്തിനും അധികാരമില്ല. ദൗർഭാഗ്യകരമെന്നു പറയട്ടെ, നിലവിലെ അടിയന്തര സാഹചര്യത്തിൽ ഇത്തരം നിയമലംഘനത്തിനു മുന്നിട്ടിറങ്ങിയിരിക്കുകയാണ് അയൽ സംസ്ഥാനമായ കർണാടക. വടക്കൻ കേരളത്തിൽ നിന്നുള്ള പ്രവേശന കവാടങ്ങളിൽ മണ്ണിട്ടുയർത്തിയും ബാരിക്കേഡുകൾ സ്ഥാപിച്ചും പൊതുഗതാഗതം തടസപ്പെടുത്തിയതു വഴി അങ്ങേയറ്റത്തെ മനുഷ്യാവകാശ ലംഘനം കൂടിയാണു കർണാടക കാണിച്ചിരിക്കുന്നത്. കൊവിഡ് 19 ഭീഷണിയുടെ പശ്ചാത്തലത്തിൽ കേരളവും കർണാടകയും ഉൾപ്പെടെ രാജ്യത്തെല്ലായിടത്തും ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണു കേന്ദ്ര സർക്കാർ. സർക്കാർ വക യാത്രാ വാഹനങ്ങൾ, ടൂറിസ്റ്റ് ബസുകൾ, ഓട്ടോ, ടാക്സി, ട്രെയ്ൻ, വിമാനം തുടങ്ങി എല്ലാവിധ വാഹന സർവീസുകളും നിരോധിച്ചിരിക്കുകയാണ്. അതുകൊണ്ടു തന്നെ കേരളത്തിൽ നിന്നു കർണാടകയിലേക്കോ തിരിച്ചോ സാധാരണ വാഹനങ്ങളൊന്നും കടന്നു പോകില്ല.

അതേ സമയം, അവശ്യ സർവീസ് മേഖലയിലെ വാഹനങ്ങൾ ഒരിടത്തും തടയരുതെന്നാണു കേന്ദ്ര സർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. തന്നെയുമല്ല, ദേശീയ പാതകൾ അടച്ചിടാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ലെന്നും ദേശീയ ഹൈവേ ആക്റ്റിൽ പറയുന്നു. ഇതെല്ലാം നിലനിൽക്കെയാണ് കാസർഗോഡ് ജില്ലയിലെ മാക്കൂട്ടം ഉൾപ്പെടെ അഞ്ചു ചെക്ക് പോസ്റ്റുകളും കണ്ണൂർ ജില്ലയിലെ കൂട്ടുപുഴ ചെക്ക് പോസ്റ്റും വഴിയുള്ള ആംബുലൻസ് സർവീസുകൾ കർണാടക തടഞ്ഞത്. ഇതുമൂലം അടിയന്തര ചികിത്സ കിട്ടാതെ ആറു മലയാളികളാണ് ഈ ദിവസങ്ങളിൽ മരിച്ചത്. കൊവിഡ് ബാധ അധികരിച്ചിട്ടുള്ള കാസർഗോട്ടു നിന്നുള്ള രോഗികളും അതിർത്തി കടന്നു വരുമെന്നു ചൂണ്ടിക്കാട്ടിയാണ് ഈ അതിക്രമം.

കൊവിഡ് ഭീഷണി ഏതെങ്കിലും സംസ്ഥാനത്തു മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല. കേരളം എണ്ണത്തിൽ അൽപ്പം മുന്നിലാണെങ്കിലും കർണാടകയിലുമുണ്ട് രോഗബാധിതർ. കാസർഗോഡ് അതിർത്തി അടച്ചിട്ടതു കൊണ്ട് കർണാടക രോഗമുക്തമാണെന്നു പറയാനാവില്ല. ഏതു തരത്തിൽപ്പെട്ട രോഗികളായാലും അവർക്കു ചികിത്സ നിഷേധിക്കുന്നതു മൗലീകാവകാശ ലംഘനമാണെന്നും അത്തരം നിയമലംഘനങ്ങളിൽ കോടതി ഇടപെടുമെന്നുമാണ് കേരള ഹൈക്കോടതിയുടെ മുന്നറിയിപ്പ്. എന്നാൽ, ഈ മുന്നറിയിപ്പു പോലും മാനിക്കാൻ കർണാടക തയാറല്ലെന്നാണ് ഇന്നലെ വൈകുന്നേരം വരെയും അവർ സ്വീകരിച്ച നിലപാട്. കാസർഗോട്ടു നിന്ന് മംഗലാപുരത്തേക്കുള്ള പ്രധാന ദേശീയ പാതയിലെ ചെക്ക്പോസ്റ്റാണ് മാക്കൂട്ടത്തുള്ളത്. കണ്ണൂർ ജില്ലയിലെ കൂട്ടുപുഴയിലുമുണ്ട് മറ്റൊരെണ്ണം. ഈ രണ്ടു ജില്ലകളിലെയും കൊവിഡ് ഭീഷണി മൂലമാണ് അതിർത്തി അടച്ചതെന്നു കർണാടക അഡ്വക്കറ്റ് ജനറൽ ഇന്നലെ കേരള ഹൈക്കോടതിയെ അറിയിച്ചു. കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് വയനാട് അതിർത്തി വഴി കർണാടകയിൽ പ്രവേശിക്കാമെന്നും നിലപാടെടുത്തു.

എന്നാൽ എല്ലാ വാഹനങ്ങളെയും അതിർത്തി കടത്തി വിടണമെന്നല്ല കേരളം ആവശ്യപ്പെടുന്നത്. അത്യാവശ്യ രോഗികളുമായി കടന്നുവരുന്ന ആംബുലൻസുകൾ വയനാട് വഴി തിരിച്ചു വിടാനാവില്ല. തന്നെയുമല്ല, മെഡിക്കൽ വാഹനങ്ങളൊന്നും കൊവിഡ് നിയന്ത്രണ നിരോധനത്തിന്റെ പരിധിയിൽ വരില്ലെന്നു കേന്ദ്ര സർക്കാർ തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്. കൊവിഡ് 19 അടക്കമുള്ള രോഗികൾ എത്തിയാൽ ചികിത്സിക്കാൻ തയാറാണെന്ന് അവിടുത്തെ ആശുപത്രി അധികൃതർ കർണാടക സർക്കാരിനെ നേരിട്ട് അറിയിച്ചിട്ടുമുണ്ട്.

കൊവിഡ് പ്രതിരോധത്തിനോ ചികിത്സയ്ക്കോ മംഗലാപുരത്തെ ആശുപത്രി സേവനം വിട്ടുകിട്ടണമെന്ന് കേരളം ആവശ്യപ്പെടുന്നില്ല. എന്നാൽ അടിയന്തര സ്വഭാവമുള്ള മറ്റ് രോഗങ്ങൾക്കു വിദഗ്ധ ചികിത്സ ലഭിക്കാൻ മംഗലാപുരത്തെ സൗകര്യം കിട്ടിയേ തീരൂ. ആശുപത്രി അധികൃതർക്ക് എതിർപ്പില്ലെങ്കിൽ കർണാടക സർക്കാർ എതിർക്കുന്നതിൽ ഒരുകാര്യവുമില്ല. കേന്ദ്ര നിർദേശങ്ങൾ പോലും അവഗണിച്ച് ഏകപക്ഷീയമായി അവരെടുത്ത തീരുമാനം നിരവധി രോഗികളുടെ ജീവൻ അപകടത്തിലാക്കിയിരിക്കയാണ്. ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാകണം. കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ കേരള-കർണാടക ചീഫ് സെക്രട്ടറിമാർ നടത്തിയ ചർച്ചയിൽ അന്തിമ തീരുമാനമായില്ല. ഇരു സംസ്ഥാനങ്ങളുടെയും മുഖ്യമന്ത്രിമാർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഇന്നു നടത്തുമെന്നു കരുതുന്ന വിഡിയോ കോൺഫറൻസിൽ ഇതു സംബന്ധിച്ച ധാരണ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

കേരള ഹൈക്കോടതി പറഞ്ഞതു പോലെ മനുഷ്യജീവനാണു പ്രധാനം. എന്തിന്റെ പേരിലായാലും അതു നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയന്ത്രണവും നിരോധനവും ആരുടെ ഭാഗത്തു നിന്നുണ്ടായാലും അംഗീകരിക്കാനാവില്ല. രോഗത്തിന്റെ പേരിലുള്ള വിവേചനം മാറ്റിവച്ച്, മനുഷ്യത്വത്തിന്റെ പേരിലുള്ള വിവേകം പുറത്തെടുക്കട്ടെ കർണാടക.

വാർത്തയിലെ വ്യക്തി

കൊവിഡിനെ തോൽപ്പിച്ചവർ

കൊവിഡ്-19 രോഗത്തെ അതിജീവിച്ച രാജ്യത്തെ ഏറ്റവും മുതിർന്ന ദമ്പതികളാണ് തൊണ്ണൂറ്റിമൂന്നുകാരനായ പത്തനംതിട്ട റാന്നി സ്വദേശി തോമസും ഭാര്യ എൺപത്തെട്ടുകാരിയായ മറിയാമ്മയും. ലോകത്തെ തന്നെ മികച്ച റെക്കോഡുകളിൽ ഒന്നാണിത്. കോട്ടയം മെഡിക്കൽ കോളെജിൽ നിന്നാണ് ഇരുവർക്കും ചികിത്സ ലഭിച്ചത്. ഇതോടെ മെഡിക്കൽ കോളെജിലെ ഡോക്റ്റർമാരുടെ ടീമും മെഡിക്കൽ ചരിത്രത്തിന്റെ ഭാഗമായി. ഇറ്റലിയിൽ നിന്നെത്തിയ മക്കളിൽ നിന്നാണ് ഇവർക്ക് രോഗം ബാധിച്ചത്.

ഡോക്റ്റർമാരും മദ്യവും

അതീതം

എം.ബി. സന്തോഷ്

കൊറോണ വൈറസ് ബാധ കാരണം ഇതുവരെ കേരളത്തിൽ മരിച്ചത് രണ്ടുപേരാണ്. കേരളം കൊറോണയെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കാനാരംഭിച്ചിട്ട് ഒരു മാസത്തോളമായിരിക്കുന്നു.എന്നാൽ,സംസ്ഥാനത്ത് ചില്ലറ മദ്യവിൽപന ശാലകൾ അടച്ചിട്ടിട്ട് ഒരാഴ്ചയേ ആയുള്ളൂ. ഇതിനകം സംസ്ഥാനത്ത് മദ്യം കിട്ടാതെ ആത്മഹത്യ ചെയ്തത് ആറുപേരാണ്.

അപ്പോൾ ഒരു ചോദ്യമുയരുന്നു കേരളത്തിന്റെ മുന്നിലെ ഭീകരൻ കൊറോണയാണോ മദ്യമില്ലായ്മയാണോ?

കേരളത്തിൽ മദ്യപിക്കുന്നവർ ജനസംഖ്യയുടെ 17.2 ശതമാനം വരുമെന്നാണ് കണക്ക്.അതായത് 47 ലക്ഷം പേർ.ഇതിൽ 17 ലക്ഷം പേർ ദിവസേന മദ്യപിക്കുന്നവരാണ്. സംസ്ഥാനത്ത് ആറുലക്ഷം പേർ മദ്യത്തിന് അടിമപ്പെട്ട് രോഗാവസ്ഥയിലാണെന്ന് ചൂണ്ടിക്കാട്ടുന്നത് രാജ്യം പത്മശ്രീ നൽകി ആദരിച്ച ,പാലിയം ഇന്ത്യയുടെ ചെയർമാൻ ഡോ.എം.ആർ.രാജഗോപാലാണ്.

സംസ്ഥാനത്ത് മദ്യത്തിന്റെ വില്പനാവകാശം ബവറേജസ് കോർപ്പറേഷനെ ഏൽപ്പിച്ചത് 1984ൽ. ആ വർഷം മദ്യത്തിന്റെ വിറ്റുവരവ് 60 കോടി രൂപയായിരുന്നു.25 വർഷത്തിനുശേഷം ബിവറേജസ് കോർപ്പറേഷനിലൂടെയുള്ള മദ്യത്തിന്റെ വിറ്റുവരവ് കുതിച്ചുയർന്നത് 14,508 കോടി രൂപയിലേയ്ക്കാണ്.കഴിഞ്ഞ സാമ്പത്തികവർഷത്തെ(201819)വർഷത്തെ കണക്കാണിത്.അതിന് മുൻവർഷം 12,937 കോടി രൂപയുടെ വിറ്റുവരവാണ് കോർപ്പറേഷനുണ്ടായിരുന്നത്.

'അമരം' എന്ന പ്രശസ്തമായ ഭരതൻ സിനിമയിൽ കെപിഎസി ലളിത അവതരിപ്പിക്കുന്ന ഭാർഗവി പറയുന്ന സംഭാഷണം ഓർമയില്ലാത്ത മലയാളി കുറവായിരിക്കും'നല്ല മീങ്കിട്ട്യാ സന്തോഷം...മീങ്കിട്ടില്ലെങ്കി സന്തോഷം...കടാലിപ്പോയാ സന്തോഷം...പോയില്ലെങ്കി സന്തോഷം...സൂര്യനുദിച്ചാ സന്തോഷം...അസ്തമിച്ചാ സന്തോഷം 'മലയാളിയുടെ മനസ്സറിയുന്ന തിരക്കഥാകൃത്ത് എ.കെ ലോഹിതദാസ് 'അമര 'ത്തിനുവേണ്ടി എഴുതിയത് അക്ഷരം പ്രതി ശരിയാണെന്ന് ബിവറേജസ് കോർപ്പറേഷന്റെ കണക്കുകളും പറയുന്നു.കഴിഞ്ഞ പുതുവർഷത്തലേന്ന് മലയാളി കുടിച്ചുതീർത്തത് 68.57 കോടി രൂപയുടെ മദ്യമാണ്. തലേ ആഴ്ചയിലെ ക്രിസ്മസിനുവേണ്ടി ഡിസംബർ 24ന് വാങ്ങിക്കൂട്ടിയത് 51.65 കോടി രൂപയുടെ മദ്യം.കഴിഞ്ഞ ഓണക്കാലത്ത് അത്തം മുതൽ ഉത്രാടംവരെ വാങ്ങിയത് 487 കോടി രൂപയുടെ മദ്യമാണെങ്കിൽ ഉത്രാടത്തിനുമാത്രം 90.32 കോടി രൂപയ്ക്കാണ് മദ്യം വാങ്ങിയത്.പ്രളയം കേരളത്തെ മുക്കിയ 2018 ആഗസ്റ്റിൽ കേരളീയർ കുടിച്ചത് 1264 കോടി രൂപയ്ക്കാണ്.

ഇപ്പോൾ മനസ്സിലായില്ലേ,മലയാളിക്ക് സന്തോഷത്തിന് മാത്രമല്ല,സങ്കടത്തിനും മദ്യം കൂടാതെ പറ്റില്ല.അങ്ങനെയുള്ള മലയാളിക്ക്പെട്ടെന്ന് മദ്യം കിട്ടാതായാൽ വലിയ ആഘാതമുണ്ടാകും.47 ലക്ഷം മദ്യപരുടെ കാര്യം വിടാം.പക്ഷെ,അതിൽ 17 ലക്ഷം ദിവസേന മദ്യപിക്കുന്നവരാണ് എന്ന കണക്കിൽ ചെറുതായി മദ്യപിക്കുന്നവരെ മാറ്റി നിർത്താം.ഡോ.രാജഗോപാൽ പറയുംപോലെ,മദ്യത്തിന് അടിമപ്പെട്ട ആറുലക്ഷത്തോളം പേരുണ്ട്.അവരെ എന്തു ചെയ്യും?

ഇവർക്ക്, മദ്യം കിട്ടാതായാൽ സഹിക്കാനാവാത്ത വെപ്രാളം അനുഭവപ്പെടാം.വിറയലും ഛർദിയും അപസ്മാരവും ഉണ്ടാവാം.സ്ഥലകാല വിഭ്രമം,പനി,നിയന്ത്രണമില്ലാത്ത വിറയൽ എന്നിവ വന്നാൽ അടിയന്തരമായി ഡി അഡിക്ഷൻ സെന്ററുകളിൽ പ്രവേശിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മുൻ പ്രസിഡന്റും മനോരോഗ ചികിത്സകനും മുൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുമായ ഡോ. പി.സി കേശവൻ കുട്ടിനായർ പറയുന്നു.ഹൃദയത്തെവരെ നേരിട്ട് ബാധിച്ചേയ്ക്കാമെന്നാണ് അദ്ദേഹത്തിന്റെ മുന്നറിയിപ്പ്.ഈ ആറു ലക്ഷം പേരെ ഇങ്ങനെ പ്രവേശിപ്പിക്കാൻ തക്ക വിധമുള്ള ഡി അഡിക്ഷൻ സെന്ററുകൾ നമ്മുടെ ഈ നാട്ടിൽ സജ്ജമാണോ?എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള 'വിമുക്തി'ക്ക് 10 കിടക്കകൾ വീതം 14 ജില്ലാ ആശുപത്രികളിൽ 140 കിടക്കകളാണുള്ളതെന്ന് പറയുന്നത് അതിന്റെ സിഐ ഡി.രാജീവ്.

ആറു ലക്ഷം എവിടെ കിടക്കുന്നു,140 എവിടെ കിടക്കുന്നു?വേണമെങ്കിൽ സംസ്ഥാനത്തെ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിലെ കിടക്കകൾ മൊത്തം നീക്കിവച്ചാൽപോലും ഇതിന്റെ പത്തിരട്ടിയിലേറെ കിടക്കകളുണ്ടാവാനിടയില്ല. സംസ്ഥാന നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേറ്റീവ് സമിതിയുടെ പരിശോധനയിൽ കേരളത്തിലൊട്ടാകെ മാനസികരോഗ ചികിത്സയ്ക്ക് മൂവായിരത്തോളം കിടക്കകളേ ലഭ്യമായിട്ടുള്ളൂ എന്ന് കണ്ടെത്തിയിരുന്നു.അവയിൽ അതിനെക്കാൾ കൂടുതൽ രോഗികൾ ചികിത്സയിൽ കഴിയുന്ന അവസ്ഥ ഇപ്പോഴും തുടരുകയാണ്.അങ്ങനെയാണെങ്കിൽ പുതുതായി വരുന്ന ഈ ആറുലക്ഷത്തോളം മദ്യാസക്തരോഗികളെ എവിടെ പ്രവേശിപ്പിക്കും? മദ്യം കിട്ടാത്ത അവസ്ഥയിൽ 10 മുതൽ 20 ശതമാനംപേർ സ്വന്തം നിലയിൽ മദ്യപാനം നിർത്തുമെന്ന് മനോരോഗചികിത്സകനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുൻ ഡയറക്ടറുമായ ഡോ.കെ.എ കുമാർ പറയുന്നു.അതിൽ 40 മുതൽ 50 ശതമാനം പേർക്ക് ചികിത്സ കൊടുത്താൽ മെച്ചപ്പെടുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.ആറ് ലക്ഷത്തിന്റെ 50 ശതമാനം എന്നു പറയുമ്പോൾ മൂന്നു ലക്ഷത്തോളം പേർ.ഇവർക്ക് എവിടെ ചികിത്സ കൊടുക്കും?

കടുത്ത മദ്യപാനികൾക്ക് മദ്യം ഒഴിവാക്കാനാവാത്തതാണെന്ന് സർക്കാർ ഡോക്റ്റർക്ക് ബോധ്യമുണ്ടെങ്കിൽ കുറിപ്പടി നൽകിയാൽ അത് പരിശോധിച്ചുറപ്പിച്ചശേഷം ഒരാഴ്ചത്തേയ്ക്ക് മൂന്ന് ലിറ്റർ മദ്യം നൽകാൻ നടപടി എടുക്കണമെന്നാണ് എക്സൈസ് വകുപ്പിന്റെ ഉത്തരവ്. 60 ശതമാനം സ്ത്രീകൾ ഡോക്ടർമാരായി ജോലി ചെയ്യുന്ന ആശുപത്രികളിൽ അവർ ഈ ഉത്തരവുമൂലം ഭീഷണിയിലാവുമെന്നാണ് കേരളാ ഗവ.മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ(കെജിഎംഒഎ) ഭാരവാഹികളുടെ വാദം.മദ്യാസക്ത രോഗികളിലേറെയും അക്രമാസക്തരാണെന്നും ഇവരെ പലപ്പോഴും കൈയും കാലും കെട്ടിയിട്ട് ചികിത്സിക്കേണ്ടി വരുന്നത് ബുദ്ധിമുട്ടാണെന്നും ഈ രംഗത്തുള്ള ഡോക്റ്റർമാർ പറയുന്നു.കെജിഎംഒഎയുടെയും അതിൽതന്നെ അംഗമായ ചികിത്സാരംഗത്തുള്ള ഡോക്റ്റർമാരുടെയും(അവരുടെ പേര് വെളിപ്പെടുത്താനാവാത്തതിന് കാരണം, ഈ മേഖലയിലെ ഏക സംഘടന എന്ന നിലയ്ക്കുള്ള ബുദ്ധിമുട്ടുതന്നെ!) ഡോക്ടർമാരുടെയും നിലപാട് വിരുദ്ധമാണ്.ഭീഷണി,മദ്യസക്തരോഗികളുടെ അക്രമാസക്തിയോ അതോ മദ്യപരിൽനിന്ന് (ഇതുവരെ ഉണ്ടായിട്ടില്ലാത്തതും ഇനി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതുമായ...!) ഭീഷണിയോ?

മരുന്നിനും ചികിത്സയ്ക്കും പകരം മദ്യമെന്നത് നൈതികതയ്ക്കെതിരാണെന്നുമാത്രമല്ല,നിയമനടപടികൾ നേരിടേണ്ടി വരുന്നതിനിടയാക്കുമെന്നും കെജിഎംഒഎ പറയുന്നു.

> 2017ലെ മാനസികാരോഗ്യചികിത്സാ നിയമമനുസരിച്ച് രോഗിയുടെ സമ്മതമില്ലാതെ ചികിത്സ പാടില്ല.നല്ല ഉദ്ദേശ്യത്തോടെ എന്ന നിലയിൽ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ മദ്യസക്തിയുള്ളവരെ ആശുപത്രിയിൽ കൊണ്ടുവരാം.രോഗി എതിർക്കുകയാണെങ്കിൽ രണ്ട് മനോരാഗവിഭാഗം ഡോക്ടർമാർ ഇയാളെ പുറത്തുവിടുന്നത് അപകടകരമാണെന്ന് രേഖാമൂലം എഴുതിയശേഷം ചികിത്സ ആരംഭിക്കാമെന്നാണ് ഡോ.കുമാർ പറയുന്നത്. അതായത്, മദ്യാസക്തിയുള്ള രോഗിയുടെ അനുമതിയില്ലാതെ ചികിത്സിച്ചാലാണ് ഡോക്റ്റർമാർ നിയമ നടപടിക്കിരയാവാനിടയുള്ളത്.

ഡോക്റ്റർമാരുടെ സംഘടന കരിദിനാചരണവുമായി മുന്നോട്ടു പോവുന്നതിലെ ലക്ഷ്യമെന്താണ്?ഈ സംഘടനാ നേതാക്കളുടെവിദ്യാഭ്യാസകാലം മുതലുള്ളരാഷ്ട്രീയം ഇതിന് ഉത്തരം നൽകുമെന്ന് ഇതേ സംഘടനയിലെ ഇടതുപക്ഷ അനുഭാവികൾ പറയുന്നു.അല്ലെങ്കിൽ,ഒരു യുദ്ധമുഖത്തുനിൽക്കുന്ന ആരോഗ്യപ്രവർത്തക സംഘടന സ്വന്തം കമാന്റർക്കെതിരെ കരിദാനാചരണവുമായി മുന്നോട്ടുവരില്ലെന്ന് പറയുമ്പോൾ അത് വിശ്വസിക്കേണ്ടിവരുന്നു.മുൻകാല എൽഡിഎഫ് മന്ത്രിസഭയിലെ ആരോഗ്യമന്ത്രിമാർ ഈ സംഘടനയിലെ ഇടത് അനുഭാവികളെയാണ് വിശ്വാസത്തിലെടുത്തിരുന്നതെങ്കിൽ ഇപ്പോഴത്തെ ആരോഗ്യമന്ത്രി സംഘടനാ നേതൃത്വത്തിനെ വിശ്വാസത്തിലെടുത്തു. അവർ കൊറോണക്കാലത്തുതന്നെ കരിദിനാചരണവുമായി ആരോഗ്യമന്ത്രിക്ക് പണി നൽകി എന്നാണ് ഒരു വിഭാഗം ഡോക്റ്റർമാരുടെ

സംഘടനാ നേതാക്കൾക്കുപോലും നിയമമറിയാത്തത് കഷ്ടമാണ്.സർക്കാർ ആശുപത്രികളിലുൾപ്പെടെ എവിടെയാണ് രണ്ട് സൈക്യാട്രിസ്റ്റുകളുടെ കുറിപ്പുവാങ്ങി സൂക്ഷിച്ചുവച്ചൊക്കെ ഇത്തരക്കാരെ ചികിത്സിക്കാനുള്ള സംവിധാനം?കേരളത്തിൽ ആളോഹരി മദ്യപാനം 8.3 ലിറ്ററാണ്.അത് ദേശീയതലത്തിലേതിനെക്കാൾ വളരെക്കൂടുതലാണ്.അങ്ങനെ നല്ല അവസ്ഥയിൽ ലഹരിവിമുക്തനാവാൻ തയ്യാറാകാത്തവർ ഇപ്പോൾ തയ്യാറാകുമെന്ന് പറയുന്നതിലെ യുക്തി എന്താണ്?ഇത്തരക്കാർ വ്യാജവാറ്റ് മുതൽ കഞ്ചാവ്,എൽഎസ്എഡി ഉൾപ്പെടെയുള്ള ലഹരിയിലേയ്ക്ക് പോകണോ മദ്യപാനിയായി തുടരണോ എന്ന ചോദ്യത്തിനാണ് കെജിഎംഒഎ മറുപടി നൽകേണ്ടത്.

കേരളത്തിലെ ആരോഗ്യമേഖല കൊറോണ ചികിത്സയ്ക്കായി ആഞ്ഞുപൊരുതുന്ന അവസരമാണിത്.അപ്പോഴാണ് മദ്യത്തിന് സർട്ടിഫിക്കറ്റ് നൽകൽ വലിയ പ്രശ്നമാണെന്ന് കെജിഎംഒഎ പറയുന്നത്.അങ്ങനെ ഒരു സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് ആരോടും നിർബന്ധിക്കുന്നില്ലെന്ന് മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിക്കഴിഞ്ഞു.എന്നിട്ടും,കൊറോണക്കാലത്ത് സർക്കാർ കുറ്റപ്പെടുത്തൽ.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഭർത്താവും മകനും അച്ഛനും ഉൾപ്പെടെ വേണ്ടപ്പെട്ടവർ മദ്യപിക്കുന്നത് ഇഷ്ടമല്ല.അതിന്റെ കെടുതികൾ ഏറ്റവും കൂടുതൽ ഏറ്റവവാങ്ങേണ്ടിവരുന്നതും അവരാണ്.ഇപ്പോൾ,മദ്യസക്തരുടെ വിക്രയയുടെ ഇരകളാവേണ്ടിവരുന്നതും മറ്റാരുമല്ല.അതുകൊണ്ടുതന്നെ മദ്യപാനത്തിന്റെ വൈകാരിക തലം രാഷ്ട്രീയക്കാർ ചൂഷണം ചെയ്യുന്നത് പുതിയ കാര്യമല്ല.മദ്യത്തിനെതിരെ പ്രത്യക്ഷ സമരത്തിനിറങ്ങുന്ന ക്രൈസ്തവ സഭകൾ മദ്യപരെ പള്ളിയിൽ കയറ്റില്ലെന്നു തീരുമാനിച്ചാൽ ആ വിഭാഗത്തിലെ മദ്യപാനം അവസാനിപ്പിക്കാനാവില്ലേ?എന്നിട്ടും അവർ അങ്ങനെയൊരു നിലപാടെടുക്കാത്തത് അവർക്ക് യാഥാർത്ഥ്യം അറിയാവുന്നതിനാലാണ്.മദ്യപാനത്തിന്റെ സാമൂഹികവശവും ശാസ്ത്രീയതയും(നിയമവശവും...!) ഏറ്റവും നന്നായി അറിയാവുന്ന ഡോക്ടർമാർ കൊറോണക്കാലത്ത് അത് മറക്കുന്നത് അവരുടെ നൈതികതയക്കും ധാർമികതയ്ക്കും ചേരുന്നതാണോ എന്ന് ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും.

ഖനനങ്ങളും അവകൊണ്ടുവരുന്ന വൈറസുകളും

ഡോ. പ്രസാദ് അലക്സ്

വൈറോളജി ശാസ്ത്രജ്ഞനായ ക്ലാവേരി അഭിപ്രായപ്പെടുന്നത് ആർട്ടിക്ക് പ്രദേശത്തെ ആദിമ മനുഷ്യരെ ബാധിച്ചിരുന്ന വൈറസുകൾ പുനരുജ്ജീവിപ്പിക്കപ്പെടാൻ തീർച്ചയായും സാധ്യത ഉണ്ടെന്നാണ്. വളരെക്കാലം മുൻപ് ഇല്ലാതായ ഹോമിനിൻ സ്പീഷീസുകളിൽ (നിയാണ്ടർതാൽ, ഡെനിസോവൻ) നിന്നുള്ള വൈറസുകളും വീണ്ടും വരാനുള്ള സാധ്യതകൾ ഉണ്ട്.

മുപ്പതിനായിരം മുതൽ നാല്പ്പതിനായിരം വരെ വർഷം പഴക്കമുള്ള നിയാണ്ടർതാൽ മനുഷ്യരുടെ അവശിഷ്ടങ്ങൾ റഷ്യയുടെ ഭാഗങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇല്ലാതായ നിയാണ്ടർതാൽ മനുഷ്യനിൽ നിന്നുള്ള വൈറസുകൾ നമ്മെ ബാധിക്കാനുള്ള സാധ്യത മറെറാരുകാര്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. വൈറസുകളെ നിർമ്മാർജനം ചെയ്യാം എന്ന ആശയം തന്നെ തെറ്റായി മാറാം. അതുകൊണ്ടാണ് ഇല്ലാതായ പലരോഗങ്ങളുടേയും വാക്സിനുകൾ സൂക്ഷിച്ചിരിക്കുന്നത്.

പെർമാഫ്രോസ്റ്റ്പാളികളിൽ നിന്ന് ലഭിച്ച ഡിഎൻഎ 2014 മുതൽ ക്ലവേരി വിശകലനം ചെയ്തുവരുന്നുണ്ട്. ഈ വൈറസുകളോ ബാക്റ്റീരിയകളോ മനുഷ്യനിൽ രോഗകാരികളാകാൻ സാധ്യതയുണ്ടോ എന്നാണ് ജനിതകസവിശേഷതയിൽ നിന്ന് തിരിച്ചറിയാൻ ശ്രമിക്കുന്നത്. പല ബാക്റ്റീരിയകളും മനുഷ്യന് അപകടകാരിയാകാൻ സാധ്യതയുള്ളവയാണെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. വിനാശകരമായ ഘടകങ്ങൾ ഇവയിൽ കണ്ടെത്തിയിട്ടുണ്ട്. രോഗകാരികളായ ഹെർപിസ് പോലുള്ള വൈറസുകളിലെ ഡിഎൻഎ ശ്രേണിയിലെ ശകലങ്ങൾ ഇവയിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വസൂരിയുടെ അവശിഷ്ടങ്ങൾ ഒന്നും തന്നെ കണ്ടെത്തിയില്ല. അപകടകരികളായതിനാൽ അവയെ പുനരുജ്ജീവിപ്പിക്കുന്ന പരീക്ഷണങ്ങൾക്കൊന്നും ഒരുമ്പെട്ടിട്ടില്ല.

ഖനിയാഴങ്ങളിലെ പരലുകൾക്കുള്ളിൽ നിന്ന് ഇപ്പോൾ മനസിലാക്കുന്ന മറെറാരു കാര്യം, പെർമാഫ്രോസ്റ്റിൽ നിന്നു മാത്രമല്ല മറ്റ് സ്രോതസുകളിൽ നിന്നും പൗരാണികമായ രോഗകാരികൾ ഉയർന്നുവരാമെന്നാണ്.

2017 ഫെബ്രുവരിയിൽ മെക്സിക്കൻ ഖനിയിൽ നിന്നുള്ള ക്രിസ്റ്റലുകൾക്കുള്ളിൽ അൻപതിനായിരം വർഷം പഴക്കമുള്ള സൂക്ഷ്മജീവികളെ നാസയിലെ ശാസ്ത്രജ്ഞർ കണ്ടെത്തി. ഉത്തര മെക്സിക്കോയിലെ ക്രിസ്റ്റലുകളുടെ ഗുഹ എന്നറിയപ്പെടുന്ന ഒരു ഖനിയിൽ നിന്നാണ് ഈ ബാക്റ്റീരിയകളെ കണ്ടെത്തിയത്. ഈ ഗുഹയിൽ പതിനായിരക്കണക്കിന് വർഷം പഴക്കമുള്ള, തൂവെള്ള നിറത്തിലെ സെലിനയറ്റ് പരലുകൾ ഉണ്ട്. ബാക്റ്റീരിയകൾ പരലുകൾക്കുള്ളിലെ ചെറിയ ദ്രവരൂപത്തിലുള്ള പോക്കററുകളിലാണ് ഉണ്ടായിരുന്നത്. പുറത്ത് വന്നപ്പോൾ അവ സജീവമാവുകയും പെരുകാൻ തുടങ്ങുകയും ചെയ്തു. ജനിതകമായി വളരെ പ്രത്യേകതകൾ ഉള്ളവയാണ് ഇവ. ഇത് വരെ അറിയാത്ത സ്പീഷീസ് ആവുമെന്നാണ് അനുമാനം. ന്യൂമെക്സിക്കോയിലെ മറെറാരു ഗുഹയിൽ നിന്ന് ഇതിലേറെ പഴക്കമുള്ള ബാക്റ്റീരിയയെ ആയിരം അടി താഴ്ചയിൽ നിന്ന് കണ്ടെത്തി. ഇവ പ്രതലങ്ങളിൽ നിന്ന് താഴ്ചയിലെത്തിയിട്ട് നാല് ദശലക്ഷം വർഷത്തിലേറെ ആയിട്ടുണ്ടാവുമെന്നാണ് കണക്കാക്കുന്നത്. ഈ ഗുഹയിലേക്ക് സൂര്യപ്രകാശം എത്തില്ല. പ്രതലത്തിലെ ജലാംശം അവിടെയ്ക്ക് എത്താൻ പതിനായിരം വർഷത്തിലേറെ എടുക്കും. ഇവ പതിനെട്ടുതരം ആന്റി ബയോട്ടിക്കുകളോട് പ്രതിരോധശേഷി ഉള്ളവയാണ്. അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന അവസാന രക്ഷയെന്നു പറയുന്ന മരുന്നുകളും ഇവയിൽ ഉൾപ്പെടുന്നു. 2016 ഡിസംബറിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ (Paenibacillus sp. LC231) എന്നറിയപ്പെടുന്ന ബാക്റ്റീരിയ എഴുപത് ശതമാനം ആന്റി ബയോട്ടിക്കുകളോടും പ്രതിരോധശേഷി ഉള്ളതാണ്. പലതിനേയും പൂർണമായും നിർവീര്യമാക്കാനും ഇവയ്ക്ക് കഴിയും.

ആന്റിബയോട്ടിക് പ്രതിരോധം

ഈ ബാക്റ്റീരിയകൾ ഗുഹകളിൽ പൂർണമായും ഒറ്റപ്പെട്ട് നാല് ദശലക്ഷം വർഷത്തോളം കഴിഞ്ഞതാണ്. മനുഷ്യനുമായോ ആന്റിബയോട്ടിക് ഔഷധങ്ങളുമായോ ഒരുവിധ സമ്പർക്കവുമില്ലാതെ. അതുകൊണ്ടുതന്നെ ഇവയിൽ ഔഷധ പ്രതിരോധം മററു മാർഗങ്ങളിലാകും ഉടലെടുത്തത്. ഈ രംഗത്തെ ശാസ്ത്രജ്ഞർ കരുതുന്നത് മനുഷ്യർക്ക് അപകടം വരുത്താത്ത ഈ ബാക്റ്റീരിയ ഉൾപ്പെടെ മററു പലതിനും ഈ പ്രതിരോധശേഷി ഉണ്ടാവു മെന്നാണ്. അതിെ അർഥം ദശലക്ഷം വർഷങ്ങൾക്ക് മുമ്പുതന്നെ ഔഷധ പ്രതിരോധശേഷി ഉണ്ടായിരുന്നു എന്നുതന്നെയാന്നാണ്. ഇത്തരം പ്രതിരോധം ഔഷധത്തിന്റെ ഉപയോഗം കൊണ്ട് ക്ലിനിക്കലായി ഉണ്ടായതല്ലെന്ന് വളരെ വ്യക്തം. ഇതിന് യഥർഥകാരണം പലതരം ഫംഗസുകളും ചില ബാക്റ്റീരിയകൾ തന്നെയും സ്വാഭാവികമായി ആന്റിബയോട്ടിക്കുകൾ ഉത്പാദിപ്പിക്കുന്നുണ്ട് എന്നതാവാം. ഇത് അവയ്ക്ക് മററു സൂക്ഷ്മ ജീവികളോട് മത്സരാധിഷ്ഠിത മികവ് പുലർത്താൻ സഹായിക്കുന്നു. ഇങ്ങനെയാണ് അലക്സാണ്ടർ ഫ്ലെമിങ് പെൻസിലിൻ കണ്ടെത്തിയത്. പരീക്ഷണശാലയിലെ ബാക്റ്റീരിയകൾ ഒരു തരം ഫംഗസിന്റെ സാന്നിധ്യത്തിൽ നശിക്കുന്നതായി അദ്ദേഹം നിരീക്ഷിച്ചു. അവിടെ നിന്നാണ് പെൻസിലിന്റെ കണ്ടെത്തൽ ഉണ്ടാവുന്നത്.

ഗുഹകളിലെ പ്രതികൂലസാഹചര്യങ്ങളിൽ അതിജീവിക്കാൻ സൂക്ഷ്മ ജീവികൾ വളരെ കരുത്താർജ്ജിക്കണം. ഭക്ഷണലഭ്യത ഗുഹകളിൽ വളരെ വിരളമായിരിക്കും. അതുപോലെ തന്നെ ആന്റിബയോട്ടിക്കുകളോട് പ്രതിരോധശേഷി ആർജ്ജിക്കുകയും വേണം, മറ്റ് ജീവികളാൽ നശിപ്പിക്കപ്പെടാതിരിക്കാൻ. അതുകൊണ്ടാവും ഈ ബാക്റ്റീരിയകൾ പ്രകൃതിജന്യമായ ആന്റിബയോട്ടിക്കുകളോട് പ്രതിരോധ ശേഷി പുലർത്തുന്നത്. പ്രകൃതിജന്യമെന്നാൽ ബാക്റ്റീരിയകളിൽ നിന്നും ഫംഗസുകളിൽ നിന്നും ഉണ്ടാക്കുന്നവയും അവയുടെ വകഭേദങ്ങളുമാണ്. ഇന്ന് മനുഷ്യൻ ഉപയോഗിക്കുന്ന തൊണ്ണൂറ്റി ഒൻപത് ശതമാനം ആന്റിബയോട്ടിക്കുകളും ഈ ഗണത്തിൽപെടുന്നു. പക്ഷേ പൂർണമായും മനുഷ്യനിർമിതമായ ആന്റിബയോട്ടിക്കുകളോട് ഇവ പ്രതിരോധശേഷി കാണിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

ഇത് വ്യക്തമാക്കുന്നത് ആന്റിബയോട്ടിക്കുകളോട് പ്രതിരോധമെന്നത് ഒരു പുതിയ കാര്യമല്ല എന്നാണ്. നാല് മുതൽ എഴ് വരെ ദശലക്ഷം വർഷം പഴക്കമുള്ള വലിയ ആഴത്തിൽ നിന്ന് ലഭിച്ച സൂക്ഷ്മ ജീവികൾക്ക് പ്രതിരോധ ശേഷി നൽകുന്ന ജനിതകസവിശേഷത ഇപ്പോൾ ഭൂമിയുടെ പ്രതലത്തിൽ നിന്ന് ലഭിക്കുന്ന സൂക്ഷ്മ ജീവികളോട് സമാനമാണ്. അതിന്റെ അർഥം ഈ ജീനുകൾ പഴക്കമുള്ളവയാണ്. മനുഷ്യൻ ആന്റിബയോട്ടിക്ക് ഔഷധങ്ങൾ ഉപയോഗിച്ചതുകൊണ്ട് ഉളവായതാവണമെന്നില്ല എന്നാണ്.

പഠനം നടത്തിയ (Paenibacillus) ബാക്റ്റീരിയ മനുഷ്യന് ഉപദ്രവകാരിയല്ല. പക്ഷേ അതിന്റെ പ്രതിരോധശേഷി രോഗകാരികൾക്ക് കൈമാറാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. പക്ഷേ നാന്നൂറ് മീറ്റർ താഴ്ചയിലുള്ള പാറയിൽ നിന്നാണ് ഇവയെ കണ്ടെത്തിയത്. അതുകൊണ്ട് ഇവയുടെ കൈമാറ്റം അത്രവേഗം നടക്കില്ലെന്ന് മിക്കവാറും കരുതാം.

പക്ഷേ, പ്രകൃതിദത്തമായ ആന്റി ബയോട്ടിക്കുകളോടുള്ള പ്രതിരോധം വളരെ വ്യാപകമാണ്. പെർമാഫ്രോസ്റ്റിൽ നിന്ന് വരുന്ന ബാക്റ്റീരിയകൾക്ക് ഈ ശേഷി ഉണ്ടാകും. 2011 ൽ നടന്ന ഒരു പഠനത്തിൽ കാനഡയിൽ നിന്നും റഷ്യയിൽ നിന്നും ലഭിച്ച മുപ്പതിനായിരം വർഷം പഴക്കമുള്ള ബാക്റ്റീരിയകളുടെ ഡിഎൻഎ വേർതിരിച്ചു. ബീറ്റാലാക്റ്റം, ടെട്രാസൈക്കിളിൻ, ഗ്ലൈക്കോപെപ്ടൈഡ് തുടങ്ങിയ ആന്റിബയോട്ടിക്കുകളോട് പ്രതിരോധശേഷി നൽകുന്ന ജീനുകൾ ഇവയ്ക്ക് ഉണ്ടെന്ന് കണ്ടെത്തി.

ആശങ്കകൾ

ഇതെകുറിച്ച് അത്രയധികം ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് കരുതുന്നവരുണ്ട്. പെർമാഫ്രോസ്റ്റിൽ നിന്നുള്ള സൂക്ഷ്മജീവികൾ എങ്ങനെയൊക്കെ അപകടകാരികളായി തീരാം എന്നതറിയാൻ മാർഗങ്ങൾ ഇല്ല. അതുകൊണ്ട് അതെക്കുറിച്ചുള്ള അമിത ആശങ്കയ്ക്ക് വലിയ അർഥമില്ല. കാലാവസ്ഥ വ്യതിയാനത്തിൽ നിന്നുള്ള മറ്റ് ഭീഷണികൾ നേരിടേണ്ടതിനെക്കുറിച്ചാണ് നമ്മൾ കൂടുതൽ ശ്രദ്ധപുലർത്തേണ്ടത് എന്നാണ് വാദം. ഉദാഹരണമായി ഭൂമിയുടെ ചൂട് വർധിക്കുന്നതിന് അനുസരിച്ച് പല ഉഷ്ണമേഖല രോഗങ്ങളും മററിടങ്ങളിലേക്ക് വ്യാപിക്കാൻ ഇടയുണ്ട്. ഉദാഹരണമായി മലേറിയ, കോളറ, ഡെങ്കു പനി, തുടങ്ങിയവ ശൈത്യമേഖലകളിലേക്കും പടരാം.

മറ്റൊരു വാദഗതി ഇതിനെ അവഗണിക്കാൻ പാടില്ലെന്നുള്ളതാണ്. അപകടത്തിന്റെ തോത് എത്രയെന്ന് അറിയില്ലെങ്കിൽ അപകടത്തെ ഗൗനിക്കാതിരുന്നാൽ മതിയാവില്ല. ഇതുവരെ നടന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ വെളിപ്പെടുന്നത് ഈ പുരാതന സൂക്ഷ്മജീവികൾ പുനരുജ്ജീവിക്കപ്പെടാനും മനുഷ്യനെ പ്രതികൂലമായി ബാധിക്കാനും ഉള്ള ചെറിയ സാധ്യത നിലനിൽക്കുന്നു എന്നാണ്. സാധ്യതയുടെ തോത് കൃത്യമായി അറിയില്ലെന്നത് സത്യം. പക്ഷേ അത് എതായാലും ശൂന്യസാദ്ധ്യത അല്ല. ചിലപ്പോൾ ആന്റിബയോട്ടിക്കുകൾ കൊണ്ട് ചികിത്സിക്കാവുന്ന ബാക്റ്റീരിയ ആകാം. അല്ലെങ്കിൽ പ്രതിരോധശേഷിയുള്ള ബാക്റ്റീരിയാകാം. അല്ലെങ്കിൽ അതു വൈറസാകാം.

ഈ രോഗകാരികൾ ഒന്നും തന്നെ മനുഷ്യനുമായി സമ്പർക്കില്ലാതെയായിട്ട് ദീർഘകാലങ്ങൾ ആയതുകൊണ്ട് തന്നെ മനുഷ്യന്റെ പ്രതിരേധവ്യവസ്ഥ ഇതിനെ നേരിടാൻ സജ്ജമാവില്ല. അതുകൊണ്ടാണ് അത് വളരെ അപകടകരമാവുന്നത്.

ആർട്ടിക്കിലോ സൈബീരിയയിലോ മെക്സിക്കൻ ഖനികളുടെ ആഴങ്ങളിലോ, മാത്രമായോ സുഷുപ്തിയിലോ കിടക്കുന്ന ഈ സൂക്ഷ്മജീവികളെ ഇവിടെ ഇന്ത്യയിലോ കേരളത്തിലോ ഇരുന്ന് ആശങ്കപ്പെടേണ്ട എന്ന് കരുതാനേ ആവില്ല. ചൈനയുടെ അന്തർഭാഗത്തെ വുഹാൻ പ്രവിശ്യയിൽ നിന്ന് കോവിഡ് ലോകമെങ്ങും പരക്കാനെടുത്ത സമയം എത്ര ചെറുതാണെന്ന് നമുക്കറിയാം. നിരന്തര മനുഷ്യ സാന്നിധ്യവും സഞ്ചാരവുമുള്ള മേഖലകളാണ് സൈബീരിയയും അലാസ്കയും ധ്രുവപ്രദേശങ്ങളുമെല്ലാം. അത് കൊണ്ട് നമ്മുടെ സമൂഹവും ശാസ്ത്രസങ്കേതിക ലോകവും രഷ്ട്രീയനേതൃത്വവുമെല്ലാം 'ഫ്യൂച്ചറിസ്റ്റിക്' ആയി ചിന്തിക്കയും പ്രവർത്തിക്കയും ചെയ്താലേ നിരന്തരം ഉയർന്നു വരുന്ന ഇത്തരം വെല്ലുവിളികളെ നേരിടാനാവൂ. ഭൂതകാലങ്ങളിൽ വൃഥാ അഭിരമിക്കുന്ന, ജലപ്നങ്ങളിലും കെട്ട്കാഴ്ച്ചകളിലും മുഴുകുന്ന എത് സമൂഹവും കൊടുക്കേണ്ടി വരുന്ന വില വളരെ വലുതായിരിക്കും.

(കേരളശാസ്ത്ര സാഹിത്യ പരിഷത്ത്)

മംഗലാപുരത്തെ ആശുപത്രികൾ കാസർഗോഡിന്റെ ദൗർബല്യം

ദീപു എം. തോമസ്

കാസർഗോഡ്: അതിർത്തി അടച്ചതിൽ എന്താ കുഴപ്പം, നിങ്ങൾക്ക് നാട്ടിൽ ആശുപത്രിയില്ലേ? ഈ ചോദ്യം കാസർഗോഡുകാരോട് ആരും ചോദിക്കരുത്, കാരണം അവരുടെ ആരോഗ്യ സംരക്ഷണം മംഗലാപുരത്താണ്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, കാലങ്ങളായി കാസഗോഡിന്റെ രീതി അതാണ്. പെട്ടെന്ന് ഒരു പ്രഭാതത്തിൽ മാറ്റാൻ സാധിക്കുന്നതുമല്ല. ഇക്കാര്യം സമീപ ജില്ലകളിലും എന്തിന്, ജില്ലയിൽ തന്നെയുമുള്ള ആശുപത്രിക്കാരും സമ്മതിക്കും.

സർക്കാർ ആശുപത്രികളിൽ നിന്നുപോലും മംഗലാപുരത്തെ ആശുപത്രികളിലേക്കാണ് രോഗികളെ റഫർ ചെയ്യുന്നത്. തൊട്ടടുത്ത ജില്ലയായ കണ്ണൂരിൽ ഇതേ സൗകര്യങ്ങളുള്ള പരിയാരം മെഡിക്കൽ കൊളെജ് ഉണ്ടെങ്കിലും ഡോക്റ്റർമാർക്ക് പ്രിയം മംഗലാപുരം തന്നെ.

മെഡിക്കൽ കോളെജിനു തുല്യമായ സംവിധാനങ്ങളുള്ളതും മികച്ച സേവനം നൽകുന്നതുമായ 22 ആശുപത്രികളാണ് മംഗലാപുരത്തുള്ളത്. അവർ ജില്ലയുടെ എല്ലാഭാഗത്തും ക്യാംപുകൾ നടത്തിയും പാക്കെജുകൾ പ്രഖ്യാപിച്ചും രോഗികളെ തങ്ങളുടെ ആശുപത്രികളിലേക്ക് ആകർഷിക്കുന്നു. ഇതിനു പുറമെ ഫീസും കുറവാണ്.

മലയാളികൾക്കായി നിരവധി ഓഫറുകളും മിക്ക ആശുപത്രികളും പ്രഖ്യാപിച്ചിട്ടുണ്ട്. കാസർഗോഡ് ഒരു ക്ലിനിക്കിൽ ചീട്ട് എടുക്കുന്നതിന് 100-150 രൂപ വാങ്ങുമ്പോൾ (ഡോക്റ്ററെ കാണുന്നതിന് വേറെ) മംഗലാപുരത്ത് 20-30 രൂപയ്ക്ക് ഇതെല്ലാം നടക്കും. ഇതിനു പുറമെ കേരളത്തിൽ നിന്ന് എത്തുന്നവർക്ക് പ്രത്യേക ഡിസ്ക്കൗണ്ട് കാർഡുകളും ഉണ്ട്.

കാസർഗോഡുകാർക്കും മംഗളൂരുവിലെ ആതുരസേവനത്തെക്കുറിച്ച് നൂറ് നാവാണ്. ഡോക്റ്റർമാരും നഴ്സുമാരും നല്ല പരിചരണം നൽകുന്നു, കൃത്യസമയത്ത് ചികിത്സകൾ നടത്തുന്നു, ചെലവ് കുറവാണ് എന്നിങ്ങനെയാണ് അവരുടെ വിലയിരുത്തൽ. ജില്ലയിലെ ആശുപത്രികളിൽ ഓപ്പറേഷനും മറ്റും നിശ്ചയിച്ചു കഴിഞ്ഞാൽ പല വട്ടം മാറ്റിവയ്ക്കുന്നതു ബുദ്ധിമുട്ടാകുന്നതായി കാസർഗോഡുകാർ പറയുന്നു. ഇപ്പോൾ നിർമാണത്തിലിരിക്കുന്ന മെഡിക്കൽ കൊളെജിലും കാര്യമായ പ്രതീക്ഷ അവർക്കില്ല. പിന്നെയും താത്പര്യം കേന്ദ്ര സർവകലാശാല ആസ്ഥാനത്ത് വരുമെന്ന പറയുന്ന മെഡിക്കൽ കൊളെജിനോടാണ്.

സർക്കാർ മേഖലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയും കാസർഗോഡ് ജനറൽ ആശുപത്രിയും താലൂക്ക് ആശുപത്രികളും പഞ്ചായത്തുകൾ തോറും പിഎച്ച്സികളുമുണ്ടെങ്കിലും മറ്റ് ജില്ലകളെ അപേക്ഷിച്ച് ചികിത്സാ സൗകര്യങ്ങൾ പരിമിതം. ജില്ലയിൽ എല്ലാ മികച്ച സൗകര്യങ്ങളുമുള്ള സ്വകാര്യ ആശുപത്രികളില്ല എന്നതും കാസർഗോഡിനെ മംഗളൂരുവിലേക്ക് അടുപ്പിക്കുന്നു.

വിദഗ്ധ ചികിത്സയ്ക്ക് മംഗളൂരുവിൽ പോകുന്നതാണ് നല്ലതെന്ന് പറയുന്നതിൽ ഇവിടത്തെ ചില സർക്കാർ, സ്വകാര്യ ആശുപത്രികളിലെ

ഡോക്റ്റർമാർക്ക് മടിയില്ല. കാസർഗോഡിനെയും കണ്ണൂരിന്റെ വടക്കൻ പ്രദേശങ്ങളെയും ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന മംഗലാപുരം ലോബി ശക്തമായതാണ് അതിനുകാരണം. ഇതിന്റെ അടിസ്ഥാനത്തിൽ രോഗി മംഗളൂരുവിലെ ഏത് ആശുപ്രതിയിൽ ഏതു ഡോക്റ്ററെ കാണണം എന്നു പോലും നിർദേശിക്കുന്നുമുണ്ട്. രോഗി അവിടെ എത്തുന്നതിന് പിന്നാലെ ശിപാർശ ചെയ്യുന്ന ഡോക്റ്റർക്കുള്ള സമ്മാനങ്ങളും കിട്ടുമെന്നാണ് സംസാരം.

നാല് ജില്ലകളിൽ ചൂട് കൂടും

തിരുവനന്തപുരം: നാളെ വരെ കോഴിക്കോട്, തൃശൂർ ജില്ലകളിൽ ഉയർന്ന ദിനാന്തരീക്ഷ താപനില സാധാരണ താപനിലയെക്കാൾ 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ , കോട്ടയം ജില്ലകളിൽ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ചൂട് വർധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണ അഥോറിറ്റി പ്രത്യേക മുൻകരുതൽ നിർദേശങ്ങൾ പുറപ്പെടുവിച്ചു.

കടലോര സംസ്ഥാനമായതിനാൽ ഉയർന്ന അന്തരീക്ഷ ആർദ്രതയും താപസൂചിക ഉയർത്തുന്ന ഘടകമാണ്. സൂര്യതാപം, സൂര്യാഘാതം തുടങ്ങിയ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെ പ്രതിരോധിക്കാൻ വേണ്ടി താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കണം.

കൊവിഡ്-19 ജാഗ്രതയുടെ ഭാഗമായുള്ള ലോക്ക് ഡൌൺ തുടരുന്ന സാഹചര്യത്തിൽ പകൽ സമയത്ത് പുറംജോലികളിൽ ഏർപ്പെടുന്ന പൊലീസുകാർ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, കമ്മ്യൂണിറ്റി കിച്ചണിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവർ പ്രത്യേകമായ കരുതലും ജാഗ്രതയും പാലിക്കുക. ആവശ്യമായ വിശ്രമത്തോടെയും തണൽ ഉറപ്പു വരുത്തിയും മാത്രം ജോലിയിൽ ഏർപ്പെടുക.

ധാരാളമായി ശുദ്ധജലം കുടിക്കുക. വീട്ടിലിരിക്കുന്നവർ പകൽ 11 മണി മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ വെയിലേൽക്കുന്നത് ഒഴിവാക്കുക. .പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഏപ്രിൽ 15 മുതൽ റെയ്ൽ-വിമാന ടിക്കറ്റുകൾ; ബുക്കിങ് തകൃതി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കോവിഡ് വ്യപനം തടയുന്നതിനായി രാജ്യത്ത് പ്രഖ്യാപിച്ചിട്ടുള്ള ലോക്ക്ഡൗൺ ഏപ്രിൽ 14ന് അവസാനിക്കാനിരിക്കെ പിറ്റേന്ന് മുതലുള്ള ടിക്കറ്റ് ബുക്കിങ് ആരംഭിച്ച് ഇന്ത്യൻ റെയ്ൽവേയും വിമാനക്കമ്പനികളും. കേരളത്തിൽ നിന്ന് 15ന് ആരംഭിക്കുന്ന ദീർഘദൂര ട്രെയ്നുകളായ തിരുവനന്തപുരം-നിസാമുദ്ദീൻ എക്സ്പ്രസ്, അമൃതസർ എക്സ്പ്രസ്, കേരള എക്സപ്രസ് അടക്കമുള്ളവയും വിമാന കമ്പനികളിൽ സ്പൈസ്ജെറ്റ്, ഇൻഡിഗോ, ഗോ എയർ എന്നിവരുമാണ് ആഭ്യന്തര-അന്താരാഷ്ട്ര സർവീസുകളിൽ ഉൾപ്പടെ ടിക്കറ്റ് ബുക്കിങ് ആരംഭിച്ചിരിക്കുന്നത്.

നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ക്ഡൗൺ ഏപ്രിൽ 14 ൻശേഷം നീട്ടില്ല എന്ന വിവരം കേന്ദ്ര സർക്കാർ കഴിഞ്ഞ ദിവസം പുറത്തുവിട്ടിരുന്നു. ഇതിന് പിന്നാലെയാണ് ബുക്കിങ് തകൃതിയായി മുന്നോട്ടുപോകുന്നത്. തിരുവനന്തപുരം - കോഴിക്കോട് ജനശതാബ്ദി, തിരുവനന്തപുരം-ഗുരുവായൂർ ഇന്റർസിറ്റി തുടങ്ങിയ ട്രെയ്നുകളിലുമെല്ലാം ഈ ദിവസങ്ങളിൽ ബുക്കിങ് ലഭ്യമാണ്. ലോക്ക്ഡൗൺ ഏപ്രിൽ 14 ന് ശേഷവും നീട്ടുമെന്ന തരത്തിലുള്ള ആശങ്കകൾ ഉണ്ടായതിനെ തുടർന്ന് അങ്ങനെ ഒരു തീരുമാനം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര കാബിനറ്റ് സെക്രട്ടറി നിർദേശം പുറപ്പെടുവിച്ചിരുന്നു. ഇതോടെയാണ് യാത്രക്കാരും ബുക്കിങ്ങിൽ സജീവമായിത്തുടങ്ങിയത്.

അതേസമയം, രാജ്യത്താകമാനം ദിവസേന കൂടുതൽ കോവിഡ് 19 കേസുകളും സ്ഥിരീകരിക്കുന്നതിനാൽ ടിക്കറ്റ് ബുക്ക് ചെയ്തവരും ആശങ്കയിലാണ്. 14 ന്ശേഷം യാത്രകളിലെ നിയന്ത്രണം ഉണ്ടായാൽ ടിക്കറ്റിന്റെ പണം റീഫണ്ട് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്ന് ദക്ഷിണ റെയ്ൽവേ അധികൃതർ മെട്രൊ വാർത്തയോട് പറഞ്ഞു. എന്നാൽ വിഷയത്തിൽ വിമാന ക്കമ്പനികളുടെ ഔദ്യോഗിക പ്രസ്താവനകളൊന്നും ഇതുവരെ വന്നിട്ടില്ല.

4 ദിനം കൊണ്ട് കാസർഗോഡ് കൊവിഡ് കെയർ സെന്റർ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: 4 ദിവസം കൊണ്ട് കാസർഗോഡ് അതിനൂതന കൊവിഡ് കെയർസെന്റർ സംവിധാനങ്ങളൊരുക്കാൻ സർക്കാർ തീരുമാനം. 4 ദിവസം കൊണ്ട് ഐസൊലേഷൻ വാർഡുകളും 20 തീവ്ര പരിചരണ വിഭാഗങ്ങളും സജ്ജമാക്കണമെന്നാണ് നിർദേശം നൽകിയിരിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളെജിലെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനെയാണ് കൊവിഡ് രോഗികളെ ചികിത്സിക്കാനുള്ള പ്രത്യേക ആശുപത്രിയാക്കി ദ്രുതഗതിയിൽ മാറ്റുന്നത്. കാസർഗോഡ് ജില്ലയിൽ 90ലധികം കൊവിഡ് ബാധിതരുള്ള സാഹചര്യത്തിൽ എത്രയും വേഗം വിദഗ്ധ ഐസൊലേഷൻ ചികിത്സ ഒരുക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായാണ് മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം കാസർഗോഡ് കൊവിഡ് ചികിത്സാ കേന്ദ്രം സജ്ജമാക്കുന്നത്.

ഇതനുസരിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അടിയന്തരമായി അനുമതി നൽകി. അടിയന്തര ചികിത്സയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾക്കായി 4.21 കോടി രൂപയും കിടക്കകൾ ഉൾപ്പെടെയുള്ള ഫർണിച്ചറുകൾക്കായി 78.1 ലക്ഷം രൂപയും മരുന്നുകൾക്കും മറ്റുമായി രണ്ട് കോടി രൂപയും ഉൾപ്പെടെ ഒന്നാം ഘട്ടത്തിൽ ഏഴ് കോടിയുടെ അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ വ്യക്തമാക്കി. ആദ്യത്തെ മൂന്ന് നിലകളിലാണ് ഒന്നാം ഘട്ടത്തിൽ ചികിത്സയ്ക്കായി സജ്ജമാക്കുന്നത്. ഐസിയു യൂണിറ്റുകൾ, ഐസൊലേഷൻ വാർഡുകൾ, ഡോക്റ്റർമാർക്കും നഴ്സുമാർക്കുമുള്ള ഡ്യൂട്ടി റൂം, സ്റ്റോർ, ഫാർമസി എന്നിവയാണ് ഗ്രൗണ്ട് ഫ്ലോറിൽ സജ്ജമാക്കുന്നത്. കൊവിഡ് 19 രോഗം സ്ഥിരീകരിച്ചവരേയാണ് ഇവിടെ ചികിത്സിക്കുക. നിരീക്ഷണത്തിലുള്ള രോഗികളെ ഒന്നാം നിലയിലാണ് ചികിത്സിക്കുന്നത്. ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് ജോലി സമയത്തിന് ശേഷം വിശ്രമത്തിനായുള്ള സ്ഥലമായി രണ്ടാം നില ഉപയോഗിക്കും. ശേഷിക്കുന്ന മറ്റ് സ്ഥലങ്ങൾ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാക്കി ഘട്ടംഘട്ടമായി ഉപയോഗപ്പെടുത്തുന്നതാണ്. ഏറ്റവുമധികം പ്രവാസികൾ കൊവിഡ് രോഗബാധിതരായി എത്തിയ ജില്ലയാണ് കാസർഗോഡ്. അതിനാൽ തുടക്കംമുതലേ വലിയ പ്രവർത്തനങ്ങളാണ് അവിടെ നടത്തി വരുന്നത്. മെഡിക്കൽ കോളെജ് പൂർണതോതിൽ സജ്ജമാകുന്നതോടെ മംഗളുരുവിലേക്ക് ചികിത്സയ്ക്ക് പോകുന്നത് ഒഴിവാക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

സൗകര്യങ്ങൾ

ഗ്രൗണ്ട് ഫ്ലോറിൽ ലഭ്യമായ സ്ഥലത്ത് 14 കിടക്കകളുള്ള ഐസിയു, 129 കിടക്കകളുള്ള 9 ഐസൊലേഷൻ വാർഡ്, രണ്ട് കിടക്കകൾ വീതമുള്ള അഞ്ച് ഐസൊലേഷൻ മുറികൾ എന്നിവയാണുള്ളത്. ഫാർമസി, ഇസിജി റൂം, സ്റ്റോർ മുതലായവ സജ്ജമാക്കുന്നതാണ്. ഒന്നാം നിലയിൽ 75 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകളും സജ്ജമാക്കും. 5 ദിവസത്തിനകം ഇലട്രിക്കൽ ജോലികൾ പൂർത്തിയാക്കി വൈദ്യുതി ലഭ്യമാക്കാൻ കിറ്റ്കോയെ ചുമതലപ്പെടുത്തി. ആശുപത്രിയിൽ ശുദ്ധജലം ലഭ്യമാക്കാനായി കുഴൽക്കിണറിന്റെ വെള്ളം ഉപയോഗപ്പെടുത്തുന്നതാണ്. ഇതോടൊപ്പം ആംബുലൻസ്, യാത്രാ സൗകര്യം, ടെലഫോൺ, ക്യാന്റീൻ എന്നീ അനുബന്ധ സൗകര്യങ്ങളുമൊരുക്കും. കൊവിഡ് കെയർ സെന്ററിനാവശ്യമായ ആശുപത്രി ഉപകരണങ്ങളും കെഎംഎസ്സിഎൽ. വഴി ഉടൻ ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്യും. 20 ഐസിയു, 5 വെന്റിലേറ്റർ, 3 വെന്റിലേറ്റർ നോൺ ഇൻസേവ്, 20 മൾട്ടി പാരമീറ്റർ മോണിറ്റർ, 20 ഇൻഫ്യൂഷൻ പമ്പ്, 40 സിറിഞ്ച് പമ്പ്, 2 ഡിഫ്രിബ്രിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ, 15 ക്രാഷ് കാർട്ട്, 10 ക്രാഷ് കാർട്ട് ട്രോമ, 10 ഓക്സിജൻ സിലിണ്ടർ ബൾക്ക്, 10 ആംബു ബാഗ്, 4 ഇസിജി മെഷീൻ, 1 പോർട്ടബിൾ അൾട്രാസൗണ്ട് ഡോപ്ലർ, 1 അൾട്രാസൗണ്ട് ഡോപ്ലർ മെഷിൻ, 1 പോർട്ടബിൾ എക്സ്റേ, സർജിക്കൽ ഇൻസ്ട്രമെന്റ്സ്, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം തുടങ്ങിയ 41 തരം ആശുപത്രി ഉപകരണങ്ങളാണ് സജ്ജമാക്കുന്നത്. ഇതോടൊപ്പം 200 ആശുപത്രി കട്ടിലുകൾ, 200 ഐവി. സ്റ്റാന്റ്, ആവശ്യമായ വീൽച്ചെയർ, സ്ട്രക്ച്ചർ ട്രോളി തുടങ്ങിയ 14 വിവിധതരം ആശുപത്രി ഫർണിച്ചറുകളും ഒരുക്കുന്നുണ്ട്

ക്ഷീരകർഷകർ പ്രതിഷേധിച്ചു

പാലക്കാട്: സംഭരിക്കുന്ന പാൽ വിപണനം ചെയ്യാൻ സാധിക്കാതെ മിൽമ സംഭരണം നിർത്തിയതോടെ പ്രതിഷേധവുമായി കർഷകർ. ചിറ്റൂരിൽ ക്ഷീരകർഷകർ പാൽ ഒഴുക്കിക്കളഞ്ഞ് പ്രതിഷേധിച്ചു. ഇന്നലെ പാൽ സംഭരിക്കാതിരുന്ന മിൽമയോടുള്ള പ്രതിഷേധമാണിതെന്ന് ക്ഷീരകർഷകർ പറയുന്നു. കറന്നെടുത്ത ലിറ്ററുകണക്കിന് പാൽ എന്തുചെയ്യണമെന്നറിയാതെയാണ് കർഷകർ ഒഴുക്കി കളഞ്ഞത്. ചിറ്റൂരിൽ മാത്രം ഏകദേശം അമ്പതിനായിരത്തിലധികം ലിറ്റർ പാലാണ് ഒഴുക്കിക്കളഞ്ഞത്.

മലബാർ മേഖലയിൽ ഓരോ ദിവസവും ആറ് ലക്ഷം ലിറ്റർ പാലാണ് മിൽമ സംഭരിച്ചിരുന്നത്. എന്നാൽ ലോക്ക്ഡൗൺ വന്നതോടെ വിപണനം മൂന്ന് ലക്ഷം ലിറ്ററായി കുറഞ്ഞു. ബാക്കിവരുന്ന പാൽ തമിഴ്നാട്ടിലെത്തിച്ച് പാൽപ്പൊടിയാക്കിരുന്നു. കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയതിനെ തുടർന്നാണ് ഇന്നലെ പാൽ സംഭരിക്കില്ലെന്ന് മിൽമ അറിയിച്ചത്. ഇതോടെയാണ് പ്രതിഷേധിച്ചത്. കറന്നെടുക്കുന്ന പാൽ കമ്മ്യൂണിറ്റി കിച്ചനിലേക്ക് നൽകാനും ചില സൊസൈറ്റികൾ തീരുമാനിച്ചിട്ടുണ്ട്.

റേഷൻ: തൂക്കം കുറഞ്ഞാൽ നടപടിയെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സൗജന്യ അരിവിതരണത്തിനിടയിൽ തൂക്കത്തിൽ കുറവുണ്ടായാൽ കർശന നടപടി യെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സൗജന്യ റേഷൻ വിതരണത്തിന്റെ ആദ്യ ദിവസം 14.5 ലക്ഷത്തോളം പേർ വാങ്ങിയിട്ടുണ്ട്. 21,472 ടൺ ഇതിനായി വേണ്ടിവന്നു. പൂഴ്ത്തിവയ്പ്, കരിഞ്ചന്ത, അമിതവില ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് 212 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. 91 സ്ഥാപനങ്ങളിൽ ക്രമക്കേട് നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലർ ചില ഫാക്റ്ററികളിൽ ജോലി ചെയ്ത് അവിടെ താമസിച്ച് അവിടെ നിന്ന് ഭക്ഷണം കഴിക്കുന്നുണ്ട്. ചില തൊഴിലുടമകൾ ഈ തൊഴിലാളികളോട് ഭക്ഷണസമയത്ത് സർക്കാർ ക്യാംപിലേക്ക് പോയി ഭക്ഷണം കഴിക്കാൻ പറയുന്നു. അത് ശരിയായ നടപടിയല്ല. ഇതേവരെ ഉണ്ടായ സൗകര്യം അവർക്ക് തൊഴിലുടമകൾ തുടർന്നും അനുവദിക്കണം. കൊറോണ കഴിഞ്ഞാൽ നാളെയും തൊഴിലാളികളെ ആവശ്യമുള്ളതാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധാന്യം വീടുകളിൽ എത്തിക്കും. ക്വാറന്റൈനിലുള്ളവർക്കുള്ള ക്ഷേമ പെൻഷൻ അവരുടെ ബാങ്കുകളിലെത്തിക്കും.

ലോക്ഡൗൺ പാലിക്കുന്നതിലെ കാർക്കശ്യം തുടരണം. അനാവശ്യമായി പുറത്തിറങ്ങിയ ആളുകളെ തിരിച്ചുവിടുകയാണ് ചെയ്യുന്നത്. 22,338 കേസുകൾ രജിസ്റ്റർ ചെയ്തു. 2155 പേരെ അറസ്റ്റ് ചെയ്തു. 12,783 വാഹനങ്ങൾ പിടിച്ചു. അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെ എപിഡമിക് ആക്റ്റ് പ്രകാരം കേസ് എടുക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ആശുപത്രിയിൽ പോകാൻ ഐഎംഎയുടെ ആംബുലൻസ്

വിളിക്കാം 91 88 100 100 നമ്പറിലേക്ക്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് 19ന്റെ പശ്ചാത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ആശുപത്രികളിലേക്കും തിരികേയും പോകുന്നതിന് കുറഞ്ഞ നിരക്കിൽ സേവനമൊരുക്കി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ. കേരള പൊലീസ്, ഡോ. രമേഷ് കുമാർ ഫൗണ്ടേഷൻ, സ്വകാര്യ ആംബുലൻസ് അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ ആരംഭിച്ച ട്രോമ റെസ്ക്യൂ ഇൻഷേറ്റീവിന്റ നേതൃത്വത്തിലാണ് ആംബുലൻസ് സൗകര്യമൊരുക്കുന്നത്.

കഴിഞ്ഞ രണ്ട് വർഷമായി ആക്സിഡന്റ് രോഗികളുടെ സഹായത്തിനായി പ്രവർത്തിച്ചു വരുന്നതാണ് ട്രോമ റെസ്ക്യൂ ഇൻഷേറ്റീവ്. കോവിഡ് രോഗികളെ എത്തിക്കുന്നതിന് 108 ആംബുലൻസുകൾക്ക് പുറമേ ഈ ആംബുലൻസുകളും ഉപയോഗിക്കാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ സാധാരണ രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ആശുപത്രിയിൽ പോകാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിലുമാണ് ഇങ്ങനെയൊരു സംവിധാനം ആവിഷ്ക്കരിച്ചിരിക്കുന്നത്. സംസ്ഥാനത്തുള്ള 1500 ഓളം ആംബുലൻസുകളിൽ നിന്നും ഈ സേവനം ലഭ്യമാകുന്നതാണ്. ചെറിയ ആംബുലൻസുകൾക്ക് 10 കിലോമീറ്ററിന് 500 രൂപയും അധികം വരുന്ന ഓരോ കിലോമീറ്ററിന് 15 രൂപ വീതവും വലിയ ആംബുലൻസുകൾക്ക് 10 കിലോമീറ്ററിന് 600 രൂപയും അധികം വരുന്ന ഓരോ കിലോമീറ്ററിന് 20 രൂപ വീതവുമാണ് ഈടാകുന്നത്.

ഈ ആംബുലൻസ് സേവനത്തിനായി 91 88 100 100 എന്ന നമ്പരിൽ വിളിക്കേണ്ടതാണ്.

ധൂർത്ത് വെല്ലുവിളി: കെ.സുരേന്ദ്രൻ

തിരുവനന്തപുരം: കൊറോണ ക്കാലത്ത് സർക്കാർ ജീവനക്കാരുടെ ശമ്പളമുൾപ്പടെ പിടിച്ചെടുത്ത് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ശ്രമിക്കുന്ന സർക്കാർ ധൂർത്ത് നടത്തി ജനങ്ങളെ വെല്ലുവിളിക്കുകയാണെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ കുറ്റപ്പെടുത്തി. മുഖ്യമന്ത്രിക്ക് സഞ്ചരിക്കാൻ ഹെലികോപ്റ്റർ വാങ്ങുന്നതിന് ഈ പ്രതിസന്ധിക്കാലത്ത് ഒന്നരക്കോടി രൂപ നൽകിയത് അംഗീകരിക്കാനാകില്ല. ഇവിടെ ഒന്നിനും പണമില്ലന്ന് വിലപിക്കുന്ന ധനമന്ത്രി തോമസ് ഐസക് ജനങ്ങളെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. ധൂർത്ത് അവസാനിപ്പിച്ച് സാമ്പത്തിക അച്ചടക്കം പാലിക്കുകയാണ് ധനമന്ത്രി ചെയ്യേണ്ടതെന്നും സുരേന്ദ്രൻ പറഞ്ഞു.

പ്രളയകാലത്ത് സർക്കാർ ജീവനക്കാരും സാധാരണ ജനങ്ങളുമുൾപ്പടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ പണം കൃത്യമായി വിനിയോഗിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. ദുരിതബാധിതർക്ക് സഹായം ലഭിച്ചില്ലന്നു മാത്രമല്ല, സിപിഎം നേതാക്കൾ പണം തട്ടിയെടുക്കുന്ന സംഭവവും ഉണ്ടായി. ഇപ്പോൾ ദുരിതാശ്വാസത്തിന്റെ പേരിൽ വീണ്ടും ശമ്പളമുൾപ്പടെ പിടിച്ചെടുക്കാൻ തീരുമാനിക്കുമ്പോൾ എന്തു വിശ്വസിച്ച് പണം നൽകുമെന്ന് സുരേന്ദ്രൻ ചോദിച്ചു.

ദുരിതാശ്വാസനിധിയിലേക്ക് മന്ത്രിമാർ നൽകുന്നത് ഒരു ലക്ഷം വീതം

തിരുവനന്തപുരം:മന്ത്രിമാരുടെ പ്രതിമാസ ശമ്പളം 92,423 രൂപയാണെങ്കിലും ഒരു ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യണമെന്ന് മന്ത്രിസഭായോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

പാർട്ട് ടൈം, കാഷ്വൽ ജീവനക്കാരെ സാലറി ചലഞ്ചിന്റെ ഭാഗമാക്കണമെന്ന് ഉദ്ദേശിക്കുന്നില്ല.കഴിഞ്ഞ പ്രളയകാലത്ത് എതിർപ്പുകൾ ഉണ്ടായിട്ടും ആളുകൾ വലിയതോതിൽ സഹകരിച്ചു.

ഇതുപോലെ മാരകമായ വിപത്ത് നേരിടുമ്പോൾ ഒരു മാസത്തെ ശമ്പളം നൽകണമെന്നാണ് സർക്കാരിന്റെ അഭ്യർത്ഥന.നേരത്തെ, പ്രളയകാലത്തെ സഹായം അത് സംബന്ധിച്ച അക്കൗണ്ടിലേയ്ക്കായിരുന്നു.ഇപ്പോഴത്തേത് കൊവിഡ് സംബന്ധിച്ച അക്കൗണ്ടിലേയ്ക്കാണ്.ഇതിൽ ആളുകൾ വിസമ്മതം പ്രകടിപ്പിക്കുമെന്ന് കരുതുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഡോക്ടർമാരെ ആരെയും നിർബന്ധിച്ച് മദ്യപിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് പറയുന്നില്ല. ഇതുസംബന്ധിച്ച് സർക്കാർ ഒരു ഉത്തരവും ഇറക്കിയിട്ടില്ല.ഈ ലോക്ഡൗൺ കാലത്ത് മദ്യാസക്തി ഉള്ളവരെ വിമുക്തി മുഖേന ചികിത്സയ്ക്ക് വിധേയമാക്കണമെന്നാണ് നിലപാട്.വ്യാജമദ്യ നിർമാണം കർശനമായി തടയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

'അത് നേരത്തേ തീരുമാനിച്ചതാണ്.ഉത്തരവിന്റെ അടിസ്ഥാനത്തിൽ പണവും കൊടുക്കും '-സർക്കാർ ഹെലികോപ്റ്റർ വാങ്ങുന്നതിന് പണം കൊടുക്കാൻ തീരുമാനിച്ചതിനെപ്പറ്റിയുള്ള ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞു.

- മുഖ്യമന്ത്രിയുടെ പരാതിപരിഹാര സംവിധാനമായ സ്ട്രെയ്റ്റ് ഫോർവേഡിന് ഐഎസ് ഒ സർട്ടിഫിക്കറ്റ്
- കളമശ്ശേരി മെഡി.കോളെജിന് ബിപിസിഎൽ വക 30 ഐസിയു കിടക്കയ്ക്ക് ഒരു കോടി, പരിയാരത്തിന് ഒരു കോടി, പത്തനംതിട്ട ജില്ലാ ആശുപത്രിക്ക് 56 ലക്ഷം
- കൊറോണ:മാനസിക സംഘർഷം തടയാൻ കൗൺസലിങ്ങിന് 947 പേർ
- പ്രവാസി മലയാളികളുടെ കൊറോണ മരണം: മൃതദേഹം കൊണ്ടുവരാൻ കേന്ദ്രാനുമതി തേടും
- വിദേശങ്ങളിലെ നഴ്സുമാർക്ക് കൊറോണ പ്രതിരോധ സംവിധാനം ഏർപ്പെടുത്താനിടപെടണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കും
- ഗൾഫ് മലയാളികൾക്ക് ക്വാറന്റൈനിൽ കഴിയാൻ സംവിധാനമേർപ്പെടുത്താൻ എംബസിയോട് അഭ്യർത്ഥിക്കും
- സന്നദ്ധ പ്രവർത്തനത്തിന് ക്രിമിനൽ പശ്ചാത്തലമുള്ളവർ പാടില്ല
- അടച്ചിട്ട കടമുറികൾക്ക് ഒരു മാസത്തെ വാടക ഇളവുചെയ്യാൻ ബിൽഡിംഗ് അസോസിയേഷൻ
- കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പിന്റെ തുടർച്ച നൽകണം

ബ്രിട്ടീഷ് പൗരന് രോഗം ഭേദമായി

കൊച്ചി: കൊവിഡ് ബാധയെ തുടർന്ന് എറണാകുളം മെഡിക്കൽ കോളെജ് ആശുപത്രിയിൽ രണ്ടാഴ്ചയിലേറെയായി ചികിത്സയിലായിരുന്ന ബ്രിട്ടീഷ് പൗരന്റെ രോഗം ഭേദമായി. കോവിഡ് 19 മൂലം ഗുരുതരമായ ന്യൂമോണിയ ബാധിച്ചു കഴിഞ്ഞ 15 മുതൽ ചികിത്സയിലായിരുന്ന ബ്രയാൻ നീൽ (57) ആണ് ഇന്നലെ ആശുപത്രി വിട്ടത്. വിനോദ സഞ്ചാരത്തിന് എത്തിയ ബ്രിട്ടീഷ് സംഘത്തിൽ പെട്ട ബ്രയാൻ നീലും ഭാര്യ ജെയിൻ ലോക്ക്‌വുഡും ആരോഗ്യ വിദഗ്ധരുടെയും പൊലീസിന്റെയും മുന്നറിയിപ്പ് കണക്കിലെടുക്കാതെ ബ്രിട്ടനിലേക്ക് മടങ്ങാൻ നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിയപ്പോൾ കഴിഞ്ഞ 15നാണ് അധികൃതർ തടഞ്ഞുവച്ച് ആശുപത്രിയിലേക്കു മാറ്റിയത്.

വിമാനം പുറപ്പെടുന്നതിനു 45 മിനിറ്റു മുൻപായിരുന്നു ഇത്. കോവിഡ്-19 പരിശോധനാ ഫലം പോസറ്റീവ് ആയതിനെ തുടർന്നു മെഡിക്കൽ കോളെജിലെ ഐസലോഷൻ വാർഡിൽ പ്രവേശിപ്പിച്ചത്. സംസ്ഥാന മെഡിക്കൽ ബോർഡിന്റെ അനുമതിയോടെ 14 ദിവസം ആന്റിവൈറൽ (എച്ച്ഐവി) മരുന്നുകളായ ലോപിനേവിറും റിറ്റോനവിനറും നൽകിയതിനെ തുടർന്നു രോഗം ഭേദമായി. കോവിഡ് ഭേദമായെങ്കിലും നെഞ്ചിൽ ന്യുമോണിയ ബാധ പടർന്നതായി കണ്ടെത്തി. തുടർന്നുള്ള പനി ചികിത്സയിൽ കഴിഞ്ഞ 5 ദിവസമായി ന്യുമോണിയയും ഭേദമായി. പ്രഫ. ഡോ.ഫത്താഹുദ്ദീൻ, ഡോ.ജേക്കബ് കെ.ജേക്കബ്, ഡോ.ഗണേഷ് മോഹൻ, ഡോ.ഗീത നായർ, ഡോ.വിധുകുമാർ, ഡോ. വിഭ സന്തോഷ്, ഡോ.റെനിമോൾ എന്നിവരടങ്ങിയ മെഡിക്കൽ സംഘമാണു ചികിത്സിച്ചത്. ജെയ്ൻ ലോക്ക്‌വുഡിന് കോവിഡ് ഇല്ലാത്തതിനാൽ നേരത്തെ ഡിസ്ചാർജ് ചെയ്തിരുന്നു.

നിസാമുദീനിൽ പോയവരെ കണ്ടെത്താൻ ദക്ഷിണേന്ത്യൻ സർക്കാരുകൾ

ചെന്നൈ: കൊവിഡ് 19 വൈറസിന്റെ പ്രമുഖ പ്രഭവകേന്ദ്രമായി മാറിയ നിസാമുദീനിലെ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരെ കണ്ടെത്തി നിരീക്ഷണത്തിലാക്കാനും രോഗബാധിതരുണ്ടെങ്കിൽ അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കാനുമുള്ള പരിശ്രമങ്ങളിൽ ദക്ഷിണേന്ത്യ. തമിഴ്നാട്ടിൽ നിന്നും തെലങ്കാനയിൽ നിന്നുമായി മാത്രം 2700 പേരെങ്കിലും മർക്കസ് നിസാമുദീനിലെത്തിയിട്ടുണ്ടെന്നാണു സംസ്ഥാന സർക്കാരുകളുടെ നിഗമനം.

തമിഴ്നാട്ടിൽ നിന്ന് 1500 പേരും തെലങ്കാനയിൽ നിന്ന് 1200 പേരും നിസാമുദീനിൽ പോയി എന്നാണു സർക്കാരുകൾ പറയുന്നത്. തമിഴ്നാട്ടിൽ നിന്നു പോയവരിൽ 1,131 പേർ തിരിച്ചെത്തിയതായി മുഖ്യമന്ത്രി കെ. പളനി സാമി പറഞ്ഞു. ഇവരെയെല്ലാം കണ്ടെത്താനുള്ള ശ്രമത്തിലാണു സർക്കാർ. 515 പേരെയാണു ഇതുവരെ കണ്ടെത്തിയിരിക്കുന്നത്. വിശദമായ മേൽവിലാസം ലഭിക്കാത്തതു പ്രശ്നമാവുന്നുണ്ടെന്നും നിസാമുദീനിൽ പോയവർ സ്വയം അധികൃതർക്കു മുന്നിൽ ഹാജരാവണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു. ജില്ലാ ഭരണകൂടങ്ങളും പൊലീസും ഇവരെ കണ്ടെത്താനുള്ള കഠിന പ്രയത്നത്തിലാണെന്നും പളനി സാമി.

തമിഴ്നാട്ടിൽ കഴിഞ്ഞദിവസം കൊവിഡ് സ്ഥിരീകരിച്ച 57 പേരിൽ 50 പേരും തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരാണ്. ഇതു തന്നെ സംഭവത്തിന്റെ ഗൗരവം ഏറെ വലുതാക്കുന്നുണ്ട്.

സമ്മേളനത്തിൽ പങ്കെടുത്ത പലർക്കും കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ടെന്ന് തെലങ്കാന ആരോഗ്യമന്ത്രി രാജേന്ദർ പറഞ്ഞു. നിസാമുദീനിൽ പോയിരുന്ന ആറു പേർ തെലങ്കാനയിൽ കൊവിഡ് ബാധിച്ചു മരിച്ചിട്ടുമുണ്ട്. കഴിഞ്ഞ മൂന്നു ദിവസവും നിസാമുദീനിൽ പോയവർക്കു മാത്രമാണ് തെലങ്കാനയിൽ കൊറോണ സ്ഥിരീകരിച്ചതെന്ന് ആരോഗ്യ മന്ത്രി.

ആന്ധ്രപ്രദേശിൽ ഇന്നലെ കൊവിഡ് സ്ഥിരീകരിച്ച 43 പേരിൽ ഭൂരിഭാഗവും നിസാമുദീനിൽ പോയവരാണ്. മത സമ്മേളനത്തിൽ പങ്കെടുത്ത 78 പേരെയാണ് കർണാടക സർക്കാർ ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഇവർ ക്വാറന്റൈനിലായിട്ടുണ്ടെന്ന് കർണാടക അഡീഷനൽ ചീഫ് സെക്രട്ടറി ജാവേദ് അക്തർ പറഞ്ഞു.

ചുരുങ്ങിയത് 300 പേർ കർണാടകയിൽ നിന്നു സമ്മേളനത്തിൽ പങ്കെടുത്തുവെന്നാണു കരുതുന്നത്. നിസാമുദീനിൽ പോയവർ സ്വയം ഹാജരാവണമെന്ന് കർണാടകയും അഭ്യർഥിച്ചിട്ടുണ്ട്. നിസാമുദീൻ സമ്മേളനത്തിൽ പങ്കെടുത്ത 62 മലേഷ്യ- ഇന്തോനേഷ്യക്കാർ കർണാടകയിൽ എത്തിയിട്ടുണ്ടെന്നാണു വിവരം ലഭിച്ചിരിക്കുന്നതെന്ന് സംസ്ഥാന ആരോഗ്യ മന്ത്രി ബി. ശ്രീരാമലു പറഞ്ഞു. പുതുച്ചേരിയിൽ ഇന്നലെ സ്ഥിരീകരിച്ച രണ്ടു കൊവിഡ് കേസുകളും നിസാമുദീനിൽ പോയവരിലാണ്.

ഇതിനിടെ, നിസാമുദീൻ സമ്മേളനത്തിൽ പങ്കെടുത്ത വിദേശികളടക്കം 252 പേരെ മഹാരാഷ്ട്രയിൽ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ ഇന്നലെ വ്യക്തമാക്കി. ഒരു ഡസനിലേറെ ഇന്തോനേഷ്യക്കാർ ഇവരിൽ ഉൾപ്പെടുന്നു.

ഹരിയാനയിൽ 503 പേരെ കണ്ടെത്തി

ചണ്ഡിഗഢ്: നിസാമുദീൻ സമ്മേളനത്തിൽ പങ്കെടുത്ത 72 വിദേശികൾ അടക്കം 503 പേരെ ഹരിയാനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് സംസ്ഥാന ആഭ്യന്തര മന്ത്രി അനിൽ വിജ് പറഞ്ഞു. ഇവരിൽ തമിഴ്നാട്ടുകാരും നേപ്പാളിൽ നിന്നു വന്നവരുമുണ്ട്. പഞ്ചാബിൽ നിന്നു പങ്കെടുത്ത ഒമ്പതു പേർ ഡൽഹിയിലുണ്ടെന്ന് സംസ്ഥാന സർക്കാരും വ്യക്തമാക്കി. ഗുജറാത്തിൽ നിന്ന് 1500 പേരോളം പങ്കെടുത്തിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി വിജയ് രൂപാണി പറയുന്നത്.

യുപിയിൽ 11 ബംഗ്ലാദേശികൾ അടക്കം 14 പേരെ ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ബദോയിയിലെ ഗസ്റ്റ് ഹൗസിൽ ഇവർ താമസിച്ചിരുന്ന വിവരം പൊലീസിനെ അറിയിക്കാഞ്ഞതിന് മർക്കസ് കമ്മിറ്റി അംഗം കമാലുദീൻ അൻസാരിക്കെതിരേ കേസെടുത്തു. കാജിപ്പൂരിലെ മോസ്കിൽ നൂറുകണക്കിനാളുകൾ പങ്കെടുത്ത മതസമ്മേളനവും ഇവർ വിളിച്ചുകൂട്ടിയെന്ന് യുപി പൊലീസ് പറയുന്നു. ഉത്തരഖണ്ഡിൽ നിന്നുപോയ 26 പേർ ഡൽഹിയിൽ തന്നെയുണ്ടെന്നു വ്യക്തമായിട്ടുണ്ട്. ഛത്തിസ്ഗഡിൽ നിന്ന് 101 പേരെക്കുറിച്ചുള്ള വിവരം കിട്ടിയതായി അവിടുത്തെ സർക്കാർ. മധ്യപ്രദേശിൽ 107 പേരും ജമ്മുവിൽ 10 പേരും ക്വാറന്റൈനിലുണ്ട്. നിസാമുദീനിൽ നിന്നു തിരിച്ചെത്തിയ 18 പേർ നേപ്പാളിൽ ക്വാറന്റൈനിലാണ്.

ശമ്പളം നിയന്ത്രിച്ച് സംസ്ഥാനങ്ങൾ

ന്യൂഡൽഹി: കൊവിഡ് 19 പടർന്നതിനു പിന്നാലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്നു ജീവനക്കാരുടെ ശമ്പളത്തിൽ കൈവച്ചു സംസ്ഥാനങ്ങൾ. തെലങ്കാന മുഖ്യമന്ത്രി കെ. ചന്ദ്രശേഖര റാവുവാണ് ഇതുസംബന്ധിച്ച നടപടികൾ ആദ്യം പ്രഖ്യാപിച്ചത്. മഹാരാഷ്ട്ര, ഒഡീശ, രാജസ്ഥാൻ തുടങ്ങി സംസ്ഥാനങ്ങൾ ഇതിനൊപ്പം ചേർന്നു.

എംഎൽഎമാരുടെയും മന്ത്രിമാരുടെയും ശമ്പളം 75 ശതമാനം വെട്ടിക്കുറയ്ക്കുമെന്നാണു ചന്ദ്രശേഖര റാവു അറിയിച്ചത്. സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെയും പൊലീസ്, വിദേശകാര്യമുൾപ്പെടെ കേന്ദ്ര സർവീസ് ഉദ്യോഗസ്ഥരുടെയും ശമ്പളത്തിൽ 60 ശതമാനം കുറയ്ക്കുമെന്നും മറ്റു ജീവനക്കാരുടെ ശമ്പളത്തിലും വിരമിച്ചവരുടെ പെൻഷനിലും 50 ശതമാനം കുറയ്ക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. താഴ്ന്ന ക്ലാസിലുള്ളവർക്കും 10 ശതമാനം ശമ്പളം കുറയ്ക്കുമെന്നാണു പ്രഖ്യാപനം.

ഇതിനു പിന്നാലെയാണ് മഹാരാഷ്ട്രയും ഒഡീശയും രാജസ്ഥാനും ആന്ധ്രയും ശമ്പള വിതരണത്തിൽ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചത്. മുഖ്യമന്ത്രി ഉൾപ്പെടെ എംഎൽഎമാർക്ക് മാർച്ചിൽ ശമ്പളത്തിന്റെ 60 ശതമാനം മാത്രമേ നൽകാനാവൂ എന്ന് മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാർ വ്യക്തമാക്കി. അവിടെയും ക്ലാസ് 1,2 ജീവനക്കാർക്ക് ശമ്പളത്തിന്റെ 50 ശതമാനവും ക്ലാസ് 3 ജീവനക്കാർക്ക് 25 ശതമാനവും വെട്ടിക്കുറയ്ക്കുമെന്നാണു പ്രഖ്യാപനം.

ഒഡീശയിൽ മന്ത്രിമാരുടെയും എംഎൽഎമാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുടെയും ശമ്പളം തത്കാലം നൽകാനാവില്ലെന്നാണു സർക്കാർ പ്രഖ്യാപനം. 70 ശതമാനം ഇപ്പോൾ വെട്ടിക്കുറയ്ക്കും. ശേഷിക്കുന്ന 30 ശതമാനം നൽകും. പിന്നീട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ ഇതു നൽകാമെന്നും സർക്കാർ.

ആന്ധ്രപ്രദേശും രാജസ്ഥാനും ശമ്പളം നൽകുന്നതു മാറ്റിവച്ചിരിക്കുകയാണ്. ഇപ്പോൾ നൽകിയാലും പകുതി മാത്രമേ കൊടുക്കാനാവൂ എന്നാണു തീരുമാനം. കേരളത്തിൽ ജീവനക്കാർക്കു പ്രളയകാലത്തേതിനു സമാനമായി സാലറി ചലഞ്ച് പ്രഖ്യാപിച്ചിരുന്നു മുഖ്യമന്ത്രി. അതേസമയം, കർണാടകയിൽ മുഖ്യമന്ത്രി ബി.എസ്. യെദിയൂരപ്പ ഒരു വർഷത്തെ ശമ്പളം കൊവിഡ് പ്രതിരോധത്തിനു സംഭാവന ചെയ്തു.

നിയന്ത്രണം ജനങ്ങളെ ഏൽപ്പിച്ച് സ്വീഡൻ

സ്റ്റോക്ഹോം: അടച്ചുപൂട്ടലുകളും കർശനനിയന്ത്രണങ്ങളും ഏർപ്പെടുത്തി യൂറോപ്പിലെ മറ്റ് രാജ്യങ്ങൾ കൊവിഡിനെ പ്രതിരോധിക്കാൻ ശ്രമിക്കുമ്പോൾ സ്വീഡൻ കാര്യങ്ങൾ കടുപ്പിക്കുന്നില്ല.

സ്കൂളുകൾക്ക് പോലും അവധി നൽകാതെ കൊറോണ വൈറസിനെ പ്രതിരോധിക്കാൻ രാജ്യത്തിലെ ജനങ്ങളോട് അഭ്യർഥിക്കുക മാത്രമാണ് സ്വീഡൻ ചെയ്യുന്നത്. നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ കൊവിഡിനെ പ്രതിരോധിക്കാനുള്ള ഉത്തരവാദിത്തം ജനങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ് രാജ്യം.

രോഗപ്രതിരോധത്തിനായി മറ്റ് രാജ്യങ്ങൾ ഏതെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് സ്വീഡനിലെ ആരോഗ്യവിദഗ്ധർ വിശദമായ പഠനം നടത്തി. അതിന് ശേഷം ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി. വൈറസ് വ്യാപനം കുറയ്ക്കാൻ അനുയോജ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ജനങ്ങളോട് തന്നെ ആവശ്യപ്പെട്ടു അത് അംഗീകരിച്ച് അവർ നീങ്ങുന്നു എന്ന വിലയിരുത്തലാണ് രാജ്യത്തെ ആരോഗ്യ വകുപ്പ് നൽകുന്നത്.

പരിശോധന കാര്യക്ഷമമാക്കാൻ ബ്രിട്ടൻ

ലണ്ടൻ : കൊവിഡ് പരിശോധനയ്ക്കെതിരെ ബ്രിട്ടനിൽ നടക്കുന്ന പരിശോധനകൾ കാര്യക്ഷമമല്ലന്ന് പരാതി. ഇതോടെ ദിവസം 25,000 പേരെ വീതം കൊവിഡ് പരിശോധനക്ക് വിധേയരാക്കാൻ ബ്രിട്ടൻ തീരുമാനിച്ചു. ഏപ്രിൽ മധ്യത്തോടെ ഇതിന് വേണ്ട ക്രമീകരണങ്ങൾ സജ്ജമാക്കും. നിലവിൽ ദിവസം 12750 പേരെയാണ് രാജ്യത്ത് പരിശോധനക്ക് വിധേയരാകുന്നത്.

കരുതിയില്ലെങ്കിൽ കൈവിട്ടുപോകുമെന്നു ട്രംപ്

പേടിക്കടലിൽ യുഎസ്

മരണസംഖ്യ 2.40 ലക്ഷമാകുമെന്നു മുന്നറിയിപ്പ്

വാഷിങ്ടൺ: അടുത്ത രണ്ടാഴ്ച യുഎസിന് അതിനിർണായകമാകുമെന്ന മുന്നറിയിപ്പുമായി പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. യുഎസിലെ മരണസംഖ്യ ഒരു ലക്ഷത്തിനും 2.4 ലക്ഷത്തിനും ഇടയ്ക്കായിരിക്കുമെന്നും മുന്നറിയിപ്പ്. സ്ഥിതി അത്രമേൽ ഗുരുതരമാണ്. ജനങ്ങൾ പരസ്പരം സഹായിക്കുക, പ്രതിരോധത്തിന്റെ കോട്ട ബലപ്പെടുത്തുക. അല്ലാതെ വേറേ വഴിയില്ല. കരുതിയിരുന്നില്ലെങ്കിൽ കാര്യങ്ങൾ കൈവിട്ടുപോകും- വൈറ്റ് ഹൗസിലെ വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് ട്രംപ് തുറന്നുപറഞ്ഞു; വിതുമ്പലിന്റെ വക്കിൽ നിന്നുകൊണ്ട്.

അതീവഗുരുതരമാണ് യുഎസിലെ സ്ഥിതി. ഇന്നലെ വരെ ലഭിക്കുന്ന കണക്കനുസരിച്ച് 1,89,633 പേരിൽ രോഗം സ്ഥിരീകരിച്ചു. 4,081 ആണു മരണസംഖ്യ. ഈ അവസ്ഥ തുടർന്നാൽ അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ മരണ സംഖ്യ ഒരു ലക്ഷത്തിനും രണ്ടര ലക്ഷത്തിനും ഇടയിലെത്തും. പ്രതിരോധിക്കാൻ അത്ഭുത വാക്സിനുകളൊന്നും നിലവിലില്ല. അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്നവരുടെ ജീവൻ നിലനിർത്താൻ ജീവൻ രക്ഷാ ഉപകരണങ്ങളുമില്ല.

ന്യൂജഴ്സി, ന്യൂയോർക്ക്, മാസച്യുസെറ്റ്സ്, വാഷിങ്ടൺ തുടങ്ങിയ സംസ്ഥാനങ്ങളിലാണു രോഗികൾ കൂടുതലുള്ളത്. മറ്റു സംസ്ഥാനങ്ങളിലും രോഗം പടർന്നു. നഗരങ്ങളിലെ ഒട്ടുമിക്ക ആശുപത്രികളിലും രോഗികളെക്കൊണ്ടു നിറഞ്ഞു. വെന്റിലേറ്ററുകൾ അടക്കമുള്ള അവശ്യ ഉപകരണങ്ങൾ കിട്ടാനില്ല. രാജ്യത്തെ പ്രമുഖ ഐടി, ഓൺലൈൻ മാർക്കറ്റിങ്, മെഡിക്കൽ യൂണിറ്റുകളെല്ലാം സ്വന്തം ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതു നിർത്തിവച്ച് ജീവൻ രക്ഷാ ഉപകരണങ്ങൾ ഉണ്ടാക്കുന്ന തിരക്കിലാണ്. രണ്ടു ഡസണോളം ഡോക്റ്റർമാരും നഴ്സുമാരും കൊറോണ ബാധിച്ചു മരിച്ചതോടെ ആരോഗ്യ പ്രവർത്തന മേഖലയും കടുത്ത പ്രതിസന്ധിയിലാണ്.

പല ആശുപത്രികളിലും കൊവിഡ് ബാധിച്ചു മരിച്ചവരുടെ മൃതദേഹങ്ങൾ സൂക്ഷിക്കാൻ സൗകര്യമില്ല. ആശുപത്രികളിൽ നിന്നു നീക്കം ചെയ്തു പൊതുസ്ഥലത്തു സംസ്കരിക്കാൻ ആവശ്യമായ ജീവനക്കാരെയും കിട്ടാനില്ല. രോഗവിവരങ്ങളെക്കുറിച്ചു സോഷ്യൽ മീഡിയ വഴി പുറത്തുവിടുന്നതു കർശനമായി നിരോധിച്ചിട്ടുള്ളതിനാൽ പലരും പുറംലോകവുമായി ബന്ധപ്പെടുന്നില്ല.

സോഷ്യൽ ഡിസ്റ്റൻസിങ് പാലിക്കുന്നതിൽ വരുത്തിയ വീഴ്ചയാണ് ഇപ്പോൾ സ്ഥിതി ഗുരുതരമാക്കിയത്. രോഗവ്യാപനത്തിന്റെ തുടക്കത്തിൽ സാധാരണ ഫ്ലൂ പോലെ മാത്രമേ പ്രസിഡന്റ് ട്രംപും കൊവിഡിനെ കണ്ടിരുന്നുള്ളൂ. കഴിഞ്ഞവർഷം 70,000 പേരാണു യുഎസിൽ വൈറൽ ഫ്ലൂ വന്നു മരിച്ചത്. ഫ്ലൂവിനെ പ്രതിരോധിക്കാൻ ലോക് ഡൗൺ പോലുള്ള കടുത്ത നടപടി സ്വീകരിച്ചിട്ടില്ലല്ലോ എന്നായിരുന്നു ട്രംപ് കണ്ടെത്തിയ കാരണം. ലോക്ക് ഡൗൺ മൂലമുള്ള പ്രതിസന്ധിയിൽ ചെറുപ്പക്കാർക്കു തൊഴിൽ നഷ്ടമാകുമെന്നും അത് നവംബറിൽ നടക്കാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ തനിക്കു തിരിച്ചടിയാകുമെന്നും ട്രംപ് ഭയന്നു.

പ്രതീക്ഷിക്കാത്ത തരത്തിലാണ് യുഎസിൽ രോഗവ്യാപനമെന്നു പ്രസിഡന്റ് ട്രംപ് ഇന്നലെ ജനങ്ങളോടു വിശദീകരിച്ചു. "നമ്മൾ എത്രമാത്രം ഊർജിതമായി പരിശ്രമിക്കുന്നോ, അതനുസരിച്ച് കൊവിഡ് വൈറസിനെ പുറന്തള്ളാനാവും" ട്രംപ് വ്യക്തമാക്കി. ഈസ്റ്റർ അടക്കമുള്ള ആഘോഷങ്ങളെല്ലാം യുഎസിൽ നിരോധിച്ചിരിക്കുകയാണ്. ഈ മാസം 30 വരെയാണു കടുത്ത നിയന്ത്രണം.

പകർച്ചവ്യാധികൾ സംബന്ധിച്ച് വൈറ്റ് ഹൗസിലെ ഉപദേശകരായ ഡോ. ആന്റണി ഫൗസി, ഡോ. ഡബോറ ബിർക്സ് എന്നിവരാണ് സമ്പൂർണ ലോക് ഡൗണിനു ട്രംപിന് ഉപദേശം നൽകുന്നത്. രോഗ പ്രതിരോധത്തിൽ ശ്രദ്ധിക്കുന്നതിനു പകരം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണു പ്രസിഡന്റ് ട്രംപ് ചെയ്തതെന്ന് ന്യൂയോർക്ക് ഗവർണർ ആൻഡ്രൂ ക്യൂമോ കുറ്റപ്പെടുത്തി.

5 പുതുതായി ലക്ഷണങ്ങൾ

ന്യൂഡൽഹി: കൊവിഡ് 19 രോഗം ലോകത്തെ ഭീതിയിലാഴ്ത്തി നാലു മാസം പിന്നിടുമ്പോൾ പുതുതായി അഞ്ചു ലക്ഷണങ്ങൾ കൂടി ഉൾപ്പെടുത്തി ഗവേഷകർ. ഗ്യാസ്ട്രോ എന്ററോളജിയെക്കുറിച്ചുള്ള യുഎസ് മാഗസിനാണ് പുതിയ ലക്ഷണങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് പുറത്തുവിട്ടത്. ലോകമൊട്ടാകെ കൊവിഡ് രോഗികളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണിതെന്നും മാഗസിൻ പറയുന്നു.

ചുമ, തൊണ്ടവേദന, പനി, ശ്വാസതടസം, ജലദോഷം എന്നിവയായിരുന്നു ഇതേവരെ കൊവിഡിന്റെ ലക്ഷണങ്ങളായി കരുതിയിരുന്നത്. പുതിയ പഠനം ഉൾപ്പെടുത്തിയത് ഈ ലക്ഷണങ്ങളെ.

1. രുചിയും മണവും നഷ്ടമാകുക- ഭക്ഷണത്തിനു രുചിയും മണവും തോന്നാതിരിക്കുക. യുഎസിൽ മാത്രമല്ല, മറ്റു രാജ്യങ്ങളിലും രോഗികളിൽ ഇക്കാര്യം അനുഭവപ്പെട്ടെന്ന് യുഎസ് മാഗസിൻ.

2. ദഹനപ്രശ്നങ്ങൾ- രോഗികളിൽ പലർക്കും വയറിളക്കമോ മലബന്ധമോ അനുഭവപ്പെട്ടു. ലോകമൊട്ടാകെ രോഗികളിൽ ദഹന സംബന്ധമായ അസ്വാസ്ഥ്യങ്ങൾ റിപ്പോർട്ട് ചെയ്തു.

3. കണ്ണ് ചുവക്കുക- ചെങ്കണ്ണ് ബാധിച്ചെന്നു തോന്നിക്കുന്നതുപോലെ പലരുടെയും കണ്ണു ചുവന്നു. മൂന്നു ശതമാനം പേരിലാണ് ഇതു കണ്ടെത്തിയത്. കണ്ണീരിലൂടെ വൈറസ് പടരില്ലെന്നു പഠനമുണ്ടായിരുന്നെങ്കിലും കണ്ണിലും വൈറസ് സാന്നിധ്യമുണ്ടെന്നും പഠനം പറയുന്നു.

4. ആശയക്കുഴപ്പം, അസ്വാസ്ഥ്യം- ഇതൊരുപക്ഷേ, വീടിനുള്ളിലോ ആശുപത്രിയിലോ സമ്പർക്കവിലക്കിൽ കഴിയേണ്ടിവരുന്നതുകൊണ്ടാകാം. എന്നാലും രോഗികളിൽ ഭൂരിപക്ഷത്തിനും എന്താണ് എന്ന് പറയാനറിയില്ലാത്ത അസ്വാസ്ഥ്യമുണ്ടായെന്നും പഠനം.

5. തലവേദന- പനി, അലർജി, ജലദോഷം തുടങ്ങിയവയ്ക്കൊപ്പം സാധാരണയായി ഉണ്ടാകുന്ന തലവേദന കൊവിഡ് 19ന് ഒപ്പവും പലർക്കും അനുഭവപ്പെട്ടു. ഇടവിട്ടുള്ള തലവേദനയാണ് പലർക്കുമുണ്ടായത്.

കൊവിഡിനെ നേരിടാൻ യുവ എൻജിനീയർമാരുടെ വെന്റിലേറ്റർ

പൂനെ: കൊവിഡ് 19 കൂടുതൽ പേരിലേക്കു വ്യാപിക്കുമ്പോൾ ചെലവു കുറഞ്ഞ വെന്റിലേറ്റർ യാഥാർഥ്യമാക്കാനുള്ള ശ്രമത്തിലാണു പൂനെയിലെ യുവ എൻജിനീയർമാരുടെ സംരംഭം നോക്ക റോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്. കൊവിഡ് ചികിത്സയിൽ ഏറ്റവും ആവശ്യമായി വരിക വെന്റിലേറ്ററുകളാണെന്നതിനാൽ വാഹന നിർമാതാക്കളായ മഹീന്ദ്രയുൾപ്പെടെ നിരവധി കമ്പനികൾ ഈ രംഗത്തേക്കു തിരിഞ്ഞിരുന്നു. എന്നാൽ, ഇവിടങ്ങളിലൊക്കെ നിർമിക്കുന്ന വെന്റിലേറ്ററുകളുടെ നിർമാണച്ചെലവ് കണക്കിലെടുത്താണ് ഇന്ത്യയ്ക്ക് 'താങ്ങാനാവുന്ന' വെന്റിലേറ്ററുകൾ നിർമിക്കാനുള്ള ഇവരുടെ ശ്രമം.

രാജ്യത്തെ മികച്ച എൻജിനീയറിങ് കോളെജുകൾ നിന്ന് ഉന്നത നിലവാരത്തിൽ പഠിച്ചിറങ്ങിയ ഇവർ രണ്ടര വർഷം മുൻപാണ് കാൺപുർ ഐഐടിയുടെ സഹകരണത്തോടെ സ്റ്റാർട്ടപ് തുടങ്ങിയത്. വെള്ളമില്ലാതെ സോളാർ പ്ലാന്റുകൾ വൃത്തിയാക്കുന്ന റോബോട്ടുകളായിരുന്നു ആദ്യ ഉത്പന്നം. 27 ലക്ഷത്തിലേറെ വാർഷിക വിറ്റുവരവുള്ള കമ്പനിയാണ് ഇന്നു നോക്ക റോബോട്ടിക്സ്.

രാജ്യത്തെ വിവിധ ആശുപത്രികളിലായി നിലവിൽ 48,000 വെന്റിലേറ്ററുകളാണുള്ളത്. 10,000 എണ്ണം വൈകാതെ ചൈനയിൽ നിന്നെത്തുമെന്നും മറ്റൊരു 20,000 എണ്ണത്തിന് ഇന്ത്യൻ കമ്പനിയായ അഗ്വയിൽ ഓർഡർ നൽകിയിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു.

നിലവിൽ രണ്ട് ഇന്ത്യൻ കമ്പനികളാണു വെന്റിലേറ്റർ നിർമിക്കുന്നത്. ഇവയ്ക്ക് ഒരെണ്ണത്തിന് 1.5 ലക്ഷം രൂപയോളമാണു നിർമാണച്ചെലവ്. ഈ സാഹചര്യത്തിലാണ് 50,000 രൂപ മാത്രം വിലയിലൊതുങ്ങുന്ന വെന്റിലേറ്റർ നിർമിക്കാൻ നോക്ക റോബോട്ടിക്സിന്റെ ശ്രമം. പദ്ധതി തയാറാക്കി അഞ്ചു ദിവസത്തിനുള്ളിൽ ഏഴ് എൻജിനീയർമാരുടെ സംഘം ആദ്യ മൂന്നു മാതൃക പുറത്തിറക്കി. ഇവ മൂന്നും കൊണ്ടുനടക്കാവുന്ന തരത്തിലുള്ളവ.

ഈ മാസം ഏഴിന് ഇവ പരിശോധനയ്ക്കു സജ്ജമാകും. അനുമതി ലഭിച്ചാൽ ഉടൻ ആശുപത്രികളിലെത്തും. പുതുതായി നിർമിച്ച വെന്റിലേറ്ററിലെ കൃത്രിമ ശ്വാസകോശം കൃത്യതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് പദ്ധതിയുടെ മുഖ്യ ഉപദേഷ്ടാവും ബംഗളൂരു ജയദേവ ഇൻസ്റ്റിറ്റ്യൂട്ടിലെ കാർഡിയോളജിസ്റ്റുമായ ഡോ. ദീപക് പദ്മനാഭൻ.

കൊറോണയെന്ന മഹാമാരി ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ മനുഷ്യരെ ഒന്നിച്ചുചേർത്തിരിക്കുകയാണെന്ന് കാൺപുർ ഐഐടിയിലെ ബയോ എൻജിനീയറിങ് അധ്യാപകൻ അമിതാഭ് ബന്ദോപാധ്യായ പ്രതികരിച്ചു. ഈ എൻജിനീയർമാരുടേത് പ്രചോദനം നൽകുന്ന പ്രവർത്തനമാണ്. ഇന്റർനെറ്റിൽ നിന്ന് വെന്റിലേറ്ററിനെക്കുറിച്ചു മനസിലാക്കിയശേഷമാണ് അവർ നൂതനവും ചെലവുകുറഞ്ഞതുമായ വെന്റിലേറ്ററുകളുടെ നിർമാണത്തിന് അനുമതി തേടിയത്. വെറും എട്ടു മണിക്കൂറിനുള്ളിൽ ആദ്യ മാതൃക നിർമിച്ചു.

വെന്റിലേറ്ററിന്റെ പ്രവർത്തനം



ഇറക്കുമതി നിലച്ചിരിക്കെ വെന്റിലേറ്റർ നിർമാണത്തിനു സാമഗ്രികൾ കിട്ടുക ദുഷ്കരമായിരുന്നു. ശ്വാസകോശത്തിന് ഒരു പരിക്കുമുണ്ടാകാത്ത വിധം കൃത്യമായ സമ്മർദത്തിൽ ഓക്സിജൻ പ്രവഹിപ്പിക്കാൻ കഴിയുന്ന മെഷീനാണ് വെന്റിലേറ്ററിലെ ഏറ്റവും പ്രധാനഭാഗം. ഇതിന്റെ നിർമാണത്തിനു പ്രഷർ സെൻസറുകൾ വേണ്ടിയിരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതു വിദേശത്തു നിന്നു കിട്ടില്ല. വിപണിയിൽ ലഭ്യമായ ഡ്രോണുകളിലെ സെൻസർ ഉപയോഗിച്ചാണു നമ്മുടെ എൻജിനീയർമാർ ഈ പ്രതിസന്ധി മറികടന്നത്. ഈ സെൻസറിൽ ആവശ്യമായ മാറ്റം വരുത്തി കൃത്യമായി പ്രവർത്തിപ്പിക്കാനും അവർക്കു കഴിഞ്ഞു.

പ്രാദേശിക അധികൃതരുടെ സഹകരണവും എടുത്തുപറയണമെന്ന ബന്ദോപാധ്യായ. ഓരോ മെഷീനും നിർമിക്കാൻ 150-200 സാമഗ്രികൾ വേണം. ഇവയെല്ലാം പൂനെ നഗരസഭാ അധികൃതർ എത്തിച്ചുകൊടുത്തു. അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതിനാൽ ഏതാനും എൻജിനീയർമാർ 400 കിലോമീറ്റർ അകലെ നന്ദേഡിലെ വീട്ടിലേക്കു മടങ്ങിയിരുന്നു. പ്രത്യേക വാഹനം അയച്ച് ഇവരെ തിരികെയെത്തിക്കാനും ഭരണകൂടം സഹായിച്ചു.

ചികിത്സാ ഉപകരണ രംഗത്തെ ഭീമനുൾപ്പെടെ രാജ്യത്തെ ചില പ്രമുഖ വ്യവസായികളും എൻജിനീയർമാർക്കു പിന്തുണ നൽകി. മേയ് പകുതിയാകുമ്പോഴേക്കും ദിവസം 150-200 എന്ന കണക്കിൽ 30,000 വെന്റിലേറ്റർ നിർമിക്കാനാണു നോക്ക റോബോട്ടിക്സിന്റെ പദ്ധതി.

"ഞങ്ങൾക്ക് ഇതിൽ ഒരു മുൻപരിചയവുമുണ്ടായിരുന്നില്ല. റോബോട്ട് നിർമാണം കുറേക്കൂടി സങ്കീർണമാണ്. ഇതൊരു ജീവൻ രക്ഷാ ഉപകരണമാണ്. സൂക്ഷിച്ചില്ലെങ്കിൽ വിപരീത ഫലമുണ്ടാകും. 99 ശതമാനം എന്നൊന്ന് ഇക്കാര്യത്തിലില്ല. 100 ശതമാനം ഉറപ്പുണ്ടാകണം. അതുകൊണ്ടുതന്നെ ഞങ്ങൾ ഏറെ ശ്രദ്ധിച്ചാണ് ഇതു വികസിപ്പിക്കുന്നത്. എല്ലാ പരിശോധനകളും പൂർത്തിയാക്കിയശേഷമേ ഉപയോഗിക്കൂ "- നോക്ക റോബോട്ടിക്സ് സഹ സ്ഥാപകനും ചീഫ് എക്സിക്യൂട്ടിവ് ഓഫിസറുമായ നിഖിൽ കുരലെ പറഞ്ഞു.

ഡോവൽ ഇടപെട്ടു, മർക്കസ് നേതൃത്വം വഴങ്ങി

ന്യൂഡൽഹി: കൊറോണ വ്യാപനത്തിന്റെ പ്രഭവകേന്ദ്രമായി മാറിയ നിസാമുദീനിലെ മോസ്കിൽ നിന്ന് ഒഴിയാൻ മർക്കസ് നേതൃത്വം തുടക്കത്തിൽ തയാറായില്ലെന്നു റിപ്പോർട്ടുകൾ. പൊലീസും ആരോഗ്യവകുപ്പ് അധികൃതരും നിസഹായരായപ്പോൾ ഇടപെട്ട് പരിഹാരമുണ്ടാക്കിയത് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.

മർക്കസ് തലവനായ മൗലാനാ സാദ് കെട്ടിടം ഒഴിയാൻ വിസമ്മതിച്ചപ്പോൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നിർദേശ പ്രകാരമാണ് ഡോവൽ ഇടപെട്ടത്. പുലർച്ചെ രണ്ടു മണിക്ക് അദ്ദേഹം മർക്കസിൽ നേരിട്ടെത്തുകയും മൗലാനയും മർക്കസ് നേതൃത്വത്തിലെ മറ്റുള്ളവരുമായി ദീർഘമായി സംസാരിക്കുകയും ചെയ്തു. പരിസരം മുഴുവൻ അണുവിമുക്തമാക്കേണ്ടതിന്റെ ആവശ്യകത ഡോവൽ അവരെ ബോധ്യപ്പെടുത്തി.

നേരത്തേ, ഡൽഹി കലാപകാലത്തും അക്രമം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ ഡോവലിന്റെ സഹായം തേടിയിരുന്നു. കലാപബാധിത മേഖലകളിൽ നേരിട്ടെത്തി സമാധാന ശ്രമങ്ങൾക്കു മുന്നിൽ നിന്നു പ്രവർത്തിച്ചതു ഡോവലായിരുന്നു. നിസാമുദീൻ മർക്കസ് പ്രദേശത്തു നിന്ന് മൊത്തം 2,361 പേരെ ഒഴിപ്പിച്ചിട്ടുണ്ടെന്ന് ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ പറഞ്ഞു. ഇതിൽ 617 പേർ ആശുപത്രിയിലാണ്. ബാക്കിയുള്ളവർ ക്വാറന്റൈനിലും. മെഡിക്കൽ സ്റ്റാഫും പൊലീസും ഡിടിസി സ്റ്റാഫും ഭരണതലത്തിലെ ഉദ്യോഗസ്ഥരും എല്ലാം ചേർന്ന് 36 മണിക്കൂർ കൊണ്ടാണ് മർക്കസിലുള്ളവരെ ഒഴിപ്പിച്ചത്.

5 ട്രെയ്നുകളിലെ യാത്രക്കാർ നിരീക്ഷണത്തിലാവും

ന്യൂഡൽഹി: നിസാമുദീനിലെ മതസമ്മേളനത്തിൽ പങ്കെടുത്തവർ യാത്രചെയ്ത അഞ്ചു ട്രെയ്നുകളിൽ സഞ്ചരിച്ച ആയിരക്കണക്കിനു യാത്രക്കാർ നിരീക്ഷണത്തിലാവേണ്ടതുണ്ടെന്ന് റെയിൽവേ. ഇവരുടെ ലിസ്റ്റ് റെയിൽവേ അതതു ജില്ലാ അധികൃതർക്കു കൈമാറും. മാർച്ച് 13നും മാർച്ച് 19നും ഇടയിൽ ഡൽഹിയിൽ നിന്നു പുറപ്പെട്ട ഗുണ്ടൂരിലേക്കുള്ള ദുരന്തോ, ചെന്നൈയിലേക്കുള്ള ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസ്, ചെന്നൈയിലേക്കുള്ള തമിഴ്നാട് എക്സ്പ്രസ്, ന്യൂഡൽഹി- റാഞ്ചി രാജധാനി, എപി സമ്പർക്ക ക്രാന്തി എക്സ്പ്രസ് എന്നിവയാണ് റെയിൽവേ ഈ പട്ടികയിൽ പെടുത്തിയിരിക്കുന്നത്. ഈ ട്രെയിനുകളിൽ സഞ്ചരിച്ച എത്ര പേർ വീതം നിരീക്ഷണത്തിൽ കഴിയണമെന്നതു സംബന്ധിച്ച് വ്യക്തമായ കണക്കു പുറത്തുവന്നിട്ടില്ല.

കൊറോണ പെൺകുട്ടി, ലോക്ക്ഡൗൺ ആൺകുട്ടി

ലക്നൗ: പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂ തുടങ്ങും മുൻപ് യുപിയിലെ ഗോരഖ്പുരിൽ ജനിച്ച പെൺകുഞ്ഞിന് കൊറോണയെന്നു പേരിട്ടതു രാജ്യാന്തര മാധ്യമങ്ങളിൽ വരെ വാർത്തയായിരുന്നു. ഇപ്പോഴിതാ, യുപിയിൽ തന്നെ ലോക്ക്ഡൗൺ എന്നും നവജാതശിശുവിനു പേര്. ദേവരിയ ജില്ലയിൽ ജനിച്ച ആൺകുട്ടിക്കാണു ലോക്ക്ഡൗൺ കാലത്തു പിറന്നതിനാൽ അതേ പേരുതന്നെ നൽകിയത്.

പേരിട്ടതിനെക്കുറിച്ച് കുഞ്ഞിന്റെ അച്ഛൻ പറയുന്നത് ഇങ്ങനെ, ലോകം മുഴുവൻ പടർന്നുപിടിക്കുന്ന മഹാമാരിയായ കൊറോണയിൽ നിന്നും രക്ഷിക്കുന്നതിന് വേണ്ടിയാണ് നമ്മുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ലോക്ക് ഡൗൺ പ്രഖ്യാപിച്ചത്. ഈ തീരുമാനത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. ലോക്ക് ഡൗൺ ഇപ്പോൾ നടപ്പിലാക്കിയത് നമ്മുടെ ദേശത്തിന്റെ താത്പര്യത്തിന് വേണ്ടിയാണ്. അതുകൊണ്ടാണ് ഞങ്ങൾ കുഞ്ഞിന് ആ പേര് നൽകിയിരിക്കുന്നതെന്ന് കുഞ്ഞിന്റെ അച്ഛൻ. ലോക്ക് ഡൗൺ അവസാനിച്ചാൽ മാത്രമേ കുഞ്ഞിന്റെ ആചാരമപരമായ ചടങ്ങുകൾ നടത്തുകയുള്ളുവെന്നും അദ്ദേഹം.

നേരത്തേ, കൊറോണയെന്ന പേരിട്ടത് അതുമൂലം രാജ്യത്തുണ്ടായ ചില നന്മകൾ കണ്ടാണെന്ന് കുട്ടിയുടെ അമ്മാവൻ നിതീഷ് ത്രിപാഠി പറഞ്ഞിരുന്നു. കൊറോണയെ ആളുകൾ ഭീതിയോടെയാണ് കാണുന്നതെങ്കിലും ചില നേട്ടങ്ങൾ സമൂഹത്തിലുണ്ടായി. സമൂഹത്തെ ഒരുമിപ്പിച്ച് നിർത്തിയതും എല്ലാവരും ഒരുപോലെ ആണെന്ന് ബോധ്യപ്പെടുത്തി കൊടുത്തതും ജനങ്ങൾക്ക് ഐക്യത്തോടെ നിന്ന് എന്തിനെയും നേരിടാൻ പ്രചോദനം നൽകിയതും കൊറോണയാണ്. പൊതുസമൂഹത്തിന് ഒട്ടേറെ നല്ല ശീലങ്ങൾ കൊറോണ മൂലമുണ്ടായി -ത്രിപാഠി പറഞ്ഞു.



ആകെ രോഗബാധിതർ **1637**

മരണം **38**

ആദ്യ 14 സംസ്ഥാനങ്ങൾ

ലോക്ഡൗൺ ലംഘനം ഇന്നലെ

1733 കേസുകൾ

1729 അറസ്റ്റ്

തിരുവനന്തപുരം: ലോക്ക്ഡൗൺ നിരോധനം ലംഘിച്ചു യാത്ര ചെയ്തതിന് സംസ്ഥാനത്തൊട്ടാകെ ഇന്നലെ 1733 പേർക്കെതിരെ കേസെടുത്തു. 1729 പേർ അറസ്റ്റിലായപ്പോൾ1237 വാഹനങ്ങളും പിടിച്ചെടുത്തു.
ജില്ല തിരിച്ചുള്ള കണക്കു ചുവടെ. (കേസിന്റെ എണ്ണം, അറസ്റ്റിലായവർ, കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ എന്ന ക്രമത്തിൽ)

തിരുവനന്തപുരം സിറ്റി - 46, 46, 36
തിരുവനന്തപുരം റൂറൽ - 112, 121, 85
കൊല്ലം സിറ്റി - 242, 242, 183
കൊല്ലം റൂറൽ - 154, 154, 128
പത്തനംതിട്ട - 263, 262, 217
കോട്ടയം - 62, 62, 17
ആലപ്പുഴ - 93, 100, 63
ഇടുക്കി - 101, 42, 23
എറണാകുളം സിറ്റി - 38, 42, 30
എറണാകുളം റൂറൽ - 60, 57, 48
തൃശൂർ സിറ്റി - 84, 114, 71
തൃശൂർ റൂറൽ - 60, 82, 51
പാലക്കാട് - 40, 53, 32



മലപ്പുറം - 90, 106, 10
കോഴിക്കോട് സിറ്റി - 144, 144, 144
കോഴിക്കോട് റൂറൽ - 9, 0, 4
വയനാട് - 71, 35, 57
കണ്ണൂർ - 55, 57, 30
കാസർഗോഡ് - 9, 10, 8



ഹജ്ജ്: ആരും ഒരുങ്ങേണ്ട, കാത്തിരിക്കാമെന്ന് സൗദി

റിയാദ്: കൊവിഡ് 19 പടരുന്ന സാഹചര്യത്തിൽ ഇക്കൊല്ലം ഹജ്ജ് തീർഥാടനത്തിനും നിയന്ത്രണമുണ്ടായേക്കും. തീർഥാടനം സംബന്ധിച്ചു ചിത്രം തെളിയും വരെ കാത്തിരിക്കാനും അതുവരെ ഒരു ഉടമ്പടിയിലും ഒപ്പുവയ്ക്കരുതെന്നും സൗദി അറേബ്യയുടെ ഹജ്, ഉംറകാര്യ മന്ത്രി മുഹമ്മദ് സലേ ബിൻ താഹിർ ബന്തീൻ ആഗോള മുസ്‌ലിം സമൂഹത്തോട് അഭ്യർഥിച്ചു. സൗദിയിൽ കൊവിഡ് ബാധിതരുടെ എണ്ണം 1600 ആയി ഉയരുകയും 10 പേർ മരിക്കുകയും ചെയ്തതോടെയാണ് മന്ത്രിയുടെ പ്രസ്താവന.

മക്ക, മദീന ഉൾപ്പെടെ നഗരങ്ങളിലേക്കുള്ള പ്രവേശനവും ഇവിടെയുള്ളവർ പുറത്തുപോകുന്നതും സൗദി നേരത്തേ നിരോധിച്ചിരുന്നു. രാജ്യത്ത് നിശാനിയമവും പ്രഖ്യാപിച്ചിട്ടുണ്ട്. വിമാനങ്ങൾ റദ്ദാക്കിയിരുന്നു. ആളുകൾ പുറത്തിറങ്ങുന്നതിനും നിയന്ത്രണമുണ്ട്. പള്ളികളിലെ പ്രാർഥനകൾ നിർത്തിവച്ചു. ഉംറ തീർഥാടനവും താത്കാലികമായി നിർത്തി.

ഹിജ്റ മാസം അനുസരിച്ച് ദുൽഹിജ്ജയിലാണ് എല്ലാ വർഷവും ഹജ്ജ് കർമം നടക്കാറ്. ഈ വർഷം ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലാണ് ദുൽ ഹിജ്ജ. ഉംറയിലെയും ഹജ്ജിലെയും കർമങ്ങൾ ഏതാണ്ട് സമാനമാണെങ്കിലും ഹജ്ജിന് കൃത്യമായ സമയമുണ്ട്. ഉംറ ഏത് സമയത്തും ചെയ്യാം. സാമ്പത്തിക-ശാരീരിക ശേഷിയുള്ള വ്യക്തി ഹജ്ജ് നിർവഹിക്കണമെന്നാണ് ഇസ്‌ലാമിക വിശ്വാസം.

ഹജ്ജിനുള്ള ഒരുക്കങ്ങൾ എല്ലാ രാജ്യങ്ങളിലും വളരെ നേരത്തെ നടത്തേണ്ടതുണ്ട്. വിസാ നടപടികൾ പൂർത്തിയാക്കുന്നതിനും തീർഥാടകരെ തിരഞ്ഞെടുക്കുന്നതിനുമെല്ലാം മാസങ്ങൾക്ക് മുമ്പേ നടപടിക്രമങ്ങളുണ്ട്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതൊന്നും നടന്നിട്ടില്ല. ജൂൺ മാസത്തിൽ പോലും ഇവ തുടങ്ങാനാവുമെന്ന് ഉറപ്പുമില്ല. ഈ സാഹചര്യത്തിലാണു ഹജ്ജിന്റെ കാര്യത്തിൽ തത്കാലം തീരുമാനമെടുക്കേണ്ടെന്നു സൗദി വ്യക്തമാക്കുന്നത്.

ക്വാറന്റൈൻ സ്വയം വരിച്ച് ആഫ്രിക്ക തീർക്കുന്ന പ്രതിരോധം



പ്രത്യേക ലേഖകൻ

ലോകത്തെ ഇതിനു മുൻപ് വിറപ്പിച്ച വൈറസുകൾ ഏറ്റവും കൂടുതൽ ആക്രമിച്ചിട്ടുള്ളവ് ആഫ്രിക്കൻ ഭൂഖണ്ഡത്തെയാണ്. പലപ്പോഴും അവിടെ ആയിരങ്ങളും ലക്ഷങ്ങളും മരിച്ചു വീണതിനുശേഷമാണ് ലോക രാഷ്ട്രങ്ങൾ അതിനെക്കുറിച്ച് അറിഞ്ഞു തുടങ്ങുന്നതു പോലും. എന്നാണ് ഇത്തവണ കാര്യങ്ങൾ അങ്ങനെയല്ല.ലോകാരോഗ്യ സംഘടനയുടെ മാർച്ച് 30 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ ഭയന്ന് വിറയ്ക്കേണ്ട അവസ്ഥയിലല്ല ആഫ്രിക്ക.

4361 കൊറോണ കേസുകളാണ് ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ദക്ഷിണാഫ്രിക്കയിലാണ് ഏറ്റവും കൂടുതൽ രോഗബാധിതരുള്ളത്, 1189 പേർ. ഈജിപ്ത് (576), അൾജീരിയ (454), മൊറോക്കോ (437), ടുണീഷ്യ (228), സെനഗൽ (130), മൗറീഷ്യസ് (102), ഘാന (141), കോട് ദേ ഐവറി (145), ബുർകിന ഫാസോ (209), കാമറോൺ (114) എന്നി രാജ്യങ്ങളിലാണ് നൂറിലധികം കൊറോണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബാക്കി ആഫ്രിക്കൻ രാജ്യങ്ങളിൽ എല്ലാം നൂറിൽ താഴെയാണ് കൊറോണ റിപ്പോർട്ട് ചെയ്തവരുടെ എണ്ണം. അതുമാത്രമല്ല ലിസോത്തോ, മലാവി, സിയറ ലിയോൺ, സാവോ ടോമേ ആൻഡ് പ്രിൻസിപ്പേ, സൗത്ത് സുഡാൻ, ബോട്സ്വാന, ബുറുണ്ടി, കൊമോറോസ് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിൽ മാർച്ച് 29 വരെ കൊറോണ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ഈ വൈറസ് ആഫ്രിക്കയിൽ എത്തിയിട്ടില്ല എന്നല്ല, ലോകത്തെ മറ്റേത് പ്രദേശത്തെക്കാളും മികച്ച ചികിത്സ അവിടെ കിട്ടുന്നതു കൊണ്ടുമല്ല ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും എന്നു പറയാറില്ലേ അതുപോലെയാണ് കാര്യങ്ങൾ. കൊറോണയുടെ അല്ലങ്കിൽ കൊവിഡ് 19 ന്റെ വ്യാപാനം തുടങ്ങിയതു മുതൽ ആഫ്രിക്കൻ രാഷ്ട്രങ്ങൾ പലതും സ്വയം ഒരുങ്ങാൻ തുടങ്ങിയിരുന്നു. അവർക്ക് മുന്നിൽ മറ്റൊരു വലിയ അനുസവമുണ്ട് എബോളയെന്ന മഹാമാരി. കാരണം ഇതു രണ്ടും തമ്മിൽ സാമ്യങ്ങൾ ഏറെയുണ്ടന്നാണ് അവർ പറയുന്നത്.

എബോള നാശം വിതച്ച സിയറ ലിയോൺ ഇന്ന് വരെ കൊറോണ വിമുക്തമാണ്. അയൽ രാജ്യങ്ങളായ ഗിനിയയിലും ലൈബീരിയയിലും കൊറോണ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിർത്തികളിൽ നിന്ന് രോഗം പടരുന്നത് പ്രതിരോധിക്കുന്നതിന്റെ ഭാഗമായി, സിയറ ലിയോൺ അതിർത്തികൾ അടച്ചു, മാർച്ച് 24 മുതൽ പന്ത്രണ്ട് മാസത്തേക്ക് ആരോഗ്യ അടിയന്തരാവസ്ഥ പ്രസിഡന്റ് ജൂലിയസ് പ്രഖ്യാപിച്ചിട്ടുണ്ട് ഗിനിയയും, ലൈബീരിയയും കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി അടിയന്തരാവസ്ഥയിൽ കൂടി കടന്നു പോവുകന്നു. എബോള മരണം വിതച്ച ഈ മൂന്ന് രാജ്യങ്ങളും, കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്.

ഇപ്പോൾ ലോകം കൊവിഡ് 19 നെ പ്രതിരോധിക്കാൻ സ്വീകരിക്കുന്ന മാർഗങ്ങളാണ് എബോളയെ നേരിടാൻ ഈ ചെറിയ രാജ്യം അന്നു ചെയ്തത്. സാമൂഹ്യ അകലം, ഐസൊലേഷൻ, കുടുംബങ്ങളിലെ പ്രായമായവരുടെയും , രോഗബാധിതരുടെയും പ്രശ്നങ്ങൾ, 'ലോക്ക് ഡൌൺ' എന്നിവ അവർക്ക് പരിചിതമായിരുന്നു.

അതുകൊണ്ടുതന്നെ വളരെപ്പെട്ടന്ന് അവർ അതിലേക്ക് മാറി. 'ക്വാറന്റൈൻ ' ചെയ്യപ്പെടേണ്ടതിന്റെ ഗൗരവം മനസിലാക്കി ഗ്രാമങ്ങൾ സ്വയം 'ക്വാറന്റൈൻ' നടപടികൾ സിയറ ലിയോണിൽ സ്വീകരിച്ചു. സർക്കാർ സംവിധാനങ്ങൾക്കു നിർബന്ധിച്ചു, അടിച്ചേൽപ്പിക്കേണ്ടുന്ന ഒന്നായിരുന്നില്ല സിയറ ലിയോണിലെ ക്വാറന്റൈൻ അത് അവരുടെ വിജയമാണ്.

ചൈനയുമായി നിരന്തര വ്യാപാര ബന്ധങ്ങൾ ഉണ്ടായിട്ടും ആഫ്രിക്കയിൽ റിപ്പോർട്ട് ചെയ്യുന്ന കൊറോണ കേസുകൾ എല്ലാം തന്നെ യൂറോപ്പിൽ യാത്ര കഴിഞ്ഞു ആഫ്രിക്കയിൽ എത്തിയവരിൽ നിന്ന് പകർന്നതാണെന്നു ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നു. അതുകൊണ്ടുതന്നെ വ്യോമഗതാഗതത്തിന് വിലക്കു വന്നു കഴിഞ്ഞു. ബഹുഭൂരിപക്ഷം ആഫ്രിക്കൻ രാജ്യങ്ങളും അതിർത്തികൾ അടച്ചു, സാമൂഹിക ചടങ്ങുകൾ, ഫുട്ബാൾ മത്സരങ്ങൾ, സംഗീത നിശകൾ എന്നിവ നിർത്തലാക്കി. സാമൂഹ്യ വ്യാപനം തടയുന്നതിന്റെ ഭാഗമായി പൊതുഗതാഗതം പല ആഫ്രിക്കൻ രാജ്യങ്ങളിലും നിർത്തലാക്കി.

ഇതുവരെ സ്ഥിതി നിയന്ത്രണ വിധേയമാണെങ്കിലും ആഫ്രിക്ക ഭയക്കുന്ന ഒരു കാര്യമുണ്ട്. അത് അവരുടെ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തയാണ്. മുൻപ് ലോകാരോഗ്യ സംഘടന വഴി സഹായങ്ങൾ അവിടേക്ക് എത്തിയിരുന്നു. എന്നാൽ ഇന്ന് അത്തരത്തിൽ ഒന്ന് ലഭിക്കാൻ പ്രയാസമാണന്ന് അവർ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടു തന്നെ നിലവിലെ സ്ഥിതി തുടർന്നു പോകാനുള്ള കർശന നടപടികളാവും ഈ രാജ്യങ്ങൾ സ്വീകരിക്കുക.

വീഡിയോകോൾ വഴി പരിശോധന; ആദ്യ ദിനം ചികിത്സ തേടിയത് 200 ലേറെ പേർ

തിരുവനന്തപുരം: ലോക്ക്ഡൗണുമായി ബന്ധപ്പെട്ടു തുടർച്ചയായി ജോലി നോക്കുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യസംരക്ഷണത്തിനും, പൊതു ജനങ്ങൾക്കുമായി മെഡിക്കൽ സേവനം ലഭ്യമാക്കുന്നതിന് വേണ്ടി കേരള പൊലീസിന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ ബ്ലൂടെലിമെഡ് മൊബൈൽ ആപ്പിന് മികച്ച പ്രതികരണം. ആപ്ലിക്കേഷൻ പുറത്തിറക്കി 24 മണിക്കൂറിനകം 1400 ലേറെപേർ ആപ്പ് ഡൗൺലോഡ് ചെയ്യുകയും 200ൽ അധികം പേർ ഡോക്റ്ററുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തു കഴിഞ്ഞു. ജനമൈത്രി പൊലീസും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും ബ്ലൂ ഇഎച്ച്ആർ എന്ന സ്ഥാപനവും ചേർന്നാണ് ആപ്പ് തയ്യാറാക്കിയത്. ആപ്പ് പ്ലേ സ്റ്റോറിൽ നിന്നും ഡൗൺ ലോഡ് ചെയ്ത ശേഷം ഡോക്റ്റർമാരുടെ സേവനം ആവശ്യമുള്ളവർക്ക് അവർക്ക് വേണ്ട വിഭാഗങ്ങളിലെ ഡോക്റ്റർമാരെ സെർച്ച് ചെയ്ത് കണ്ടെത്താം. തുടർന്ന് ഡോക്റ്റർമാരെ ഓൺലൈനിൽ ലഭിക്കുന്ന സമയം ബുക്ക് ചെയ്താൽ ആസമയം വീഡിയോ കോൺഫറൻസ് വഴി ഡോക്റ്റർമാർ കൺസൾട്ടേഷൻ നടത്തുകയും തുടർന്ന് ഇ-പ്രിസ്ക്രിപ്ഷൻ നൽകുകയും ചെയ്യും. തുടർചികിത്സയ്ക്കായി ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്ന പക്ഷം ആപ്പിൽ ലഭിക്കുന്ന ഇ-പാസ് പൊലീസ് പരിശോധന സമയത്ത് കാണിച്ച് യാത്ര തുടരാവുന്നതുമാണ്. കൂടാതെ കൊവിഡ് 19 രോഗ ലക്ഷണങ്ങൾ തുടങ്ങിയവയുള്ളവർക്കും ഇതിലൂടെ ഡോക്റ്റർമാരുടെ സേവനം ലഭിക്കുകയും അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

മൊബൈൽ ആപ്പിന്റെ ലിങ്ക് ഇതോടൊപ്പം.

https://play.google.com/store/apps/details?id=com.blueehr.bluetelemed

പി.കെ. ശ്രീനിവാസന്റെ ഭാര്യ എം. സരസ്വതി അന്തരിച്ചു

ചെന്നൈ: എഴുത്തുകാരനും പത്രപ്രവർത്തകനുമായ പി.കെ. ശ്രീനിവാസന്റെ ഭാര്യ എം. സരസ്വതി (67) ചെന്നൈ കാവേരി ആശുപത്രിയിൽ അന്തരിച്ചു. വർക്കല സ്വദേശി. കഴിഞ്ഞ 37 വർഷമായി ചെന്നൈയിൽ താമസം. മക്കൾ: വിഷ്ണുമിത്രൻ, അഗ്നിശർമ്മൻ, ജ്യോതിസ്വരൂപ്. മരുമക്കൾ: ലീന, വിദ്യ, ശിവരഞ്ജനി. നാളെ പോരൂർ ശ്മശാനത്തിൽ സംസ്കരിക്കും.



കെ.വി. സ്വയംവരൻ

മുഹമ്മ: ആര്യക്കര സോപാനത്തിൽ കെ.വി. സ്വയംവരൻ (59) അന്തരിച്ചു. ഭാര്യ: ജയമ്മ (ചേർത്തല പോളിടെക്നിക് ജീവനക്കാരി) മക്കൾ: സോജ (ട്രഷറി, എറണാകുളം), സോജി കൃഷ്ണൻ. മരുമകൻ: അമർജ്.



രാധാകൃഷ്ണൻ

പേരാമ്പ്ര: മുയിപ്പോത്തെ തേനാടി കുന്നുമ്മൽ പരേതനായ ശങ്കരൻ നായരുടെയും മേപ്പയ്യൂർ ജനകീയ മുക്കിന് സമീപം മണ്ടോടികണ്ടി ജാനു അമ്മയുടെയും മകനായ മണ്ടോടി രാധാകൃഷ്ണൻ (65) പേരാമ്പ്ര ടൗണിന് സമീപം അന്തരിച്ചു. ഭാര്യ: സുലേഖ. മക്കൾ: സരിൻ, സരിത (ഇരുവരും ദുബായ്).
മരുമക്കൾ: ആതിര (വാല്യക്കോട്), ലതീഷ് രാമല്ലൂർ (ദുബായ്). സഹോദരങ്ങൾ: വിശ്വനാഥൻ (പേരാമ്പ്ര), ബാബു (കോഴിക്കോട്), ഗിരീഷ് കുമാർ (കേരളാ പൊലീസ് എഎസ്ഐ, ബാലുശേരി), പരേതരായ പത്മരാജൻ (മുയിപ്പോത്ത്), സുരേഷ് കുമാർ (എടച്ചേരി).

കമലമ്മ പിള്ള

ശൂരനാട് വടക്ക്: പടിഞ്ഞാറ്റ ക്കിഴക്കേ മുറിയിൽ ഹരിവിലാസത്തിൽ ചന്ദ്രശേഖര പിള്ളയുടെ ഭാര്യ കമലമ്മ പിള്ള (68) അന്തരിച്ചു. മക്കൾ: ഗോപകുമാർ (ബഹ്റിൻ), ഹരികുമാർ (സൗദി), ശ്രീകുമാരി (അധ്യാപിക, എസ്കെവി യുപിഎസ്, കോഴിക്കോട്), ശ്രീകുമാർ (ഖത്തർ).
മരുമക്കൾ: വിജയകുമാരി (അധ്യാപിക, എസ്എം എച്ച്എസ്എസ് പതാരം), മായ (സ്റ്റാഫ് നഴ്സ്), അനിൽ കുമാർ (അനിൽ ട്രേഡേഴ്സ് പുതിയകാവ്), ജിഷ (അധ്യാപിക, ബിജെഎസ്എം മഠത്തിൽ എച്ച്എസ്എസ്).

രാജേന്ദ്രൻ

ശാസ്താംകോട്ട: ശാസ്താംകോട്ട സർവീസ് സഹകരണ ബാങ്ക് റിട്ട. സെക്രട്ടറി കടപുഴ തെങ്ങുവിളയിൽ രാജേന്ദ്രൻ (68) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: രാജേഷ്, ലിജ, ലിബ. മരുമക്കൾ: പ്രീത, സുരേഷ് കുമാർ, സന്തോഷ്കുമാർ.

മത്തായി യോഹന്നാൻ

ചണ്ണപ്പേട്ട: മണക്കോട് വട്ടപ്പാട്ട് ചരുവിള വീട്ടിൽ മത്തായി യോഹന്നാൻ (105) അന്തരിച്ചു.

രവീന്ദ്രൻ ഉണ്ണിത്താൻ

ശാസ്താംകോട്ട:മുതുപിലാക്കാട് വെസ്റ്റ് വടവൂർ വീട്ടിൽ രവീന്ദ്രൻ ഉണ്ണിത്താൻ (72) അന്തരിച്ചു. ഭാര്യ: രമാദേവി. മക്കൾ: രമേശ്കുമാർ (അനാമിക സ്റ്റുഡിയോ, ഭരണിക്കാവ്), രമ്യ. മരുമകൻ: സി.ബി. ബിജു.

ഹുസൈൻ

നെട്ടൂർ: നെട്ടൂർ ചാത്തങ്കേരി പരേതനായ ഹംസയുടെ മകൻ ഹുസൈൻ (49) അന്തരിച്ചു. ഖബറടക്കം നടത്തി. ഭാര്യ: അസ്മ. മക്കൾ: മെഹറുന്നിസ, സുഫിയാൻ.

സുബ്രഹ്മണ്യൻ

അണ്ണല്ലൂർ: ആലപ്പാട്ട് നെല്ലി പറമ്പിൽ പരേതനായ ഗോപാലന്റെ മകൻ സുബ്രഹ്മണ്യൻ (65) അന്തരിച്ചു. ഭാര്യ: ഷീല. മക്കൾ: അനൂപ്, അനീഷ. മരുമകൻ: ബിബീഷ്.



മുഹമ്മദ്

മഞ്ചേരി: ചെരണി പാർക്കിന് മുൻ വശത്ത് താമസിക്കുന്ന പൂഴിക്കുത്ത് മുഹമ്മദ് എന്ന കുഞ്ഞാൻ (75) നിര്യാതനായി. മുട്ടിപ്പാലം അജ്മൽ ഫ്ലോർമിൽ ഉടമയാണ്. ഭാര്യ: ആമിന. മക്കൾ : അഷ്റഫ്, സിദ്ദീഖ്, അജ്മൽ, സുഹറാബി, ഹസീന. മരുമക്കൾ : ജലീൽ, ഉമ്മർ, മൈമൂന, ഷമിദ, റിസ്വാന.

എൻ.ഗോപാലകൃഷ്ണൻ നായർ

കരുനാഗപ്പള്ളി: മാരാരിത്തോട്ടം മുഴുങ്ങോടി ചൂളൂർ വീട്ടിൽ എൻ.ഗോപാലകൃഷ്ണൻ നായർ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ശാന്തമ്മ. മക്കൾ: എസ്.ശ്രീദേവിയമ്മ, എസ്.ശ്രീകലാദേവി, എസ്.ഷീലാദേവി, എസ്.ശ്രീലേഖ, എസ്.ശ്രീകുമാർ. മരുമക്കൾ: ആനക്കോട്ടൂർ വാസുദേവൻ പിള്ള (ജനറൽ മാനേജർ, തലമംഗ്രൂപ്പ്), കെ.രാജേഷ്കുമാർ, ബി.അനിൽകുമാർ (കെഎസ്ആർടിസി), എ.സൗമ്യ, പരേതനായ രാജശേഖരൻപിള്ള.

വിശ്വകുമാർ

വെളിയം:പരുത്തിയറ പൊയ്കയിൽ പുത്തൻ വീട്ടിൽ പരേതനായ ഭാർഗവന്റെയും ഇന്ദിരയുടെയും മകൻ വിശ്വകുമാർ (48) അന്തരിച്ചു. ഭാര്യ: സ്മിതാ പ്രസാദ്. മക്കൾ: വി.എസ്.അഖിൽ, വി.എസ്.അവന്തിക.

ജഗദമ്മ

പുത്തൂർ:ചെറുമങ്ങാട് നാരായണ വിലാസത്തിൽ പരേതനായ ഗോപാലകൃഷ്ണൻ ഉണ്ണിത്താന്റെ ഭാര്യ ജഗദമ്മ (76) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഗീത, ഗിരിജ, അജിത, അനിത, ആശ, അജ. മരുമക്കൾ: രാധാകൃഷ്ണക്കുറുപ്പ്, രാജേഷ് കുമാർ, പ്രേംകുമാർ, ഉണ്ണികൃഷ്ണപിള്ള, വേണുഗോപാൽ, പരേതനായ മധുസൂധനൻപിള്ള.

തങ്കമ്മ ജോർജ്

കൊടുവിള:പള്ളിയാടിയിൽ പരേതനായ ജോർജുകുട്ടിയുടെ ഭാര്യ തങ്കമ്മ ജോർജ് (73) അന്തരിച്ചു. വള്ളിക്കുന്നം കല്ലുവിളയിൽ കുടുംബാംഗമാണ്. മക്കൾ: മറിയാമ്മ, ബെൻസി, മിനി, ജിനി, അന്നമ്മ, പരേതനായ ഡാനിയൽ. മരുമക്കൾ: സൂസമ്മ, തര്യൻ, തോമസ്, രാജു, വിത്സൻ, ഷാജി.

രാജേഷ്കുമാർ

കരുനാഗപ്പള്ളി:കോഴിക്കോട് വട്ടത്തറ വീട്ടിൽ പരേതനായ രാഘവക്കുറുപ്പിന്റെ മകൻ രാജേഷ്കുമാർ (41) അന്തരിച്ചു. ഭാര്യ: വിനുത.

സുന്ദരേശൻ

കുണ്ടറ:മുക്കൂട് രോഹിണിയിൽ സുന്ദരേശൻ (65) അന്തരിച്ചു. ഭാര്യ: പരേതയായ സുലത. മകൾ: ചിപ്പി. മരുമകൻ: എസ്.ധനേഷ്.

പാറുക്കുട്ടിയമ്മ

മുട്ടം: വേളങ്ങാട്ട് ഗിരീഷ് ഭവനത്തിൽ പാറുക്കുട്ടിയമ്മ (88) അന്തരിച്ചു. മക്കൾ: അരവിന്ദാക്ഷൻപിള്ള, മായരവീന്ദ്രൻ, അനിത വിജയൻ, ലളിത ചന്ദ്രൻ, രഘുനാഥൻ, പരേതയായ ഇന്ദിര ശ്രീകുമാർ. മരുമക്കൾ: ഗീത അരവിന്ദ്, വിജയൻപിള്ള, ചന്ദ്രമോഹനൻനായർ, ബിന്ദു രഘുനാഥ്, ശ്രീകുമാർ, പരേതനായ രവീന്ദ്രൻപിള്ള.

വസന്തകുമാരി

പഴുവിൽ വെസ്റ്റ്: നേതാജി റോഡിന് സമീപം വാകയിൽ ചന്ദ്രമോഹനൻ ഭാര്യ വസന്തകുമാരി (64) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജോബി, സോബി, ഷോജി. മരുമക്കൾ: ബിജു, സുനീഷ്, ജയപാലൻ.

ദേവി അമ്മ

ഓവിലകത്തൂട്ട്: ഗോപാലക്കുറുപ്പിന്റെ ഭാര്യ ദേവി അമ്മ (70) അന്തരിച്ചു. മക്കൾ: ബീന, ബിന്ദു. മരുമക്കൾ: രമേശൻ പാലത്ത്, മോഹൻദാസ് (കൃഷി വകുപ്പ്)ചീക്കിലോട്.

സോമൻ

ഓച്ചിറ: വലിയകുളങ്ങര പാലമൂട്ടിൽ സോമൻ (60) അന്തരിച്ചു. ഭാര്യ: സരസ്വതി. മക്കൾ: സരിത, സതീഷ്. മരുമക്കൾ: മനോജ്, രമ്യ.

ചന്ദ്രൻപിള്ള

വെള്ളിമൺ:വിഷ്ണു ഭവനിൽ ചന്ദ്രൻപിള്ള (85) അന്തരിച്ചു. ഭാര്യ: പരേതയായ കമലമ്മ. മക്കൾ: വിജയൻപിള്ള, ലീലാഭായി, സിന്ധു, അനിൽകുമാർ. മരുമക്കൾ: സന്തോഷ് കുമാർ, പരേതരായ രാധാകൃഷ്ണപിള്ള, ലതികാ കുമാരി.

ആർ.ശശിധരൻ

കാവനാട്:കുരീപ്പുഴ കാഞ്ഞിരത്തും മൂട് എംജി നഗർ-98ൽ ആർ.ശശിധരൻ (69) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സുശീല. മക്കൾ: സജി, സൈമ. മരുമകൻ: പ്രദീപ്.

ശിവരാമപിള്ള

താമരക്കുടി: കൊച്ചഴികത്ത് വീട്ടിൽ ശിവരാമപിള്ള (72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മണി എസ്.പിള്ള. മക്കൾ: വീണാ എസ്.നായർ, വിനു എസ്.നായർ. മരുമക്കൾ: മധുസൂദനൻപിള്ള, ലേഖകുമാരി.

സുഭാഷിണി

മരുത്തടി: ശ്രീവിലാസത്തിൽ പരേതനായ ശ്രീധരന്റെ ഭാര്യ സുഭാഷിണി (83) അന്തരിച്ചു. മക്കൾ: ശ്രീകുമാർ, പ്രസന്നകുമാർ, അനിൽകുമാർ, സുനിൽകുമാർ, ബൈജു, പരേതനായ ശാന്തകുമാർ. മരുമക്കൾ: താര, അമ്പിളി, ഷീജ, സിന്ധു, ലിബി, ജയലക്ഷ്മി.

പി.ഭാർഗവി

കൊല്ലം: തിരുമുല്ലവാരം മണ്ണേഴത്ത് തോപ്പിൽ പരേതനായ ഗോപാലന്റെ ഭാര്യ പി.ഭാർഗവി (104) അന്തരിച്ചു. സംസ്കാരം നടത്തി.

കെ.ഭാഗീരഥി

കടപ്പാക്കട:ഭാവന നഗർ 304 എ മാധവമന്ദിരത്തിൽ പരേതനായ വാസുദേവന്റെ ഭാര്യ കെ. ഭാഗീരഥി (87) അന്തരിച്ചു. മക്കൾ: ബി.സതി, തമ്പി, സേതുനാഥ്. മരുമക്കൾ: രജനി, ദയാറാണി, പരേതനായ ശശിധരൻ.

രൂപേഷ്കുമാർ

ശാസ്താംകോട്ട: മുതുപിലാക്കാട് കിഴക്ക് ചാലാപറമ്പിൽ കന്നിമേൽ രൂപേഷ് നിവാസിൽ ശശിധരന്റെയും ഇന്ദിരയുടെയും മകൻ രൂപേഷ്കുമാർ (27) അന്തരിച്ചു.

കൊച്ചുമോൾ

പെരിങ്ങോട്ടുകര: പഴയ പോസ്റ്റാഫീസിന് സമീപം ചാഴൂവീട്ടിൽ പരേതനായ കൊച്ചുരാമൻ ഭാര്യ കൊച്ചുമോൾ (90) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഭാർഗ്ഗവി, ജാനകി, സരോജിനി, സുരേഷ്ബാബു, സതി, അംബിക.

ഡോ.പി.വി. സുഗതൻ

പുനലൂർ: വയയ്ക്കൽ ബ്രദേഴ്സ് ആശുപത്രി മാനെജിങ് ഡയറക്റ്റർ വയയ്ക്കൽ വൈശാഖിൽ ഡോ.പി.വി. സുഗതൻ (69) അന്തരിച്ചു. സംസ്കാരം വീട്ടുവളപ്പിൽ നടന്നു. ഭാര്യ : ഡോ. രമണി ഭായി (റിട്ട. ഡെപ്യൂട്ടി ഡിഎംഒ, കൊല്ലം). മക്കൾ : ഡോ. രാജി സുഗതൻ (ജില്ലാ ആശുപത്രി ചെങ്ങന്നൂർ), ഡോ. ശംഭു സുഗതൻ (ജനറൽ ആശുപത്രി ചങ്ങനാശേരി). മരുമക്കൾ: ഡോ.ജയകൃഷ്ണൻ, ഇന്ദു സുജ.

എസ്.ശാന്ത

കലയ്ക്കോട്: ഷാ നിവാസിൽ (ചാലിൽ വീട്ടിൽ) റിട്ട. ഫോറസ്റ്റ് റേഞ്ച് ഓഫിസർ എ.സത്യസന്ധന്റെ ഭാര്യ എസ്.ശാന്ത (62) അന്തരിച്ചു. മക്കൾ: എസ്.ഷാ, എസ്.ഷിജി, എസ്.ലിജി. മരുമക്കൾ: ലൈജു, പ്രിയ.

സരസമ്മയമ്മ

മുതുപിലാക്കാട്:കോണത്തുവീട്ടിൽ പരേതനായ അയ്യപ്പൻ പിള്ളയുടെ ഭാര്യ സരസമ്മയമ്മ (94) അന്തരിച്ചു. മക്കൾ: ചന്ദ്രികയമ്മ (റിട്ട. അധ്യാപിക), വിജയചന്ദ്രൻ നായർ. മരുമക്കൾ: ജി.ഭാർഗവൻപിള്ള (റിട്ട. എസ്ഐ, എംഎസ്പി), ശോഭനാകുമാരി.

ബേബിച്ചൻ

ഇഞ്ചക്കാട്:റബർവിള വീട്ടിൽ ബേബിച്ചൻ (62) അന്തരിച്ചു. ഭാര്യ: തങ്കമണി ബേബിച്ചൻ. മക്കൾ: പ്രിയങ്ക, പ്രിൻസ്. മരുമകൻ: സജി വർഗീസ്.

അരവിന്ദാക്ഷൻ

കൊട്ടാരക്കര: വാളകം അരവിന്ദ് ഫോട്ടോസ് ഉടമ അരവിന്ദാക്ഷൻ (72) അന്തരിച്ചു. ഭാര്യ: ജഗദമ്മ. മക്കൾ: അയൂബ് ജി. അരവിന്ദ്, അഭിഷാ ജി. അരവിന്ദ് (മസ്കത്ത്). മരുമക്കൾ: ശരണ്യ, ബിജു (മസ്കത്ത്).

മറിയാമ്മ

ശൂരനാട് വടക്ക്: പടിഞ്ഞാറ്റകിഴക്ക് വട്ടയ്ക്കാട്ട് കിഴക്കേപുരയിൽ പരേതനായ ഗീവർഗീസിന്റെ ഭാര്യ മറിയാമ്മ (85) അന്തരിച്ചു. മക്കൾ: അമ്മിണിക്കുട്ടി, സൂസമ്മ, ശാമുവൽ, ജേക്കബ്, ജോൺസൺ. മരുമക്കൾ: എം.കെ.മാത്യു, ആശ, റോസമ്മ, ബീന, പരേതനായ എം.ടി.ഡാനിയൽ.

എൻ.ലക്ഷ്മിക്കുട്ടി

വേളമാനൂർ: കല്ലുവാതുക്കൽ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് കുഴിവിള വീട്ടിൽ പരേതനായ ടി.എൻ.ശിവദാസന്റെ ഭാര്യ എൻ.ലക്ഷ്മിക്കുട്ടി (71) അന്തരിച്ചു. മക്കൾ: ബൈജു (പൊലീസ് ഡിപ്പാർട്ട്മെന്റ്), ബിനു, ബിന്ദു. മരുമക്കൾ: സീബ, ചിത്രലേഖ, ജോസ് (മിലട്ടറി).

ലക്ഷ്മിക്കുട്ടിയമ്മ

നെടുമ്പന: മധുഭവനിൽ പരേതനായ കുഞ്ഞുപിള്ള കുറുപ്പിന്റെ ഭാര്യ ലക്ഷ്മിക്കുട്ടിയമ്മ (94) അന്തരിച്ചു. മക്കൾ: ഗോമതിയമ്മ, മധുസൂദനക്കുറുപ്പ്, വാസന്തിയമ്മ, ജലജാമണിയമ്മ, സുധികുമാർ, സുജിത് ലാൽ (കുടുംബാരോഗ്യ കേന്ദ്രം പെരുമൺ). മരുമക്കൾ: തങ്കപ്പൻപിള്ള, ശ്രീകുമാരി, മുരളീധരൻ പിള്ള, വാസുദേവൻ പിള്ള, രമണിയമ്മ, ഗിരിജാ മണി (ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, കൊട്ടാരക്കര).

റോസി

വൈപ്പിൻ: എടവനക്കാട് അണിയൽ പരേതനായ ഊക്കൻ ആഗസ്റ്റിക്കുട്ടിയുടെ ഭാര്യ റോസി (92) അന്തരിച്ചു. മകൾ: പരേതയായ റീന. മരുമകൻ: നെൽസൺ.

ശ്രീനിവാസൻ

എടത്തിരുത്തി: കുമ്പളപറമ്പ് സെന്ററിന് സമീപം പൊയ്യാറ ശ്രീനിവാസൻ (69) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അംബിക. മക്കൾ: നിഖിൽ (കണ്ണൻ), സോന.

രാധമ്മപ്പിള്ള

ഓച്ചിറ: പായിക്കുഴി ഇടച്ചിരേത്ത് വീട്ടിൽ രാധമ്മപ്പിള്ള (68) അന്തരിച്ചു. സംസ്കാരം നടത്തി.

അസുമാബീവി ഹജ്ജുമ്മ

ശാസ്താംകോട്ട: ഭരണിക്കാവ് കൂവളത്തറയിൽ പരേതനായ മുഹമ്മദ്കുഞ്ഞിന്റെ ഭാര്യ അസുമാബീവി ഹജ്ജുമ്മ (93) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: സൽമത്ത് ബീവി, സെയ്ഫുദീൻകുഞ്ഞ് (റിട്ട. ഉദ്യോഗസ്ഥൻ കെഎസ്ആർടിസി), സുഹ്റബീവി (റിട്ട. അക്കൗണ്ടന്റ്, ഫാർമേഴ്സ് ബാങ്ക് ശൂരനാട്), സി. എം.സലീം (റിട്ട. ഡിവൈഎസ്പി, സിബിഐ), സുബൈർ, ഷാനവാസ് ഖാൻ (കെഎസ്ആർടിസി). മരുമക്കൾ: ജമീലബീവി (റിട്ട. ഡപ്യൂട്ടി തഹസിൽദാർ), ബി.എച്ച്.ബീന (റിട്ട. ഡയറി എക്സ്റ്റൻഷൻ ഓഫിസർ), നജ്മ (ഇഎസ്ഐ പുത്തൂർ), പരേതനായ ഇ.കാസിം, മൈതീൻകുഞ്ഞ്.

ഇസ്മായിൽ കുഞ്ഞ്

കരുനാഗപ്പള്ളി: കല്ലേലിഭാഗത്ത് ഒറ്റതെങ്ങിൽ ഇസ്മായിൽ കുഞ്ഞ് (88) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: റുഖിയ ഉമ്മ. മക്കൾ: ആയിഷാ ബീവി, സഫിയത്ത്, റംലത്ത്, നൂർജഹാൻ, ഷാഹിദ, ഷാജഹാൻ, ബുഷ്റ. മരുമക്കൾ: സലാഹുദീൻ, സുലൈമാൻ കുഞ്ഞ്, മുഹമ്മദ്, നാസർ, ബഷീർ, സുബി, നാസർ.

ടി.വി.കമല

തലമുണ്ട: താറ്റ്യോട് കണ്ണോത്ത് ഹൗസിൽ പരേതനായ കണ്ണോത്ത് ഗോപാലന്റെ ഭാര്യ ടി.വി. കമല (68) അന്തരിച്ചു. മക്കൾ: രത്നജ (അധ്യാപിക, ചേലോറ എച്ച്എസ്എസ്), ഷൈജ, ബേബി വിൻസി, പ്രവീൺ (പൊലീസ്, കണ്ണൂർ). മരുമക്കൾ: അരവിന്ദാക്ഷൻ (അധ്യാപകൻ, പെരളശ്ശേരി എച്ച്എസ്എസ്), ലജീഷ് (ഷീൻ ബേക്കറി, കണ്ണൂർ), അനൂപ്.

വാസുദേവൻ

പാടിയോട്ടുചാൽ:മുണ്ടർകാനത്തെ മാവുങ്കൽ വാസുദേവൻ (84) അന്തരിച്ചു. ഭാര്യ: പരേതയായ പൊന്നമ്മ. മക്കൾ: മോഹനൻ, വിജയൻ, ബാബു.

എം.ശ്രീനിവാസൻ

തളിപ്പറമ്പ്:പാപ്പിനിശേരി പഞ്ചായത്ത് അംഗമായിരുന്ന മുയ്യം അടുക്കം എം.ശ്രീനിവാസൻ (48) അന്തരിച്ചു.

കുഞ്ഞിപ്പേങ്ങി

കാരമുക്ക്: വള്ളഞ്ചേരി കൊച്ചയ്യപ്പൻ ഭാര്യ കുഞ്ഞിപ്പേങ്ങി (82) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പരേതനായ കുട്ടൻ, വാസു, ലളിത, സരോജ, ജയ. മരുമക്കൾ: വിലാസിനി, കൃഷ്ണകുട്ടി, രാജൻ, മോഹനൻ.

പോൾ

കൊരട്ടി: കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റ് വെളിയത്ത് പോൾ (63) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ റാണി (മുൻ പഞ്ചായത്തംഗം). മക്കൾ: ഹേന (ദേശീയ വോളി ബോൾ ടീമംഗം), ഹെവിൻ.

വിജയൻ

നെട്ടൂർ: നോർത്തു കോളനിയിൽ കുന്നുംപുറത്ത് റിട്ട. ഷിപ്പ്യാർഡ് ഉദ്യോഗസ്ഥൻ വിജയൻ (70) അന്തരിച്ചു സംസ്ക്കാരം ഇന്ന് രാവിലെ 10-15 ന് ഇടക്കൊച്ചി മക്പേല സെമിത്തേരിയിൽ. ഭാര്യ: ലീലാമ്മ. മക്കൾ: രാജീവ്, രേണു.

മരുമക്കൾ: ബീന, റെജി.

ഖദീജ

തളിപ്പറമ്പ്: ചവനപ്പുഴ നൂറുൽ മസ്ജിദിനു സമീപം പരേതനായ മമ്മതിന്റെ ഭാര്യ പള്ളക്കൻ ഖദീജ (90) അന്തരിച്ചു. മക്കൾ: അബൂബക്കർ, ആയിഷ, നബീസ, ബീപാത്തു, ഹംസ, ആസ്യ. മരുമക്കൾ: ഹഫ്സത്ത്, അബൂബക്കർ കുട്ടി, ഹഫീല, അബൂബക്കർ, പരേതരായ അബ്ദുല്ല, ഹംസ.

ഹജ്ജുമ്മ

പാനൂർ: പെരിങ്ങത്തൂർ ജുമ അത്ത് പള്ളി ഖത്തീബും പണ്ഡിതനുമായിരുന്ന അണിയാരത്തെ പരേതനായ കെ.ടി.കുഞ്ഞമ്മദ് മുസല്യാരുടെ ഭാര്യ പുല്ലൂക്കര ചട്ടേന്റവിട കുഞ്ഞിപ്പാത്തു ഹജ്ജുമ്മ (89) അന്തരിച്ചു.

മക്കൾ: അബ്ദുൽസലാം, അബ്ദുൽ ലത്തീഫ് (ഖത്തർ), സഫിയ, ജമീല, സക്കീന, അനീസ, പരേതനായ ഡോ. അബ്ദുൽ റസാഖ്. മരുമക്കൾ: ഹാഷിം, മുത്തുക്കോയ തങ്ങൾ, അബ്ദുല്ല, സുബൈദ, ഹലീമ, ഹാരിഫ, പരേതനായ ഹുസൈൻ. സഹോദരങ്ങൾ: പരേതരായ ഡോ.പി.പി.മൊയ്തു മൗലവി, ഖദീജ, അബൂബക്കർ.

കെ.കെ.മാധവി

ഏച്ചൂർ: കമാൽപീടികയിലെ പ്രജിത്ത് വിഹാറിൽ പരേതനായ പി.കെ. കുമാരന്റെ ഭാര്യ കെ.കെ.മാധവി (92) അന്തരിച്ചു. മകൾ: ചന്ദ്രിക (റിട്ട. പ്രധാനാധ്യാപിക, അതിരകം യുപി സ്കൂൾ). മരുമകൻ: കെ.വി.രമേശ്.

വിജയൻ

തുറവൂർ: കുത്തിയതോട് പറയകാട് പുന്നത്തറ വിജയൻ (76) അന്തരിച്ചു. ഭാര്യ: രേണുക. മക്കൾ: സന്ധ്യാലാൽ, രജിതലാൽ, സിവിലാൽ, മുത്ത. മരുമക്കൾ: ചന്തിരൂർ സൂട്ടു അജി, ജയൻ (കേരളാ പൊലീസ്).

ഖൈറുന്നിസ്സ

തലശേരി: പുന്നോലിലെ അൽ ഖയറിൽ ഖൈറുന്നിസ്സ (65) അന്തരിച്ചു. പരേതരായ അബൂബക്കർ - ആമിന ദമ്പതികളുടെ മകളാണ്. ഭർത്താവ്: പരേതനായ അലി. മക്കൾ: ദിൽഷാദ് (ഖത്തർ), തൻവീർ, മർസൂന, നസറത്ത്, മുനവ്വർ. മരുമക്കൾ: അനീസ്, അയ്യൂബ്, റഹീസ, റസീന. സഹോദരി: ഹാജിറ.

കൗലത്ത്

കതിരൂർ: പൊന്ന്യം സ്രാമ്പി പുലരി വായനശാല റോഡ് ടികെ ഹൗസിൽ പരേതനായ ബാവാച്ചിയുടെയും ടി.കെ. അയിസുവിന്റെയും മകൾ തേരക്കടവത്ത് കൗലത്ത് (41) അന്തരിച്ചു. ഭർത്താവ്: മുഹാജിർ പൊന്നമ്പത്ത്. മക്കൾ: മിസ്ന ഫാത്തിമ, മുഹമ്മദ് മെഹ്താബ്, മുഹമ്മദ് ഖൈസ്. സഹോദരങ്ങൾ: ടി.കെ. സക്കീന, നസീമ, മഹമൂദ്, ആരിഫ, നൂർജഹാൻ, താഹിറ, റഹ്മത്ത്, സഫ്രീന.

ടി.വി.രാഘവൻ

കരിവെള്ളൂർ:വെള്ളൂർ ചന്തൻ മെമ്മോറിയൽ സ്കൂൾ റിട്ട. അധ്യാപകൻ തെരു കുതിരിലെ ടി.വി.രാഘവൻ (81) അന്തരിച്ചു. ഭാര്യ: കെ.സരോജിനി (റിട്ട.പ്രധാനാധ്യാപിക). മക്കൾ: ജിഷാ കുമാരി (എക്സിക്യൂട്ടീവ് എൻജിനീയർ, പിഡബ്ല്യുഡി), ഫെമി (സെക്രട്ടറി, ഓട്ടോറിക്ഷ സൊസൈറ്റി, പയ്യന്നൂർ). മരുമക്കൾ: കെ. ബൈജു മെറ്റീരിയോളജിസ്റ്റ്, കണ്ണൂർ വിമാനത്താവളം), എൻ.വി.സുനിൽ കുമാർ (ബ്രാഞ്ച് മാനേജർ, പയ്യന്നൂർ റൂറൽ ബാങ്ക്, കരിവെള്ളൂർ ബ്രാഞ്ച്). സഹോദരങ്ങൾ: കുഞ്ഞമ്പു, ജാനകി, മാധവി, പരേതരായ കുഞ്ഞിക്കണ്ണൻ, പാറു.

കാർത്ത്യായനി

മക്രേരി: പുറേരി ആർ.കെ.നിവാസിൽ കാർത്ത്യായനി (80) അന്തരിച്ചു. ഭർത്താവ്: രാഘവൻ നമ്പ്യാർ (റിട്ട. അധ്യാപകൻ). മക്കൾ: ലതിക (അധ്യാപിക, അഴീക്കോട് ഹൈസ്കൂൾ), ലസിത (അധ്യാപിക, ബാവോട് എൽപി സ്കൂൾ), പ്രീത (കോയമ്പത്തൂർ). മരുമക്കൾ: ഭാസ്കരൻ, രമേശൻ (റിട്ട. ജീവനക്കാരൻ, വിദ്യാഭ്യാസ വകുപ്പ്), പ്രവീൺ (കോയമ്പത്തൂർ).

തംബുരു

ചൊക്ലി: വെസ്റ്റ് നിടുമ്പ്രം കേളോത്തുങ്കണ്ടി ദേവി നിവാസിൽ വീക്കിയുടെ ഭാര്യ തംബുരു (26) അന്തരിച്ചു. സുരേഷിന്റെയും പുഷ്പവല്ലിയുടെയും മകളാണ്. മകൾ: സ്വാത്തിക. സഹോദരൻ: ശ്രീരാഗ് (പുതുപ്പള്ളി).

കല്ല്യാണി

വൈപ്പിൻ: ഞാറക്കൽ സഹോദര നഗറിന് സമീപം പരേതനായ മുറിക്കൽ കൃഷ്ണപിള്ളയുടെ ഭാര്യ കല്ല്യാണി (85) അന്തരിച്ചു. മക്കൾ:പരേതനായ സുബ്രഹ്മണ്യൻ, സതീശൻ, ജലജ, രാധ. മരുമക്കൾ: സുശീല, ബീന, സുബ്രമണ്യൻ, പരേതനായ രാജേന്ദ്രൻ (ഉണ്ണി).

ആന്റണി

കിഴുപ്പിള്ളിക്കര: എലുവത്തിങ്കൽ ആന്റണി (67) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് പഴുവിൽ സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: ലിസി. മക്കൾ: അനു, അഞ്ജു. മരുമക്കൾ: ബിജീഷ്, പ്രജിൻ.

എൻ.സി.ജലീൽ

ധർമടം:എൻ.സി.ജലീൽ (63) അന്തരിച്ചു. ഭാര്യ: സൗജത്ത് അറക്കകത്ത്. മക്കൾ: ജസീല, ജാസ്മിൻ, ജംശീന, ഷബീർ, ഷഹ്ദ്. മരുമകൾ: ഷഫ്ന. സഹോദരൻ: റസാഖ്.

പത്മാക്ഷിയമ്മ

ചെറുപുഴ: വങ്ങാട്ടെ പരേതനായ പിലാക്ക കുഞ്ഞിരാമൻ നായരുടെ ഭാര്യ കാനകിഴക്കേവീട്ടിൽ പത്മാക്ഷിയമ്മ (87) അന്തരിച്ചു. മക്കൾ: ബാലകൃഷ്ണൻ (റിട്ട. ആർമി), ഭാനുമതി, വേണുഗോപാലൻ (റിട്ട. ആർമി), മധുസൂദനൻ, ജയശ്രീ, പത്മശ്രീ, പരേതനായ മുരളിധരൻ. മരുമക്കൾ: സാവിത്രി, ഗോവിന്ദൻ, തങ്കമണി, മിനി, ശശി, തമ്പാൻ.

കെ.എൻ.മുഹമ്മദ് അഷറഫ്

ന്യൂമാഹി: പെരിങ്ങാടി പുതിയ റോഡ് അർഷിൽ കെ.എൻ.മുഹമ്മദ് അഷറഫ് (62) അന്തരിച്ചു. ഭാര്യ: നബീസ മനോളി. മക്കൾ: അർഷ് (ദുബായ്), റഷാദ് (കോഴിക്കോട്), സഫ. മരുമക്കൾ: സുറുമി, ലുബിന, ഫായിസ് (മസ്കത്ത്).

ചെല്ലപ്പൻ നായർ

ചെറുപുഴ:കുളങ്ങര ചെല്ലപ്പൻ നായർ (85)അന്തരിച്ചു. ഭാര്യ: പരേതയായ പാറുക്കുട്ടിയമ്മ. മക്കൾ: ശ്യാമള (നിഷ ടെക്സ്റ്റയിൽസ്, ചെറുപുഴ), രാജേന്ദ്രൻ (വസനം ടെക്സ്റ്റയിൽസ് ചെറുപുഴ), സുരേന്ദ്രൻ (വ്യാപാരി, ചെറുപുഴ), ശ്രീദേവി. മരുമക്കൾ: ഷൈലജ, ഉഷ, മോഹനൻ, പരേതനായ ഗോപി.

ഗോപാലൻ

കൂത്തുപറമ്പ്: തൊക്കിലങ്ങാടിയിലെ ആദ്യകാല വ്യാപാരിയായിരുന്ന പന്നിയോറ ബിജു നിലയത്തിൽ പൊന്നമ്പത്ത് ഗോപാലൻ (77) അന്തരിച്ചു. ഭാര്യ: ഗൗരി. മക്കൾ: ബിജു (അലുമിനിയം ഫാബ്രിക്കേറ്റർ), ബിന്ദു, ബിന്നി.

സാവിത്രി അന്തർജനം

ഇരിങ്ങാലക്കുട: കടുപ്പശ്ശേരി കുഴിക്കാട്ട് മനയിൽ നാരായണൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം (80) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സുനിൽ നാരായണൻ (ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്ക് ഓഫ് കോംഗോ, ആഫ്രിക്ക), സുജാത ഹരി, സുജിത് നാരായണൻ (സൗര്യ, ചിറങ്ങര). മരുമക്കൾ: ശ്രീല സുനിൽ, ഹരി കോശ്ശേരി (മേൽശാന്തി, കീരൻകുളങ്ങര ധന്വന്തരി ക്ഷേത്രം), സവിത സുജിത്.

കല്ല്യാണി

വടക്കാഞ്ചേരി: കുമരനെല്ലൂർ എടാട്ടു പറമ്പിൽ പരേതനായ ഇ.എസ്. കൃഷ്ണന്റെ ഭാര്യ കല്ല്യാണി (84) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ചന്ദ്രിക, സരസ്വതി, ഭാഗ്യലക്ഷ്മി, ഗൗരി, മാലിനി, ശിവശങ്കരൻ. മരുമക്കൾ: സുബ്രഹ്മണ്യൻ, ശശിധരൻ, അശോകൻ, ജീവൻ, ഗ്രീഷ്മ.

വിനീഷ്

എരുവട്ടി: കോഴൂർ കാട്ടിലെപുരയിൽ പരേതരായ ശ്രീധരന്റെയും സരസ്വതിയുടെയും മകൻ വിനീഷ് (39) അന്തരിച്ചു. സഹോദരങ്ങൾ: മനോജ്, പരേതനായ വിനോദൻ.

ചന്തുക്കുട്ടി

എരുവട്ടി: പെനാങ്കിമെട്ട അണ്ണേരി വീട്ടിൽ വടവതി ചന്തുക്കുട്ടി (85) അന്തരിച്ചു. ഭാര്യ: രോഹിണി. മക്കൾ: കൂടക്ക രാജൻ, അശോകൻ (വർക്ക്ഷോപ്പ്), അനിൽ, മഹിജ. മരുമക്കൾ: ഉഷ (റബ്കോ), അനിത, സബിന, കുഞ്ഞനന്തൻ. സഹോദരങ്ങൾ: ശാന്ത, നാരായണി, പരേതരായ ഗോപാലൻ, നാണു, മാധവി, യശോദ, ജാനു.

കെ.ശാന്ത

കൂത്തുപറമ്പ്:ആറാം മൈൽ ശാന്താ നിവാസിൽ കെ.ശാന്ത (70) അന്തരിച്ചു. ഭർത്താവ്: ഇ.കെ. നാണു ഡ്രൈവർ (പീപ്പിൾസ് ടയേഴ്സ് ഉടമ, എംആർഎഫ് ടയർ ഡീലർ, മട്ടന്നൂർ). മക്കൾ: ദിലീപ് കുമാർ, പരേതരായ അനിൽകുമാർ, രീജ. മരുമകൾ: ഷൈമ. സഹോദരങ്ങൾ: പരേതരായ വാസു, രാമൻ, നാണു, കൃഷ്ണൻ.

റോസമ്മ

മണിക്കടവ്: വരിക്കയിൽ പാപ്പച്ചന്റെ ഭാര്യ പാലാ മണ്ഡപത്തിൽ കുടുംബാംഗം റോസമ്മ (78) അന്തരിച്ചു. മക്കൾ: മോളി, ലിസി, ജോയിച്ചൻ, ലൂസി, സിസ്റ്റർ റ്റിസി (എസ്ജെഎസ്എം, ഉത്തർപ്രദേശ്), സിസ്റ്റർ ആൻജോസ് (എസ്എബിഎസ്, ഗുജറാത്ത്), പരേതനായ ജോസ്. മരുമക്കൾ: ബേബി പാലത്തിങ്കൽ, ജോളി, സിനി, ബിജോ പാമ്പാറ.

ശാന്ത

പിറവം: രാമമംഗലം ഊരമന പരേതനായ അറുപ്പാലയിൽ എ.കെ.ജോർജിന്റെ (റിട്ട. ഹെഡ് കോൺസ്റ്റബിൾ) ഭാര്യ ശാന്ത (63) അന്തരിച്ചു. ചേലാട് ഊഞ്ഞാപ്പാറ വേട്ടുച്ചിറയിൽ കുടുംബാംഗം. സംസ്ക്കാരം ഇന്ന് 9.30 ന് വസതിയിലെ ശുശ്രൂഷകൾക്ക് ശേഷം ഊരമന ഗലീലക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ. മക്കൾ: അജേഷ് (ഫോറൻസിക് ലാബ് തൃപ്പൂണിത്തുറ), ആശ (സിറ്റി പൊലീസ് കമ്മീഷ്ണർ ഓഫീസ് കൊച്ചി). മരുമക്കൾ: പ്രീതി (സൗദി), പരേതനായ സലിം.കെ. ജോസ് കുളങ്ങാട്ടിൽ മഴുവന്നൂർ.

കുഞ്ചിക്കുട്ടി തമ്പായി

ചാലക്കുടി: നകരമണ്ണി മനയ്ക്കൽ പരേതനായ വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ കോടശേരി വെളിയത്തു മഠത്തിൽ കുഞ്ചിക്കുട്ടി തമ്പായി (88) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: വത്സല, രാജേശ്വരി, നാരായണൻ, വിജയലക്ഷ്മി. മരുമക്കൾ: സുഭാഷ്, വിജയകുമാർ, ചന്ദ്രശേഖരൻ.

ഗംഗാധരൻ

മക്രേരി: അയ്യപ്പൻകാവിനു സമീപം ചാലിൽവീട്ടിൽ തോണിയോട്ട് ഗംഗാധരൻ (73) അന്തരിച്ചു. ഭാര്യ: പി.കെ.ലീല. മക്കൾ: ലിജി (ലാബ് ടെക്നീഷ്യ വണ്ണാന്റെമെട്ട), ലില്ലി. മരുമക്കൾ: സി.കെ.രമേശൻ, രാഗേഷ്. സഹോദരങ്ങൾ: തോണിയോട്ടു ലക്ഷ്മണൻ, പരേതനായ ശ്രീധരൻ.

പി.ബാലകൃഷ്ണൻ നായർ

ചിറക്കൽ: റയിൽവേ സ്റ്റേഷനു സമീപം സുചിതയിൽ പി.ബാലകൃഷ്ണൻ നായർ (87) അന്തരിച്ചു. ഭാര്യ: ഒ.സുശീല. മക്കൾ: ചിത്രലേഖ (അധ്യാപിക, അഴീക്കോട് സൗത്ത് യുപി സ്കൂൾ), രീത (പ്രധാനാധ്യാപിക, രാമവിലാസം എൽപി സ്കൂൾ), സുജിത്ത് (അക്ഷയ് ഏജൻസീസ്). മരുമക്കൾ: കൃഷ്ണൻ.പി.നായർ (റിട്ട. സൂപ്രണ്ട് കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്), പി.വി.രാജേന്ദ്രൻ (റിട്ട. ക്ഷീരവികസന വകുപ്പ്), റീഷ.

മാത്യു കാഞ്ഞിരക്കാട്ട്

കീഴ്പ്പള്ളി:കുടിയേറ്റക്കാരൻ പുതിയങ്ങാടിയിലെ മാത്യു കാഞ്ഞിരക്കാട്ട് (85) അന്തരിച്ചു. ഭാര്യ: പാല പൊൻകുന്നം തൂങ്കുഴി കുടുംബാഗം അന്നമ്മ. മക്കൾ: മാത്യു (റിട്ട. പ്രധാനാധ്യാപകൻ), ജോസ്, തോമസ്, ഫാ. ജോർജ് കാഞ്ഞിരക്കാട്ട് (വികാരി ലൂർദ് മാതാ ചർച്ച് ചെമ്പേരി), സണ്ണി, മേഴ്സി, ആൻസി, ഫാ. ബെന്നി (ബെംഗളൂരു). മരുമക്കൾ: റെജിന, ഏലമ്മ, എൽസമ്മ, ലാലി, ജോസ് ഉറുമ്പിൽ, അപ്പച്ചൻ മാണിപറമ്പിൽ.

പനി ബാധിച്ച് മരിച്ച കുട്ടിയുടെ സ്രവം പരിശോധനക്ക് അയക്കും

കണ്ണൂർ: ജില്ലയിൽ ആറളത്ത് പനി ബാധിച്ച് മരിച്ച കുട്ടിയുടെ സ്രവം പരിശോധനക്ക് അയക്കും. കൊവിഡ് വൈറസ് ബാധ ഏറ്റാണോ മരണം എന്ന് വ്യക്തമാകാനാണ് ഇത്. എന്നാൽ കുട്ടിക്ക് വിദേശത്ത് നിന്ന് വന്നവരുമായി സമ്പർക്കമുണ്ടായെന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ല. മുൻകരുതലിന്റെ ഭാഗമായാണ് സ്രവം പരിശോധനക്ക് അയച്ചതെന്ന് ആരോഗ്യ വകുപ്പ് അധികൃതർ വിശദീകരിച്ചു. സ്രവ പരിശോധന ഫലം വന്ന ശേഷം മാത്രമേ പോസ്റ്റ്മോർട്ടത്തിൽ തീരുമാനമെടുക്കൂവെന്നും ഇവർ വ്യക്തമാക്കി.

കടുത്ത പനിയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച പെൺകുട്ടിയാണ് മരിച്ചത്.

ആറളം കീഴ്പ്പള്ളി കമ്പത്തിൽ രഞ്ജിത്തിന്റെ മകൾ അഞ്ചു വയസുകാരി അഞ്ജനയാണ് ഇന്നലെ രാത്രി മരിച്ചത്.

മൃതദേഹം ഇപ്പോൾ പരിയാരം മെഡിക്കൽ കോളെജ് ആശുപത്രിയിലാണ്.

ആരോഗ്യ വകുപ്പിന്റെ പരിശോധനകൾ പൂർത്തിയായ ശേഷമേ സംസ്കാര ചടങ്ങുകളെ കുറിച്ച് തീരുമാനിക്കൂ എന്നും പരിയാരം മെഡിക്കൽ കോളെജ് അധികൃതർ അറിയിച്ചു.

മേളപ്രമാണി ചക്കംകുളം അപ്പുക്കുട്ടൻ മാരാർ അന്തരിച്ചു

ഒല്ലൂർ: മേള പ്രമാണി ചക്കംകുളം അപ്പുക്കുട്ടൻ മാരാർ (91) അന്തരിച്ചു. ചക്കംക്കുളങ്ങര മാരാത്ത് കുഞ്ഞുക്കുട്ടി മാരാസ്യരുടെയും പണ്ടാരത്തിൽ മാരാത്ത് നാരായണ മാരാരുടെയും മകനാണ് പരേതൻ. സംസ്ക്കാരം കഴിഞ്ഞു. അവിവാഹിതനാണ്. പ്രശസ്ത മേളപ്രമാണിയായിരുന്ന പരേതനായ ചക്കംകുളങ്ങര അപ്പുമാരാർ സഹോദരനായിരുന്നു.

സഹോദരിമാർ: പരേതയായ ലക്ഷ്മിക്കുട്ടിമാരാസ്യർ, പരേതയായ ഇട്ടുനൂലി മാരസ്യാർ.

ദുബായിൽ ഷോക്കേറ്റു മരിച്ചു



ഹരിപ്പാട്. ദുബായിൽ ഷോക്കേറ്റു മരിച്ചു. കരുവാറ്റ അഞ്ചാം വാർഡിൽ കിഴക്കടത്ത്കിഴക്കതിൽ തമ്പാൻ മാത്യു മോളി ദമ്പതികളുടെ മകൻ മനു എബ്രഹാം (27) ആണ് മരിച്ചത്. ദുബായിൽ ഇലക്ട്രീഷ്യൻ ആയി ജോലി ചെയ്തു വരികയായിരുന്നു. മൃതദേഹം ഇന്നലെ രാത്രി കരുവാറ്റയിലെ വീട്ടിൽ എത്തിച്ചു. സംസ്കാരം ഇന്ന് രാവിലെ 9 ന് മങ്കുഴി യാക്കോബിർദാസ ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടക്കും. സഹോദരി മിനു.

സൗജന്യകിറ്റിൽ ആയിരം രൂപയുടെ 17 ഇനങ്ങൾ

■ വിതരണം ഒരാഴ്ചയ്ക്കകം

തിരുവനന്തപുരം: റേഷൻ കാർഡുടമകൾക്ക് ആയിരം രൂപ വിലവരുന്ന പതിനേഴ് ഇനങ്ങളടങ്ങിയ സർക്കാരിന്റെ സൗജന്യ ഭക്ഷ്യകിറ്റ് ഏപ്രിൽ ആദ്യവാരം വിതരണം ആരംഭിക്കുമെന്ന് സപ്ലൈകോ സിഎംഡി പി.എം. അലി അസ്ഗർ പാഷ അറിയിച്ചു. സംസ്ഥാനത്തെ 56 ഡിപ്പോകളിലും, ഗാന്ധിനഗറിൽ ഹെഡ്ഓഫീസിലും, തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകളിലും ആണ് വിതരണത്തിനുള്ള കിറ്റുകൾ തയാറാക്കുന്നത്.

പഞ്ചസാര (ഒരു കിലോ), ചായപ്പൊടി (250 ഗ്രാം), ഉപ്പ് (ഒരു കിലോ), ചെറുപയറ് (ഒരു കിലോ), കടല (ഒരു കിലോ), വെള്ളിച്ചെണ്ണ (അര ലിറ്റർ), ആട്ട (രണ്ടു കിലോ), റവ (ഒരു കിലോ), മുളകുപൊടി (100 ഗ്രാം), മല്ലിപ്പൊടി (100 ഗ്രാം), പരിപ്പ് (250 ഗ്രാം), മഞ്ഞൾപ്പൊടി (100 ഗ്രാം), ഉലുവ (100 ഗ്രാം), കടുക് (100 ഗ്രാം), സോപ്പ് (രണ്ടെണ്ണം), സൺ ഫ്ലവർ ഓയിൽ (ഒരു ലിറ്റർ), ഉഴുന്ന് (ഒരു കിലോ) എന്നിവയാണ് കിറ്റുകളിലുണ്ടാകുക. ഭക്ഷ്യവിഭവങ്ങൾക്കുള്ള സഞ്ചിയും ഇതോടൊപ്പമുണ്ട്. ഇതിനായി സർക്കാർ 350 കോടിരൂപ സിഎംഡിആർഎഫിൽ നിന്നും ആദ്യഗഡുവായി അനുവദിച്ചു.

പാലക്കാട് റൈസ് പാർക്കിന് 42.30 കോടി

തിരുവനന്തപുരം: വ്യവസായ വകുപ്പിനു കീഴിൽ പാലക്കാട് തുടങ്ങുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന് 42.30 കോടി രൂപയുടെ ഭരണാനുമതി. അരിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ലക്ഷ്യമിട്ട് കഞ്ചിക്കോട് കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് റൈസ് പാർക്ക് സ്ഥാപിക്കുന്നത്. ഇതിനായി കേരള റൈസ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്യുകയും പദ്ധതിക്ക് തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്.

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് റൈസ് പാർക്ക് നിർമ്മാണം. ഭൂമി വാങ്ങാനും കെട്ടിട നിർമ്മാണത്തിനും ആധുനിക യന്ത്രങ്ങൾ സജ്ജീകരിക്കാനും സ്റ്റോറേജ് സൗകര്യം ഏർപ്പെടുത്താനുമാണ് പ്രധാനമായും 42.30 കോടി രൂപ ചെലവ് വരുന്നത്. 2019-20 ബജറ്റിൽ 20 കോടി രൂപ റൈസ് പാർക്കിനായി വകയിരുത്തിയിരുന്നു.

നെൽക്കൃഷി പ്രോത്സാഹിപ്പിക്കുകയും കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും ചെയ്യുകയാണ് റൈസ് പാർക്കിന്റെ ലക്ഷ്യം. മെച്ചപ്പെട്ട വില നൽകി കർഷകരിൽനിന്ന് നേരിട്ട് നെല്ല് ശേഖരിക്കും. ഇതോടെ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാകും. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാനാകും.റൈസ് പാർക്കിൽ സംസ്കരിക്കുന്ന അരിയും മറ്റു മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരളത്തിന്റെ പ്രത്യേക ബ്രാൻഡായാകും വിപണിയിൽ എത്തിക്കുക.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന പാർക്കിൽ 26 ശതമാനം ഓഹരി സംസ്ഥാന ഗവൺമെന്റിനായിരിക്കും. ബാക്കി ഓഹരികൾ കർഷകർക്കും കാർഷിക സഹകരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകും.40 ലക്ഷം ടൺ അരിയാണ് ഒരു വർഷം കേരളത്തിന് ആവശ്യം. ഇതിൽ 10 ടൺ മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. ആകെ നെൽക്കൃഷിയുടെ 40 ശതമാനവും പാലക്കാട് ജില്ലയിലാണ്. സംസ്ഥാനത്തെ നെല്ല് ഉൽപ്പാദനം 20 ലക്ഷം ടണ്ണാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

റേഷൻ വിതരണം 30 വരെ: മന്ത്രി

തിരുവനന്തപുരം: ആദ്യ ഘട്ടത്തിൽ ഏപ്രിൽ 20 ഓടെ റേഷൻ വിതരണം പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും ഏതെങ്കിലും കാരണത്താൽ അതിനകം വാങ്ങാനാവാത്തവർക്കായി 30 വരെ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യമന്ത്രി പി. തിലോത്തമൻ. റേഷൻ കടകളിൽ തിക്കും തിരക്കും ഒഴിവാക്കാൻ കാർഡ് നമ്പറിന്റെ അടിസ്ഥാനത്തിലാണ് ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. എല്ലാവർക്കും അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭിക്കുമെന്നും റേഷൻ കടകളിൽ തിക്കിത്തിരക്കേണ്ട കാര്യമില്ലെന്നും അദ്ദേഹം അറിയിച്ചു എ.എ.വൈ കാർഡ് ഒന്നിന് 30 കിലോഗ്രാ അരിയും അഞ്ച് കിലോഗ്രാം ഗോതമ്പുമാണ് സൗജന്യമായി വിതരണം ചെയ്യുന്നത്. മുൻഗണനാവിഭാഗത്തിൽ ഒരു അംഗത്തിന് നാല് കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും സൗജന്യമായി നൽകുന്നുണ്ട്. മുൻഗണനേതര വിഭാഗത്തിലെ സബ്സിഡി വിഭാഗത്തിന് ഒരു കുടുംബത്തിന് കുറഞ്ഞത് 15 കിലോ ധാന്യം സൗജന്യമായി നൽകും. സബ്സിഡിയില്ലാത്ത വിഭാഗത്തിൽ ഏഴിൽ കൂടുതൽ അംഗങ്ങളുള്ള കുടുംബത്തിന് ഒരാൾക്ക് രണ്ടു കിലോഗ്രാം ധാന്യമെന്ന കണക്കിൽ ലഭിക്കും. കേന്ദ്രം പ്രഖ്യാപിച്ച ധാന്യത്തിന്റെ വിതരണം 20 ന് ശേഷം ആരംഭിക്കും. വൈദ്യുതീകരിച്ച വീടുകൾക്ക് അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് നാല് ലിറ്റർ മണ്ണെണ്ണയും നൽകും. വെള്ള, നീല കാർഡുകളുള്ളവർക്ക് മൂന്നു കിലോഗ്രാം ആട്ടയും നൽകുമെന്ന് മന്ത്രി അറിയിച്ചു.

ലോക്ഡൗൺ: ഓൺലൈൻ വിവാഹവുമായി മലപ്പുറം സ്വദേശികൾ

സ്വന്തംലേഖകൻ

മലപ്പുറം: കൊവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ ലോക്ഡൗണും നിരോധനാജ്ഞയും നിലനിൽക്കുന്നതിനാൽ നിരവധി വിവാഹങ്ങളാണ് മാറ്റിവയ്ക്കുന്നത്. വിവാഹത്തിന് നൂതനമായ കാഴ്ച സമ്മാനിച്ചിരിക്കുകയാണ് മലപ്പുറം സ്വദേശികൾ. നിയമങ്ങൾ അനുസരിച്ചു കൊണ്ട് തന്നെ വിവാഹം കെങ്കേമമാക്കി മലപ്പുറം വേങ്ങരയിൽ നടന്ന ഓൺലൈൻ കല്യാണം. വരനും വീട്ടുകാരുമുൾപ്പെടെ ആറു പേർക്കൊപ്പം നൂറിലധികം പേരാണ് ഈ ഓൺലൈൻ വിവാഹത്തിൽ പങ്കെടുത്തത്.

വേങ്ങര -മച്ചിങ്ങൽ അബ്ദു സമദിന്റെ മകൻ മുഹമ്മദ് ഫിറോസും മലപ്പുറം കോഡൂർ പുല്ലൻകുലവൻ കുഞ്ഞിമുഹമ്മദിന്റെ മകൾ മുഫീദയുമാണ് വിവാഹിതരായത്. തങ്ങളുടെ ജീവതത്തിലെ ഏറ്റവും അവിസ്മരണീയമായ മുഹൂർത്തത്തിന് പ്രിയപ്പെട്ടവരെ സാക്ഷിയാക്കണമെന്ന നിർബന്ധമുണ്ടായിരുന്നു ഇരുവർക്കും. അവസാനം ആശിച്ച പോലെ ബന്ധുക്കളും സുഹൃത്തുക്കളെല്ലാം. ശാരീരിക അകലം പാലിച്ചു കൊണ്ട് തന്നെ അവർ കൂടിയിരുന്നു. നിരവധി പേർക്ക് ഒരേസമയം വീഡിയോ മീറ്റിങ് സാധ്യമാവുന്ന ഓൺലൈൻ ആപ്ലിക്കേഷന്റെ സഹായത്തോടെയായായിരുന്നു ഈ കൂടിച്ചേരൽ.

നിക്കാഹ് ആദ്യം തന്നെ കഴിഞ്ഞിരുന്നെങ്കിലും സൗദിയിൽ ജോലി ചെയ്യുന്ന ജ്യേഷ്ഠൻ റിയാസും പിതാവും ഒരുമിച്ചു നാട്ടിലുള്ള സമയം വിവാഹം നടത്താനായിരുന്നു നിശ്ചയിച്ചിരുന്നത്. അതിനായി ഓഡിറ്റോറിയം ഉൾപ്പെടെ മുൻകൂട്ടി ബുക്കു ചെയ്യുകയും ആളുകളെ ക്ഷണിക്കാനാരംഭിക്കുകയും ചെയ്തെങ്കിലും അതിനിടയിലാണ് നാടിനെ പ്രതിസന്ധിയിലാഴ്ത്തി കൊവിഡ് ഭീതിയും നിയന്ത്രണങ്ങളും നിലവിൽ വന്നത്.

വിവാഹത്തിൽ മാറ്റം വരുത്താതെ നിശ്ചയിച്ച ദിവസം തന്നെ വരനും വീട്ടുകാരുമുൾപ്പെടെ ആറുപേർ മണവാട്ടിയുടെ വീട്ടിലെത്തി. അവിടെ അവരുടെ വീട്ടുകാർ മാത്രമുള്ള സത്കാരവും കഴിഞ്ഞ് വധുവിനെയും അണിയിച്ചൊരുക്കി വീട്ടിലേക്ക് കൂട്ടി കൊണ്ടുവരികയായിരുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ ജാഗ്രതയോടെ സാമൂഹിക അകലം പാലിക്കുകയും എന്നാൽ ആത്മസൗഹൃദങ്ങളെ ഒരുമിപ്പിക്കാൻ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താം എന്നതിന്റെ മാതൃകാപരമായ ഒരു ഉദാഹരണമായി മാറുകയായിരുന്നു ഈ വിവാഹം. വീട്ടുകാർ മാത്രമായി പോകുമായിരുന്ന ഒരു ചടങ്ങിനെയാണ് സാങ്കേതികവിദ്യ അവിസ്മരണീയമാക്കിയത്. അവസാനം വിവാഹം മാറ്റാതെ തന്നെ പുതുവിദ്യയിലൂടെ ക്ഷണിതാക്കളെ കൂട്ടി വിവാഹം നടത്താൻ ഇവർ തീരുമാനിക്കുകയായിരുന്നു.

പിയറിയും കൂട്ടുകാരും പറയുന്നു; ഇവിടെ ഞങ്ങൾ സന്തുഷ്ടരാണ്

ബിനീഷ് മള്ളൂശേരി

കോട്ടയം: കോവിഡ് എന്ന ഒട്ടും ശുഭകരമല്ലാത്ത വാർത്തകൾക്കൊപ്പം അന്യദേശത്ത് ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുമ്പോഴും ശുഭപ്രതീക്ഷയോടെ കഴിയുകയാണ് ഫ്രാൻസിൽ നിന്നും സ്പെയിനിൽ നിന്നും കോട്ടയത്ത് എത്തിയ പിയറി ചൗസിവും കൂട്ടുകാരും. സ്വന്തം നാടുകളിൽ കോവിഡ് ബാധിച്ച് നൂറുകണക്കിനാളുകൾ മരിക്കുമ്പോൾ ഇന്ത്യയിൽ രോഗം പടർന്നുപിടിക്കുന്ന സാഹചര്യം. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയുമൊക്കെ ഫോൺ കോളുകളിലും സോഷ്യൽ മീഡിയ സന്ദേശങ്ങളിലും ആശങ്കകൾ നിറഞ്ഞു നിൽക്കുമ്പോൾ നിറപുഞ്ചിരിയോടെ അവരോടെല്ലാം ഇവർ പറയുകയാണ് ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഞങ്ങൾ സുരക്ഷിതരും സന്തുഷ്ടരുമാണ്.

ദൈവത്തിന്റെ സ്വന്തം നാട് കാണാനുള്ള യാത്രക്കിടെയാണ് മാർച്ച് 16ന് ഫ്രാൻസിൽനിന്നുള്ള എൻജിനീയറായ പിയറിയും ഭാര്യ മറീൻ സെൻഡ്രിയറും കൊറോണ നീരിക്ഷണത്തിലായത്. ഇവരെ കെഎസ്ആർടിസി ബസിൽനിന്നും പാലാ ജനറൽ ആശുപത്രിയിലെത്തിക്കുമ്പോൾ തലേന്ന് ഇതേ രീതിയിൽ നിരീക്ഷണത്തിൽ എത്തിയ സ്പെയിൻകാരായ ഡേവിഡ് റൂയിസ് മാർട്ടിനെസും ലിയ മാത്താസ് ഇ വീലയും അവിടെയുണ്ടായിരുന്നു. ആർക്കും രോഗലക്ഷണങ്ങൾ ഇല്ലായിരുന്നില്ലെങ്കിലും വിദേശീയരായതിനാൽ മുൻകരുതലിന്റെ ഭാഗമായി ആരോഗ്യ അധികൃതർ ക്വാറന്റയിൻ നിർദേശിക്കുകയായിരുന്നു. തുടർന്ന് ആശുപത്രിയിൽ കഴിയുന്നതിനുള്ള ബുദ്ധിമുട്ട് ഇവർ അറിയിച്ചതോടെ ജില്ലാ ഭരണകൂടം പകരം താമസ സ്ഥലം കണ്ടെത്തി. വിദേശികളെ കൊറോണ നിരീരിക്ഷണത്തിൽ സുരക്ഷിതമായി താമസിപ്പിക്കാനും ഭക്ഷണം നൽകാനും ആരും സന്നദ്ധരാകാത്ത സാഹചര്യത്തിലാണ് ഇവർക്കായി പ്രത്യേക സൗകര്യമൊരുക്കിയത്. പിന്നീട് കോട്ടയം ജനറൽ ആശുപത്രിയിൽ എത്തിച്ച് നാലു പേരുടെയും സാമ്പിളുകൾ എടുത്തു. ഫലം നെഗറ്റീവായിരുന്നു.

പക്ഷെ വിമാന സർവീസുകൾ നിലച്ചതോടെ ഇവരുടെ മടക്കയാത്ര മുടങ്ങി. ഒപ്പം ലോക്ക് ഡൗണും. ഇതോടെ ഇവരുടെ ലോകം കോട്ടയത്തെ മുറികളിൽ ഒതുങ്ങി. ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ പാലിച്ച് ക്വാറന്റയിൻ പൂർത്തിയാക്കി. നല്ല ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയതിനും തങ്ങളുടെ ആരോഗ്യ സ്ഥിതി കൃത്യമായി വിലയിരുത്തുന്നതിനും സംസ്ഥാന സർക്കാരിനും ആരോഗ്യ വകുപ്പിനും നന്ദി പറയുകയാണിവർ. ഫ്രഞ്ച്, സ്പെയിൻ എംബസികൾ ബന്ധപ്പെട്ട് ഇവരുടെ സ്ഥിതിഗതികൾ ഇപ്പോൾ വിലയിരുത്തുന്നുണ്ട്.

ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലാണ് ഞാനിപ്പോൾ എന്നാണ് എന്റെ കൂട്ടുകാർ ധരിച്ചിരുന്നത്. അവിടുത്തേക്കാൾ സുരക്ഷിതനാണെന്ന് അവരെ അറിയിച്ചിട്ടുണ്ട്. നേരത്തെ ഞങ്ങൾ സാഹചര്യം മനസിലാക്കിയിരുന്നില്ല. ഇപ്പോൾ സ്ഥിതി സങ്കീർണമാണ്. എല്ലാവരും താമസിക്കുന്നിടത്ത് തുടരുക. സർക്കാരിന്റെ നിർദേശങ്ങൾ പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കുക-എന്നാണ് പിയറി പറയുന്നത്. കോട്ടയത്തെ താമസ സ്ഥലം മറ്റൊരു വീടു പോലെയാണ് തോന്നുന്നതെന്ന് മറീൻ സെൻഡ്രിയറും ലിയ മാത്താസും പറയുന്നു. ഇവർ ഒന്നിച്ചു പറയുന്നു ഈ മഹാമാരി സമയത്തും ഇവിടെ ഞങ്ങൾ സന്തുഷ്ടരാണ്.

മറീൻ സെൻഡ്രിയർ, പിയറി ചൗസിവ്, ലിയ മാത്താസ്, ഡേവിഡ് റൂയിസ് മാർട്ടിനെസ് (പിന്നിൽ) എന്നിവർ കോട്ടയത്തെ താമസ സ്ഥലത്ത്

കൊറോണ ഇൻഷ്വറൻസ് കൂടുതൽ പേർക്ക് ബാധകമാക്കണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: കൊറോണ ബാധിതരാകുന്ന സർക്കാർ ആശുപത്രി ജീവനക്കാർക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 50 ലക്ഷം രൂപയുടെ ഇൻഷറൻസ് കവറേജ് സ്വകാര്യ ആശുപത്രിയിലെ ജീവനക്കാർക്കു കൂടി ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രധാനമന്ത്രിക്ക് കത്തയച്ചു.

പൊലീസുകാരെയും അഗ്നിശമന സേനാംഗങ്ങൾ ഉൾപ്പെടെ ദുരന്തനിവാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ജീവനക്കാരെയും കൂടി പദ്ധതിയിൽ ഉൾപ്പെടുത്തണം. ഇവരെല്ലാം സ്വന്തം ജീവൻ തൃണവത്കരിച്ചും കൊറോണയെന്ന മഹാമാരിക്കെതിരേയുള്ള പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. സർക്കാർ പരിഗണിക്കുന്നുവെന്നും ശ്രദ്ധിക്കുന്നുവെന്നുമുള്ള ഒരു ബോധ്യം ഇപ്പോൾ അവർക്ക് ഉറപ്പായും നൽകേണ്ടതുണ്ടെന്ന് ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

പഞ്ചായത്ത് ഡയറക്ടറേറ്റിൽ വാർ റൂം

- ■ പഞ്ചായത്തുകളിൽ 1069 കമ്മ്യൂണിറ്റി കിച്ചനുകൾ
- ■ നിരീക്ഷണത്തിന് 17674 വാർഡ് തല കമ്മറ്റികൾ
- ■ അതിഥി തൊഴിലാളികൾക്ക് 569 ക്യാമ്പുകൾ
- ■ കൊവിഡ് കെയർ സെന്ററുകൾക്ക് 2268 കെട്ടിടങ്ങൾ

തിരുവനന്തപുരം: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ താഴെത്തട്ടിൽ നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് തിരുവനന്തപുരത്തെ വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേകം സജ്ജീകരിച്ച വാർ റൂമിൽ. തദ്ദേശ സ്വയംഭരണ മന്ത്രി എ.സി മൊയ്തീൻ എല്ലാ ദിവസവും വാർ റൂമിന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. പത്ത് ജീവനക്കാർ അടങ്ങുന്ന മൂന്ന് ടീമുകളാണുള്ളത്. ഒരു ടീം മൂന്ന് ദിവസം തുടർച്ചയായി വാർ റൂമിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ ഡോ. പി.കെ ജയശ്രീയാണ് വാർറൂമിന്റ മേൽനോട്ടം വഹിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരാതികൾക്കിടനൽകാതെ സജീവമായി നടത്തുന്നതിന് വാർ റൂം സഹായിക്കുന്നതായി ഡയറക്ടർ ഡോ. പി. കെ. ജയശ്രീ പറഞ്ഞു. ഒഴിവുകളുണ്ടായ 47 പഞ്ചായത്ത് സെക്രട്ടറി തസ്തികകളിൽ ഉദ്യോഗസ്ഥരെ പ്രമോഷൻ നൽകി നിയമിച്ചതായും ഡയറക്ടർ അറിയിച്ചു.

941 പഞ്ചായത്തുകളുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുന്ന 13 റിപ്പോർട്ടുകളാണ് ദിവസവും വകുപ്പ് തയ്യാറാക്കി നൽകുന്നത്. പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഉദ്യോഗസ്ഥരുടെ വാട്സ്ആപ്പ് കൂട്ടായ്മയും ഓൺലൈൻ വീഡിയോ കോൺഫറൻസിങ്ങുമാണ് ഉപയോഗിക്കുന്നത്.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും സംയുക്തമായാണ് പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. 941 പഞ്ചായത്തുകളിൽ 1069 കമ്മ്യൂണിറ്റി കിച്ചനുകളാണ് തുടങ്ങിയത്. ഇതിൽ 963 എണ്ണം കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചതാണ്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ 1309 കെട്ടിടങ്ങളും പഞ്ചായത്തുകൾ സജ്ജമാക്കി. ഹോം ക്വാറന്റൈൻ നിരീക്ഷണത്തിൽ കഴിയുന്നവർക്കാവശ്യമായ സഹായം ലഭ്യമാക്കാൻ 17674 വാർഡ് തല നിരീക്ഷണ കമ്മറ്റികളാണ് പ്രവർത്തിക്കുന്നത്. കൊവിഡ് കെയർ സെന്ററുകൾക്കായി ആശുപത്രികൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ, ഒഴിഞ്ഞ വീടുകൾ ഉൾപ്പെടെ 2268 കെട്ടിടങ്ങളാണ് കണ്ടെത്തിയത്.

വിമാന ഇന്ധന നികുതി കുറച്ചു

തിരുവനന്തപുരം: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ആഭ്യന്തര സർവീസ് നടത്തുന്ന എല്ലാ വിമാനങ്ങൾക്കും ഏവിയേഷൻ ടർബയിൽ ഫ്യൂവലിന്മേലുള്ള നികുതി നിരക്ക് അഞ്ച് ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി പത്തു വർഷത്തേക്ക് കുറയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഏപ്രിൽ ഒന്നുമുതലാണ് ഇതിന് പ്രാബല്യം നൽകിയത്.

ലോകബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്തെ ഐടിഐകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ ലക്ഷ്യമിട്ട സ്കിൽ സ്ട്രെങ്തനിങ് ഫോർ ഇൻഡസ്ട്രീയൽ വാല്യൂ എൻഹാൻസ്മെന്റ് എന്ന കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിന് സ്റ്റേറ്റ് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

●അശ്വതി: ശുഭാപ്തി വിശ്വാസത്താൽ കൂടുതൽ ചുമതലകൾ ഏറ്റെടുക്കാൻ തയാറാകും. സഹപാഠിയെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവെക്കാനും അവസരമുണ്ടാകും.

●ഭരണി: തൊഴിൽ മേഖലകളോട് ബന്ധപ്പെട്ട് പ്രധാന തീരുമാനങ്ങൾ സ്വീകരിക്കുവാനിടവരും. നയതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തിനേടും. ദീർഘകാല നിക്ഷേപം എന്ന നിലയിൽ ഭൂമി വാങ്ങാൻ തീരുമാനിക്കും.

●കാർത്തിക: സ്വജനങ്ങളും ബന്ധുക്കളും ആരാധനാലയത്തിലേക്കുള്ള യാത്രക്കിടയിൽ വിരുന്നു വരും. നിലവിലുള്ള ഗൃഹത്തിനു പുറമെ ഒരു ഗൃഹവും കൂടി വാങ്ങാൻ തയാറാകും.

●രോഹിണി: പ്രവർത്തന ശൈലിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്താൻ തീരുമാനിക്കും. ആഗ്രഹസാഫല്യത്താൽ നേർന്നു കിടപ്പുള്ള വഴിപാടുകൾ ചെയ്തു തീർക്കുവാനിടവരും

●മകയിരം: ആത്മവിശ്വാസക്കുറവിനാൽ സാഹസപ്രവൃത്തികൾ ഉപേക്ഷിക്കും. അനാരോഗ്യത്താൽ അവധിയെടുക്കും. വാങ്ങുവാനുദ്ദേശിക്കുന്ന ഭൂമിയുടെ രേഖ സസൂക്ഷമം പരിശോധിക്കണം.

●തിരുവാതിര: സാമ്പത്തികവരുമാനം വർധിക്കും.പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സുഹൃത് സഹോദരസഹായഗുണത്താൽ സാധിക്കും.

●പുണർതം: നിക്ഷേപസമാഹരണത്തിൽ ലക്ഷ്യപ്രാപ്തിനേടും. ആത്മവിശ്വാസത്തോടു കൂടി പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയ അവതരിപ്പിക്കാൻ സാധിക്കും. ഊഹക്കച്ചവടത്തിൽ സാമ്പത്തിക ലാഭം ഉണ്ടാകും.

●പൂയം: പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തിനേടും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കുവാനിടവരും. ഗുണനിലവാരം വർധിപ്പിക്കാൻ വ്യവസായം നവീകരിക്കാൻ തീരുമാനിക്കും.

●ആയില്യം: തൊഴിൽപരമായ പരാജയങ്ങൾക്കു ആശ്വാസം തോന്നും. സമൂഹത്തിൽ ഉന്നതരെ പരിചരയപ്പെടുന്നതുവഴി പുതിയ കർമപദ്ധതികൾ ഉടലെടുക്കും. പരിസരവാസികളുടെ ഉപദ്രവത്താൽ മാറി താമസിക്കുവാനിടവരും.

●മകം: നടപടിക്രമങ്ങളിൽ അലംഭാവം അരുത്. സുതാര്യതയുള്ള പ്രവർത്തനങ്ങളാൽ അപകീർത്തി ഒഴിവാകും. ദുസ്സൂചനകൾ ലഭിച്ചതിനാൽ സാമ്പത്തികവിഭാഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

●പൂരം: പുതിയ സുഹൃത്ബന്ധങ്ങൾ ഉടലെടുക്കും. സൃഷ്ടിപരമായ കാര്യങ്ങളിൽ അനുകൂല സാഹചര്യം ഉണ്ടാകും. പലവിധസൗകര്യങ്ങളും കണക്കിലെടുത്ത് പട്ടണത്തിലേക്കു താമസം മാറ്റാൻ തയാറാകും.

●ഉത്രം: സ്വന്തം ഉത്തരവാദിത്വങ്ങൾ മറ്റൊരാളെ ഏല്പിച്ചാൽ അബദ്ധമാകും. പണം കടം കൊടുക്കുക, കടം വാങ്ങുക, ജാമ്യം നിൽക്കുക തുടങ്ങിയവ അരുത്. അസുഖങ്ങൾക്ക് ആയുർവേദചികിത്സ തുടങ്ങും.

●അത്തം: സഹപാഠികളോടൊപ്പം ഉപരിപഠനത്തിന് ചേരാൻ സാധിക്കും. പുതിയ കരാറുജോലികൾ ഏറ്റെടുക്കും. പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തിനേടും. ശുഭാപ്തിവിശ്വാസം വർധിക്കും.

●ചിത്ര: ആഗ്രഹിക്കുന്ന കാര്യങ്ങൾ തൃപ്തിയാകും വിധത്തിൽ സാധിക്കും. പ്രവൃത്തിപരിചയത്താൽ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. കടം കൊടുത്തസംഖ്യ തിരിച്ചു ലഭിക്കും.

●ചോതി: വ്യാപാരവ്യവസായ സ്ഥാപനത്തിൽ ചിലരെ പിരിച്ചുവിടുവാൻ തീരുമാനിക്കും. ഏറ്റെടുത്ത ദൗത്യം നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കാൻ സാധിക്കും.

●വിശാഖം: വ്യവസ്ഥകൾ പാലിക്കാത്ത ഗൃഹനിർമാണപ്രവർത്തകരിൽ നിന്നും സംഖ്യ തിരിച്ചുവാങ്ങാൻ നടപടികളെടുക്കും. അനാവശ്യചിന്തകൾ ഉപേക്ഷിക്കണം. അപകീർത്തി ഒഴിവാക്കുവാൻ നേതൃത്വസ്ഥാനം ഉപേക്ഷിക്കാൻ തീരുമാനിക്കും.

●അനിഴം: ബൃഹത്പദ്ധതികൾ രൂപകല്പന ചെയ്യുന്ന സംഘത്തിൽ ഉൾപ്പെട്ടതിനാൽ ആത്മാഭിമാനം തോന്നും. വിദ്യാർഥികൾക്ക് ഉത്സാഹവും ഉന്മേഷവും വർധിക്കും. ഉദ്യോഗത്തിനോടനുബന്ധമായി ഉപരിപഠനത്തിന് ചേരാൻ അവസരമുണ്ടാകും.

●തൃക്കേട്ട: സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. നഷ്ടപ്പെട്ട ഉദ്യോഗം തിരിച്ചു ലഭിക്കും. ശാസ്ത്രജ്ഞർക്ക് അനുകൂലസാഹചര്യം വന്നുചേരും. ഏറ്റെടുത്ത ജോലികൾ തൃപ്തിയാകും വിധത്തിൽ പൂർത്തീകരിക്കാൻ സാധിക്കും.

●മൂലം: പരാജയപ്പെടുമെന്ന് വിചാരിക്കുന്ന കാര്യങ്ങളിൽ അനുകൂല വിജയമുണ്ടാകും. ലക്ഷ്യബോധത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് പൊതുജനപിന്തുണ ലഭിക്കും.

●പൂരാടം: അഭിപ്രായസമന്വയത്തോടുകൂടിയ സമീപനം സർവർക്കും സ്വീകാര്യമാകും. ക്രയവിക്രയങ്ങളിൽ സാമ്പത്തിക നേട്ടം വർധിക്കും. പഠിച്ച വിഷയത്തോടനുബന്ധമായി തുടർന്നു പഠിക്കാൻ ചേരും.

●ഉത്രാടം: അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെടും. തൊഴിൽമേഖലകളോട് ബന്ധപ്പെട്ട് മാനസിക സംഘർഷം വർധിക്കും. അസുഖങ്ങൾ വർധിക്കുന്നതിനാൽ വിദഗ്ധ പരിശോധനക്ക് വിധേയനാകും.

●തിരുവോണം: സ്വാർഥതാല്പര്യസാധ്യത്തിനായി അഹോരാത്രം പ്രവർത്തിക്കും. വിജ്ഞാനപ്രദമായ വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ ലക്ഷ്യപ്രാപ്തിനേടും. പുത്ര പൗത്രാദികളോടൊപ്പം താമസിക്കാൻ ദൂരദേശവിദേശയാത്ര പുറപ്പെടും.

●അവിട്ടം: വ്യക്തിസ്വാതന്ത്ര്യം ഉണ്ടായതിനാൽ ഭരണപരിഷ്കാരം പ്രവർത്തനതലത്തിൽ കൊണ്ടുവരും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിന് പ്രവേശനം ലഭിക്കും

●ചതയം: ഏറ്റെടുത്ത ദൗത്യം മനഃസംതൃപ്തിയോടുകൂടി ചെയ്തുതീർക്കാൻ സാധിക്കും. സന്താനങ്ങൾക്കു വേണ്ടി ഗൃഹം വാങ്ങാൻ അന്വേഷണമാരംഭിക്കും.

●പൂരോരുട്ടാതി: ആധി വർധിക്കുന്നതിനാൽ അസുഖങ്ങളും വർധിക്കും. അമിതവ്യയം നിയന്ത്രിക്കാൻ നിർബന്ധിതനാകും. ഗുണനിലവാരം കുറഞ്ഞ ഗൃഹോപകര ണങ്ങളിൽ നിന്നും അഗ്നിഭീതിക്ക് സാധ്യതയുണ്ട്.

●ഉത്രട്ടാതി: ആരോഗ്യം തൃപ്തികരമായിരിക്കും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കാൻ സാധിക്കും. കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കും.

●രേവതി: അശ്രാന്തപരിശ്രമത്താൽ തൊഴിൽ മേഖലകളിലുള്ള അനിഷ്ടങ്ങൾ ഒഴിവാകും. അനാവശ്യമായ ആധി ഒഴിവാക്കണം. വിദഗ്ധോപദേശം സ്വീകരിക്കാതെ ഒരു പ്രവൃത്തിയിലും പണം മുടക്കരുത്.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

കോവിഡ് പ്രതിരോധം: കെസിഎ 50 ലക്ഷം നൽകും

തിരുവനന്തപുരം : കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിനായി കേരളമുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക്കേരള ക്രിക്കറ്റ്അസോസിയേഷൻ 50 ലക്ഷം രൂപ നൽകും. കേന്ദ്ര സർക്കാരിന് നൽകിയ 50 ലക്ഷത്തിന് പുറമെയാണിത്. ബിസിസിഐ ജോയിന്റ് സെക്രട്ടറി ജയേഷ് ജോർജ്, കേരള ക്രിക്കറ്റ് അസോസിയേഷൻ ഭാരവാഹികൾ, ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറിമാരും കൂടി ചേർന്ന് നടത്തിയ ചർച്ചയിലാണ് തീരുമാനം എടുത്തത്. ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ ഓരോ ലക്ഷം രൂപ വീതം നൽകും, കൂടാതെ ക്രിക്കറ്റ് കളിക്കാർ, മുൻ താരങ്ങൾ, ഒഫീഷ്യലുകൾ, ഉദ്യോഗസ്ഥർ ക്രിക്കറ്റ് അസോസിയേഷനുമായി സഹകരിക്കുന്ന ആൾക്കാരിൽ നിന്നും സഹായം തേടും. പ്രളയകാലത്തും കേരള ക്രിക്കറ്റ് അസോസിയേഷൻ ഇത്തരത്തിൽ സമാഹരിച്ചു 65 ലക്ഷം രൂപ സർക്കാരിന് നൽകിയിരുന്നു.

സംസ്ഥാന സർക്കാർ നടത്തുന്ന കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ കേരള ക്രിക്കറ്റ് അസോസിയേഷനും, ജില്ലാ ക്രിക്കറ്റ് അസോസിയേഷനുകളും, ഭാഗമാകുമെന്നു കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് സാജൻ വർഗീസ്, സെക്രട്ടറി അഡ്വ ശ്രീജിത്ത് വി നായർ ബിസിസിഐ ജോയിന്റ് സെക്രട്ടറി ജയേഷ് ജോർജ് എന്നിവർ അറിയിച്ചു.

താരങ്ങളുടെ ശമ്പളം വെട്ടിക്കുറയ്ക്കും ബിസിസിഐയും!

മുംബൈ: കൊറോണ വൈറസ് വ്യാപനം കായിക ലോകത്തെ തകിടം മറിച്ചിരിക്കുകയാണ്. ടൂർണമെന്റുകൾ റദ്ദാക്കുകയും നീട്ടി വയ്ക്കുകയും ചെയ്തതു കാരണം വലിയ സാമ്പത്തിക നഷ്ടമാണ് ബോർഡുകൾക്കും അസോസിയേഷനുകൾക്കും ഫ്രാഞ്ചൈസികൾക്കുമെല്ലാം നേരിടുന്നത്. സാമ്പത്തിക പ്രതിസന്ധിയെ തുടർന്നു ലോക ഫുട്ബോളിലെ ഫുട്ബോളിലെ ഇതിഹാസ താരങ്ങളായ ക്രിസ്റ്റ്യായാനോ റൊണാൾഡോ, ലയണൽ മെസ്സി എന്നിവർക്കു നൽകുന്ന ശമ്പളം ക്ലബ്ബുകൾ വെട്ടിക്കുറച്ചിരുന്നു. പല ക്ലബ്ബുകളും ശമ്പളം വലിയ രീതിയിൽ വെട്ടിക്കുറച്ചു. സമാനമായ അവസ്ഥയിലേക്കാണ് ക്രിക്കറ്റും നീങ്ങുന്നത്. ഫിഫ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും സാമ്പത്തിക ശേഷിയുള്ള കായിക സംഘടനയായ ബിസിസിഐയും ഇപ്പോൾ മോശം അവസ്ഥയിലൂടെയാണ് കടന്നു പോവുന്നത്.

ഇതേ തുടർന്നു ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളുടെയും ശമ്പളം വെട്ടിക്കുറയ്ക്കാനാണ് ബിസിസിഐയുടെ നീക്കം.ഇന്ത്യൻ ക്രിക്കറ്റർമാരുടെ ശമ്പളം കുറയ്ക്കേണ്ടി വരുമെന്ന് ഇന്ത്യൻ ക്രിക്കറ്റ് അസോസിയേഷൻ (ഐസിഎ) പ്രസിഡന്റ് അശോക് മൽഹോത്ര വ്യക്തമാക്കി. ക്രിക്കറ്റ് താരങ്ങളുടെ മാതൃസംഘടനയാണ് ബിസിസിഐ, അതൊരു കമ്പനി കൂടിയാണ്. കമ്പനി നഷ്ടം വരുത്തിയാൽ അത് ഇതിന്റെ ഭാഗമായ എല്ലാവരെയും ബാധിക്കും. യൂറോപ്പിൽ വൻ പ്രതിഫലം പറ്റിയിരുന്ന ഫുട്ബോളർമാരുടെയെല്ലാം ശമ്പളം കുറച്ചു കഴിഞ്ഞു. അവരുടെ അസോസിയേഷനുകൾ തന്നെയാണ് ഇക്കാര്യമറിയിച്ചത്. അപ്രതീക്ഷിത സംഭവങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. വളരെ മോശം സമയം കൂടിയാണിത്. അതുകൊണ്ടു തന്നെ എല്ലാവരും തങ്ങളുടെ പോക്കറ്റിൽ നിന്നും പണമെടുത്ത് സംഭാവന ചെയ്യേണ്ടിവരും. താരങ്ങളുടെ ശമ്പളം കുറയ്ക്കുന്നത് ശരിയല്ലെന്നു അറിയാം. എന്നാൽ മാതൃസംഘടനയ്ക്കു മുമ്പത്തെ പോലെ വരുമാനം ലഭിക്കുന്നില്ലെങ്കിൽ താരങ്ങളും ശമ്പളം കുറയ്ക്കുമെന്ന് പ്രതീക്ഷിക്കേണ്ടിവരുമെന്ന് മൽഹോത്ര വിശദമാക്കി.കൊറൊണ വൈറസ് ഭീതിയെ തുടർന്നു ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിൽ നടക്കേണ്ടിയിരുന്ന മൂന്നു മൽസരങ്ങളുടെ ഏകദിന പരമ്പര റദ്ദാക്കിയിരുന്നു.

ഇതു മൂലം ബിസിസിഐയ്ക്കു വലിയ സാമ്പത്തിക നഷ്ടമുണ്ടായിരുന്നു. ബിസിസിഐയുടെ ഏറ്റവും വലിയ വരുമാന സ്രോതസായ ഐപിഎല്ലും ഇപ്പോൾ അനിശ്ചിതത്വത്തിലാണ്. മാർച്ച് 29ന് ആരംഭിക്കേണ്ടിരുന്ന സീസൺ ഏപ്രിൽ 15ലേക്കു നീട്ടി വച്ചിരിക്കുകയാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ടൂർണമെന്റ് നടക്കുമോയെന്ന കാര്യം സംശയത്തിലാണ്.മെസ്സിയും ബാഴ്സലോണയിലെ മറ്റു ടീമംഗങ്ങളും 70 ശതമാനം ശമ്പളം വെട്ടിച്ചുരുക്കാൻ സമ്മതം മൂളിയിരുന്നു. ഇറ്റലിയിൽ യുവന്റസിന്റെ താരമായ റൊണാൾഡോ, കോച്ച് മൗറിസിയോ സാറി, മറ്റു ടീമംഗങ്ങൾ എന്നിവരുടെ ശമ്പളവും കുറച്ചിരിക്കുകയാണ്. കൊവിഡ്-19 ഏറ്റവുമധികം ബാധിച്ച രണ്ടു രാജ്യങ്ങൾ കൂടിയാണ് സ്പെയിനും ഇറ്റലിയും.

ദാദയുടെ കാലം എന്റെ നല്ല കാലം: യുവ്‌രാജ് സിങ്

മുംബൈ: മഹേന്ദ്രസിംങ് ധോണിയും വിരാട് കോഹ്‌ലിയും തനിക്ക് ഒരു പിന്തുണയും നൽകിയിട്ടില്ലെന്ന് ഇന്ത്യ കണ്ട മികച്ച താരങ്ങളിലൊരാളായ യുവ് രാജ് സിംങ്. ഗാംഗുലിയുടെ ടീമിൽ കളിച്ചപ്പോഴാണ് തനിക്കു കൂടുതൽ നല്ല ഓർമകളുള്ളതെന്നു യുവി പറയുന്നു.താൻ കളിച്ച ക്യാപ്റ്റൻമാരിൽ ഏറ്റവുമധികം പിന്തുണ ലഭിച്ചിട്ടുള്ളത് ഗാംഗുലിക്കു കീഴിലാണെന്നു യുവി വെളിപ്പെടുത്തി. ദാദ നൽകിയ പിന്തുണ വളരെ വലുതായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിനു കീഴിൽ കളിച്ചപ്പോഴുള്ള ഓർമകളാണ് കൂടുതൽ പ്രിയപ്പെട്ടത്. ഗാംഗുലിയിൽ നിന്നു ലഭിച്ചതു പോലൊരു പിന്തുണ ധോണി, കോഹ്‌ലി എന്നിവരിൽ നിന്നും തനിക്കു ലഭിച്ചിരുന്നില്ലെന്നും യുവി തുറന്നു പറയുന്നു.കരിയറിൽ താൻ നേരിടാൻ ഏറ്റവുമധികം വിഷമിച്ച ബൗളർ ശ്രീലങ്കയുടെ മുൻ സ്പിൻ ഇതിഹാസം മുത്തയ്യ മുരളീധരനാണെന്നു യുവി വെളിപ്പെടുത്തി. മുരളിക്കെതിരേ എങ്ങനെ കളിക്കണമെന്നു പോലും തനിക്കു ധാരണയില്ലായിരുന്നു. ഒടുവിൽ സച്ചിൻ ടെണ്ടുൽക്കറാണ് രക്ഷയ്ക്കെത്തിയത്. മുരളിക്കെതിരേ സ്വീപ്പ് ഷോട്ടുകൾക്കു ശ്രമിക്കാൻ സച്ചിൻ ഉപദേശിക്കുകയായിരുന്നു. ഇത് വിജയിക്കുകയും ചെയ്തയായി യുവി വ്യക്തമാക്കി.

ഓസ്‌ട്രേലിയയുടെ മുൻ പേസ് ഇതിഹാസം ഗ്ലെൻ മഗ്രാത്തും തന്നെ കുഴക്കിയ ബൗളറായിരുന്നുവെന്ന് യുവി അഭിപ്രായപ്പെട്ടു. ഓഫ് സ്റ്റംപിന് പുറത്തേക്കു പോയ്ക്കൊണ്ടിരുന്ന മഗ്രാത്തിന്റെ പന്തുകൾക്കെതിരേ കളിക്കാൻ ശരിക്കും വിഷമിച്ചു. ഭാഗ്യവശാൽ അദ്ദേഹത്തിനെതിരേ അധികം മൽസരങ്ങളിൽ കളിക്കേണ്ടി വന്നില്ല. ടെസ്റ്റിൽ ഓസ്‌ട്രേലിയക്കെതിരേ ഇന്ത്യ കളിക്കുമ്പോൾ താൻ ടീമിന് പുറത്തായിരുന്നുവെന്നും ഇവിടെ നിന്നു സഹതാരങ്ങളെ പിന്തുണയ്ക്കുക മാത്രമേ ചെയ്യേണ്ടിയിരുന്നുള്ളൂവെന്നും യുവി കൂട്ടിച്ചേർത്തു.2007ൽ ബംഗ്ലൂരിൽ നടന്ന മൽസരത്തിൽ ഇന്ത്യ നാലിന് 61 റൺസെന്ന നിലയിൽ പതറവെ ക്രീസിലെത്തിയ ശേഷം നേടിയ 169 റൺസും 2011ലെ ലോകകപ്പിന്റെ ക്വാർട്ടർ ഫൈനലിൽ ഓസ്‌ട്രേലിയക്കെതിരേ പുറത്താവാതെ നേടിയ 57 റൺസുമാണ് കരിയറിലെ ഏറ്റവും മികച്ച ഇന്നിങ്സുകളെന്നു യുവി ചൂണ്ടിക്കാട്ടി. ഈ രണ്ടു ഇന്നിങ്സുകളും കടുത്ത സമ്മർദ്ദത്തിനിടെ കളിച്ചു നേടിയതാണ്. ഇംഗ്ലീഷ് പേസർ സ്റ്റുവർട്ട് ബ്രോഡിനെതിരേ ഒരോവറിൽ നേടിയ ആറു സിക്സറുകളും തനിക്കു മറക്കാനാവില്ലെന്നു യുവി പറയുന്നു.

2011ൽ നാട്ടിൽ നടന്ന ഏകദിന ലോകകപ്പിൽ ഇന്ത്യ കിരീടമുയർത്തിയപ്പോൾ ഇതിനു ചുക്കാൻ പിടിച്ചത് യുവരാജായിരുന്നു. ടൂർണമെന്റിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടത് യുവിയായിരുന്നു. എട്ട് ഇന്നിങ്സുകളിൽ നിന്നും ഒരു സെഞ്ച്വറിയും നാലു ഫിഫ്റ്റികളുമടക്കം 362 റൺസാണ് താരം നേടിയത്. ഒമ്പത് മൽസരങ്ങളിൽ നിന്നും 15 വിക്കറ്റുകളും ഓൾറൗണ്ടർ വീഴ്ത്തി. 304 ഏകദിനം, 40 ടെസ്റ്റുകൾ, 58 ടി20 എന്നിവയിൽ നിന്നും 11,000ത്തിൽ കൂടുതൽ റൺസ് യുവി നേടിയിട്ടുണ്ട്. ഏകദിനത്തിൽ 36.55ഉം ടി20യിൽ 28.05ഉം ടെസ്റ്റിൽ 33.92ഉം ആണ് താരത്തിന്റെ ശരാശരി. മൂന്നു ഫോർമാറ്റുകളിലായി 148 വിക്കറ്റുകളും യുവി വീഴ്ത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ജൂണിലാണ് അദ്ദേഹം ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ചത്.

ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച ഓൾറൗണ്ടർമാരുടെ നിരയിലാണ് മുൻ ഇതിഹാസം യുവരാജ് സിങ്ങിന്റെ സ്ഥാനം. ഇന്ത്യക്കൊപ്പം രണ്ടു ലോകകപ്പ് വിജയങ്ങളിൽ പങ്കാളിയാവാനും അതിനു ചുക്കാൻ പിടിക്കാനും ഭാഗ്യമുണ്ടായ ചുരുക്കം താരങ്ങളിലൊരാൾ കൂടിയാണ് യുവി. 17 വർഷം നീണ്ട അന്താരാഷ്ട്ര കരിയറിൽ പല ക്യാപ്റ്റൻമാർക്കും കീഴിൽ അദ്ദേഹം കളിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും മികച്ച നായകൻ ആരായിരുന്നുവെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ് യുവരാജ്.നിലവിലെ ബിസിസിഐ പ്രസിഡന്റ് കൂടിയായ സൗരവ് ഗാംഗുലി നായകനായിരിക്കെയാണ് യുവി ദേശീയ ടീമിലെത്തിയത്. തുടർന്ന് എംഎസ് ധോണി, വിരാട് കോഹ്‌ലി എന്നിവർക്കു കീഴിലും അദ്ദേഹം കളിച്ചു. ഇവരിൽ ധോണിക്കു കീഴിലാണ് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ യുവിക്കായത്.

'വിരുഷ്ക'യുടെ വക മൂന്നു കോടി

മുംബൈ: കോവിഡ് വ്യാപനത്തിനെതിരേ പോരാടുന്ന സർക്കാർ നടപടികൾക്കു പിന്തുണയുമായി ഇന്ത്യൻ ക്രിക്കറ്റ് ടീം നായകൻ വിരാട് കോഹ്‌ലിയും ബോളിവുഡ് നടി അനുഷ്ക ശർമയും നൽകിയ തുക എത്രയെന്ന വിവരം പുറത്ത്. പ്രധാനമന്ത്രിയുടെയും മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യുമെന്ന് ടിറ്ററിലൂടെ കോഹ്‌ലി അറിയിച്ചിരുന്നു. എന്നാൽ തുക എത്രയെന്ന് അദ്ദേഹം വെളിപ്പെടുത്തിയിരുന്നില്ല. കോഹ്‌ലിയും അനുഷ്കാ ശർമയും ചേർന്നു മൂന്നു കോടി രൂപയാണ് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകിയിരിക്കുകയാണ്. എന്നാൽ മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു എത്രയാണ് ഇവർ സംഭാവന ചെയ്തതെന്നു വ്യക്തമായിട്ടില്ല. എങ്കിലും സംഭാവനയുടെ കാര്യത്തിൽ രാജ്യത്തെ മറ്റു കായിക താരങ്ങളെയെല്ലാം പിന്നിലാക്കിയിരിക്കുകയാണ് കോഹ്‌ലി. കോഹ്‌ലിയുടെ ടീമംഗവും നിശ്ചിത ഓവർ ടീം വൈസ് ക്യാപ്റ്റനുമായ രോഹിത് ശർമ കഴിഞ്ഞ ദിവസം 80 ലക്ഷം രൂപ വ്യത്യസ്ത ഫണ്ടുകളിലേക്കു സംഭാവന ചെയ്തിരുന്നു. ടിറ്ററിലൂടെയായിരുന്നു ഹിറ്റ്മാൻ ഇക്കാര്യമറിയിച്ചത്. നമ്മുടെ രാജ്യത്തെ പഴയതു പോലെയാക്കി മാറ്റണം. അതിന്റെ ഉത്തരവാദിത്വം നമുക്ക് തന്നെയാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 45 ലക്ഷവും മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷവും ഫീഡിങ് ഇന്ത്യ, തെരുവുനായ്ക്കളുടെ ക്ഷേമം എന്നിവയ്ക്കായി അഞ്ചു ലക്ഷം രൂപ വീതവും താൻ സംഭാവന ചെയ്തിരിക്കുകയാണ്. നേതാക്കൾക്കു പിന്നിൽ നമുക്ക് അണിരക്കാം, അവരെ പിന്തുണയ്ക്കാമെന്നും രോഹിത് ടീറ്റ് ചെയ്തിരുന്നു. നേരത്തേ ഇന്ത്യൻ ബാറ്റിങ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറും ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലിയും 50 ലക്ഷം വീതം സംഭാവന ചെയ്തിരുന്നു.

കൊറോണ: ഫുട്ബോൾ ലോകത്ത് വീണ്ടും മരണം

പെപ് ദിയൂഫ്

ഡാക്കാർ (സെനഗൽ): കൊറോണ വൈറസ് വ്യാപനത്തെത്തുടർന്ന് ഫുട്ബോൾ ലോകത്തുനിന്ന് ഒരാൾക്കുകൂടി ജീവൻ നഷ്ടപ്പെട്ടു.ഫ്രഞ്ച് ക്ലബ് മാഴ്സെയുടെ മുൻ പ്രസിഡന്റ് പെപ് ദിയൂഫാണ് (68) കോവിഡ് 19 ബാധിച്ച് മരിച്ചത്. വൈറസ് ബാധ സ്ഥിരകരീച്ചതിനെ തുടർന്ന് സെനഗലിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. വിദഗ്ധ ചികിത്സയ്ക്കായി ഫ്രാൻസിലേക്കു കൊണ്ടുപോകാനിരിക്കെയാണ് മരണം. ദിയൂഫിന്റെ കുടുംബാംഗങ്ങളും മാഴ്സെ ക്ലബ്ബും അദ്ദേഹത്തിന്റെ അന്ത്യം സ്ഥിരീകരിച്ചു.ആഫ്രിക്കൻ രാജ്യമായ ചാഡിൽ ജനിച്ച പെപ് ദിയൂഫിന് സെനഗൽ, ഫ്രഞ്ച് പൗരത്വമുണ്ടായിരുന്നു. യൂറോപ്പിലെ ഏതെങ്കിലും പ്രമുഖ ക്ലബ്ബിന്റെ പ്രസിഡന്റ് സ്ഥാനത്തെത്തുന്ന ആദ്യ കറുത്തവർഗക്കാരനാണ്. സൈനികനായി ജീവിതം തുടങ്ങിയ പെപ് ദിയൂഫ്, പിന്നീട് മാധ്യമപ്രവർത്തകനായും ഫുട്ബോൾ ഏജന്റായും പ്രവർത്തിച്ച ശേഷമാണ് മാഴ്സെയുടെ പ്രസിഡന്റ് പദവിയിലേക്ക് എത്തുന്നത്. ഐവറി കോസ്റ്റ് താരം ദിദിയർ ദ്രോഗ്ബെയുടെ ഏജന്റായിരുന്നു.20052009 കാലഘട്ടത്തിലാണ് അദ്ദേഹം മാഴ്സെ പ്രസിഡന്റായിരുന്നത്. ഈ കാലയളവിൽ മാഴ്സെ ഫ്രഞ്ച് ലീഗ് വണ്ണിൽ രണ്ടു തവണ രണ്ടാം സ്ഥാനത്തെത്തുകയും രണ്ടു തവണ ഫ്രഞ്ച് കപ്പ് ഫൈനലിൽ കടക്കുകയും ചെയ്തു.

പിന്നീട് 2010ൽ 18 വർഷത്തെ ഇടവേളയ്ക്കു ശേഷം മാഴ്സെ ലീഗ് വൺ ചാംപ്യൻമാരുമായി.ക്ലബ്ബിന്റെ മഹാനായ ശിൽപിയെന്ന നിലയിൽ പെപ് എക്കാലവും മാഴ്സെയുടെ ഹൃദയത്തിൽ ജീവിക്കും' മരണത്തിനു പിന്നാലെ മാഴ്സെ ടിറ്ററിൽ കുറിച്ചു.

മാധ്യമപ്രവർത്തകൻ, ഏജന്റ്, മാഴ്സെ പ്രസിഡന്റ് എന്നീ നിലകളിൽ ഫുട്ബോളിനെ സേവിക്കാനായി ജീവിതം പൂർണമായും മാറ്റിവച്ച വ്യക്തിയാണ് പെപ് ദിയൂഫെന്ന് ഫ്രഞ്ച് പ്രഫഷനൽ ഫുട്ബോൾ ലീഗ് പ്രതികരിച്ചു. ഒട്ടേറെ മുൻ താരങ്ങളും പരിശീലകരും പെപ് ദിയൂഫിന്റെ നിര്യാണത്തിൽ അനുശോചിച്ചു.

അത് മാറക്കാനോസോ അല്ല, മിനെയ്റാസോ

സി. കെ. രാജേഷ്കുമാർ

9-7-2014, ബ്രസീലിയൻ ജനത ഒരിക്കലും ഈ ദിനം മറക്കില്ല. കാരണം അവരുടെ ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം രുചിച്ച ദിനം. അത് ഒരു സാധാരണ മത്സരത്തിലല്ല, ലോകകപ്പിൽ. സെമിയിൽ ജർമനിയോട് ഒന്നിനെതിരേ ഏഴു ഗോളിനു പരാജയപ്പെട്ടു. ബ്രസീലിന് അത് വെറുമൊരു ദുരന്തമല്ല, മരണമാണ്. അവരുടെ 100 വർഷത്തെ ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയമേറ്റുവാങ്ങിയ ബ്രസീൽ മരണം സ്വയം വരിച്ചു. അല്ലെങ്കിൽ മനോഹരമായ കലാസൃഷ്ടിപോലെ കരുതുന്ന ബ്രസീലിയൻ ഫുട്ബോളിലെ ജർമനി ഇല്ലായ്മ ചെയ്തു. ബ്രസീലിന്റെ കടുത്ത എതിരാളികൾപോലും ആഗ്രഹിക്കാത്ത പരാജയം. അതൊരു ചൊവ്വാഴ്ചയായിരുന്നു. ബ്രസീലിലെ എല്ലാ കണ്ണുകളും ആ ദിനം ബെലോ ഹൊറിസോണ്ടെയിലെ മിനെയ്റോ സ്റ്റേഡിയത്തിലായിരുന്നു. ബ്രസീലിന്റെ എല്ലാ കളിക്കും സർക്കാർ പൊതു അവധി നൽകുന്ന പതിവുണ്ട്. അതുകൊണ്ടുതന്നെ പൊതു അവധിയാഘോഷിക്കുകയായിരുന്നു ആരാധകർ. രാവിലെ തന്നെ അവർ സ്റ്റേഡിയത്തിലേക്ക് ഒഴുകി. ആട്ടവും പാട്ടും നൃത്തവുമായി അവർ സ്റ്റേഡിയപരിസരവും റോഡുകളും വർണാഭമാക്കി. കാത്തിരിക്കുന്ന ദുരന്തത്തിന്റെ വ്യാപ്തി അവർ മനസിലാക്കിയിരുന്നില്ല. സ്റ്റേഡിയത്തിലേക്ക് കയറും മുമ്പ് ഏവരും നെയ്മറോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ മുഖം മൂടി വാങ്ങി ധരിച്ചു.

തൊട്ടുമുമ്പത്തെ മത്സരത്തിൽ കൊളംബിയയുടെ ഡേവിഡ് സുനിഗയുടെ മാരകമായ ടാക്ലിങ്ങിൽ നട്ടെല്ലിനേറ്റ പരുക്കിനെത്തുടർന്ന് സൂപ്പർ താരം നെയ്മർക്ക് കളിക്കാനായിരുന്നില്ല. വൈകാരികമായി തന്നെ ഇത് കളിക്കാരെയും ആരാധകരെയും ബാധിച്ചിരുന്നു. ആരാധകർ പച്ചയും നീലയം മഞ്ഞയും മുഖത്തും ശരീരത്തും വാരിത്തേച്ചു. മത്സരം തുടങ്ങുന്നതിന് ഏതാണ്ട് ഒരു മണിക്കൂർ മുമ്പേ ആരാധകർ സ്റ്റേഡിയത്തിനുള്ളിൽ പ്രവേശിച്ചു. ആട്ടവും പാട്ടുമായി അവർ രംഗം കൊഴുപ്പിച്ചു. സ്റ്റേഡിയം നിറഞ്ഞുകവിഞ്ഞു. 95 ശതമാനവും ബ്രസീലിന്റെ ആരാധകർ. ഏതാണ്ട് അറുപതിനായിരത്തോളം കാണികൾക്കിരിക്കാവുന്ന മിനെയ്റോ സ്റ്റേഡിയം നിമിഷനേരംകൊണ്ട് നിറഞ്ഞു. കാത്തിരിപ്പിനൊടുവിൽ ഇരു ടീമുകളും മൈതാനത്തിലേക്ക്. നെയ്മറുടെ കുപ്പായവുമായാണ് നായകൻ ഡേവിഡ് ലൂയിസെത്തിയത്. ദേശീയ ഗാനമാലപിക്കുമ്പോൾ ആ ജേഴ്സി ഡേവിഡ് ലൂയിസും ജൂലിയോ സെസാറും ഉയർത്തിപ്പിടിച്ചു. സ്റ്റേഡിയത്തെ വൈകാരികമായി ഇളക്കുകയായിരുന്നു അവർ. മത്സരം തുടങ്ങി. ആരും ഇരുന്നായിരുന്നില്ല കളി കണ്ടത്. ആദ്യ മിനിറ്റിൽത്തന്നെ ജർമനിക്കെതിരേ ഗോൾ നേടാമെന്ന തന്ത്രമായിരുന്നു ബ്രസീൽ പയറ്റിയത്. എന്നാൽ, ഗോൾ നേടാനായില്ല. കളി തിരിഞ്ഞു തുടങ്ങി. ഗാലറിയിൽ മുരൾച്ചയും തുടങ്ങി. ഇതിനിടെ ജർമൻ ടാങ്കറിൽനിന്ന് ആദ്യ വെടി പൊട്ടി. എങ്കിലും ആരാധകർക്ക് പ്രതീക്ഷയുണ്ടായിരുന്നു. സ്വന്തം ടീം തിരിച്ചുവരുമെന്ന്. എന്നാൽ, അതാ വരുന്നു തുരുതുരെ വെടിയുണ്ടകൾ. ജർമനി നേടിയ ഓരോ ഗോളും ആരാധകരുടെ ഹൃദയത്തെ മുറിച്ചു. എന്താണ് കൺമുന്നിൽ സംഭവിക്കുന്നത് എന്നറിയാതെ അവർ മുഖാമുഖം നോക്കി. മുന്നിൽക്കണ്ടത് ഒന്നും സത്യമാകരുതേ എന്നവർ ആഗ്രഹിച്ചു. അവരുടെ ഏറ്റവും മോശമായ സ്വപ്നത്തിൽപ്പോലും ബ്രസീൽ ഇത്തരത്തിൽ തകരുന്നതായി കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ അവർ കാത്തിരുന്നു.

ബ്രസീൽ ഫുട്ബോൾ ടീമിന്റെ വലിയ ആരാധകനായ ഗൗച്ചോയുടെ ദുഃഖം. സ്റ്റേഡിയത്തിൽനിന്നുള്ള കാഴ്ച.

അഞ്ചാമത്തെ ഗോളും വീണതോടെ യാഥാർഥ്യത്തോട് അവർ പൊരുത്തപ്പെട്ടു. സ്റ്റേഡിയത്തിന്റെ ചിലകോണുകളിൽ ആരാധകർ സ്വയം നിലമറന്നു. ഇതോടെ സുരക്ഷാ ഉദ്യോഗസ്ഥർക്ക് പിടിപ്പതുജോലിയായി. എന്നാൽ, അക്രമത്തിനോ ഒന്നും അവർ മുതിർന്നില്ല. ബ്രസീലിന്റെ ഫുട്ബോൾ പാരമ്പര്യം അതല്ലല്ലോ. പലരും സ്വയം തപിച്ചു. വനിതാ ആരാധകരുടെ മുഖത്തു തേച്ചുപിടിപ്പിച്ച കളറുകൾ കണ്ണീരിൽ കലങ്ങി. കുട്ടികൾ അലമുറയിട്ടു നിലവിളിച്ചു. ദേശീയ പതാകകൊണ്ട് കണ്ണീർ തുടയ്ക്കുന്ന കുട്ടികൾ ഗാലറിയുടെ നൊമ്പരമായി. മാറക്കാന ഒരു ദുരന്തമായിരുന്നെങ്കിൽ ഇത് ബ്രസീൽ ടീമിന്റെ മരണമായി. മിനെയ്റോ സ്റ്റേഡിയമാകട്ടെ, മരണ വീടും.ആരാധകർ പതുക്കെപ്പതുക്കെ സ്വന്തം ടീമിനെ കൈവിട്ടു. ജർമനിയുടെ തകർപ്പൻ കളിയെ പ്രോത്സാഹിപ്പിച്ചു. ജർമനിയുടെ ഓരോ നീക്കത്തിനും അവരുടെ കൈയടിയുണ്ടായി. ഗോളുകൾ വീണപ്പോഴൊക്കെ ജർമൻ ടീമിനെ പ്രോത്സാഹിപ്പിക്കുന്നതിൽ അവർ പിശുക്കു കാട്ടിയില്ല. മത്സരം അവസാനിച്ചു. ജർമനി അവരുടെ ഏറ്റവും മികച്ച വിജയം നേടി. അതും ബ്രസീലിനോട്. മത്സരശേഷം മൈതാനം വിട്ട ബ്രസീൽ ആരാധകർക്ക് വീട്ടിൽ പോകാനാകുമായിരുന്നില്ല. സംഭവിച്ച ദുരന്തത്തിന്റെ ഞെട്ടൽ മാറണമെങ്കിൽ രണ്ടു ദിവസം കഴിയും. 1950നു ശേഷം മാറക്കാനയിൽ ഒരു ഫൈനൽ കളിക്കുക. അവിടെ കിരീടമുയർത്തുക. ഈ തലമുറയിലെ ഒരാൾക്കും ആ കാഴ്ച കാണാനാകുമെന്നു തോന്നുന്നില്ല.

മാറക്കാനപോലെ മിനെയ്റോയും ബ്രസീലിന്റെ ദുരന്ത ഭൂമിയായി. പരാജയത്തെ ന്യായീകരിക്കാൻ ആരും മുതിർന്നില്ല. നേരിക്കണ്ടവരെല്ലാം മുഖം കുനിച്ചു നടന്നു. നെയ്മറുടെ 1,20,000 മുഖംമൂടികൾ തലയുടെ പിന്നിലൊളിപ്പിച്ചു. അന്നു മാറക്കാനാസോ എങ്കിൽ ഇന്ന് മിനെയ്റാസോ. ഒരു പക്ഷേ, ബ്രസീലിലെ സാധാരണക്കാർ ഈ പരാജയം ആഗ്രഹിച്ചിരുന്നു. കാരണം ഒരുഭാഗത്ത് പട്ടിണിയും ദാരിദ്ര്യവും കൊടികുത്തി വാഴുകയാണ്.

അഴിമതിയുടെ കൂത്തരങ്ങ് വേറെ. നികുതിയിലൂടെ സർക്കാർ അവരെ ഞെക്കിപ്പിഴിയുന്ന കാലമായിരുന്നു അത്. എന്തായാലും ബ്രസീൽ തോറ്റു. ഉയിർത്തെഴുന്നേല്പിനു കാലതാമസമുണ്ടാകും. എങ്കിലും ഫുട്ബോളിലെ കാവ്യനീതി പോലും അർഹിക്കാത്തവരായിരുന്നോ ബ്രസീലുകാർ? ഫുട്ബോൾ എന്ന ബ്യൂട്ടിഫുൾ ഗെയിമിന് ഇത്രത്തോളും ക്രൂരമാകാൻ സാധിക്കുമോ? ജർമിക്ക് ഒരു ബിഗ് സല്യൂട്ട്.! ആ ലോകകപ്പിൽ എന്നല്ല, ലോക ഫുട്ബോളിൽ ജർമനിക്കു മാത്രം കഴിയുന്നകാര്യമായിരുന്നു ബ്രസീലിനെ ഇങ്ങനെ ഞെക്കിക്കൊല്ലാൻ.

മികച്ച ഇന്ത്യൻ ടെസ്റ്റ് ഇലവനെ തെരഞ്ഞെടുത്ത് വോൺ

സിഡ്നി: ഇന്ത്യയുടെ എക്കാലത്തെയും മികച്ച ടെസ്റ്റ് ഇലവനെ ഓസ്‌ട്രേലിയയുടെ മുൻ സ്പിൻ ഇതിഹാസം ഷെയ്ൻ വോൺ തെരഞ്ഞെടുത്തു. ചില വമ്പൻ താരങ്ങൾ വോണിന്റെ ടീമിൽ ഇടം പിടിച്ചില്ലെന്നത് ശ്രദ്ധേയമാണ്. താൻ നേരത്തേ കളിച്ചപ്പോൾ ഇന്ത്യൻ സംഘത്തിലുണ്ടായിരുന്ന കളിക്കാരെ മാത്രമേ അദ്ദേഹം ഇലവനിലേക്കു പരിഗണിച്ചിട്ടുള്ളൂ. അതുകൊണ്ടു തന്നെ മുൻ ഇതിഹാസ നായകൻ എംഎസ് ധോണി, നിലവിലെ ക്യാപ്റ്റൻ വിരാട് കോഹ്‌ലി എന്നിവരൊന്നും ടീമിൽ ഇല്ല.ഇൻസ്റ്റഗ്രാം പേജിലൂടെയാണ് ഇന്ത്യയുടെ എക്കാലത്തെയും മികച്ച ഇലവനെ വോൺ തിരഞ്ഞെടുത്തിരിക്കുന്നത്. മുൻ ഇതിഹാസവും ഇപ്പോൾ ബിസിസിഐ പ്രസിഡന്റുമായ സൗരവ് ഗാംഗുലിയാണ് ടീമിന്റെ നായകൻ.ഇന്ത്യയുടെ ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിലെ എക്കാലത്തെയും മികച്ച ബാറ്റ്സ്മാൻമാരിൽ ഒരാളെന്നു വിശേഷിപ്പിക്കപ്പെടുന്ന വിവിഎസ് ലക്ഷ്മണിനെ ലോക ഇലവനിൽ വോൺ ഉൾപ്പെടുത്തിയില്ലെന്നതാണ് ശ്രദ്ധേയം.

വിരേന്ദർ സെവാഗും നവജ്യോത് സിങ് സിദ്ധുവുമാണ് ഓൾടൈം ഇലവന്റെ ഓപ്പണർമാർ. മൂന്നാം നമ്പറിൽ ഇന്ത്യയുടെ മുൻ വൻമതിൽ രാഹുൽ ദ്രാവിഡിനെയാണ് വോൺ ഉൾപ്പെടുത്തിയത്. സച്ചിനെക്കുറിച്ച് ഇതിനകം ഏറെ പറഞ്ഞു കഴിഞ്ഞു, ഇനി പ്രത്യേകിച്ചൊന്നും പറയാനില്ല. മഹാനായ താരമാണ് അദ്ദേഹം. സച്ചിനാണ് നാലാമൻ. മുൻ ക്യാപ്റ്റൻ മുഹമ്മദ് അസ്ഹറുദ്ദീനെയാണ് അഞ്ചാമനായി വോൺ ഉൾപ്പെടുത്തിയത്.ഇന്ത്യയുടെ ഓൾടൈം ഇലവനെ നയിക്കാൻ സൗരവ് ഗാംഗുലി തന്നെ വേണമെന്ന് തനിക്ക് നിർബന്ധമുണ്ടായിരുന്നു. ഇതേ തുടർന്നാണ് അദ്ദേഹത്തെ ടീമിലുൾപ്പെടുത്തിയത്. ഗാംഗുലി വന്നതോടെ ലക്ഷ്മണിനു അവസരം നഷ്ടമാവുകയും ചെയ്തതായി വോൺ പറഞ്ഞു. ഇന്ത്യക്കു ആദ്യമായി ലോകകപ്പ് നേടിത്തന്ന മുൻ ഇതിഹാസ നായകനും ഓൾറൗണ്ടറുമായ കപിൽ ദേവ് സംഘത്തിലുണ്ടെങ്കിലും നായകനായി നറുക്കുവീണത് ദാദയ്ക്കായിരുന്നു.

ടീം: വീരേന്ദർ സെവാഗ്, നവ്ജ്യോത് സിങ് സിദ്ധു, രാഹുൽ ദ്രാവിഡ്, സച്ചിൻ ടെണ്ടുൽക്കർ, മുഹമ്മദ് അസ്ഹറുദ്ദീൻ, സൗരവ് ഗാംഗുലി (ക്യാപ്റ്റൻ), കപിൽ ദേവ്, ഹർഭജൻ സിങ്, നയൻ മോംഗിയ, അനിൽ കുംബ്ലെ, ജവഗൽ ശ്രീനാഥ്.

SENSEX:28,265.31 (-1203.18)
NIFTY:8,253.80 (-343.95)

വിനിമയ നിരക്ക്

ഡോളർ	75.39
യൂറോ	82.45
പൗണ്ട്	93.32
സ്വിസ്ഫ്രാങ്ക്	78.02
സിംഗപ്പൂർ ഡോളർ	52.60
ഓസ്ട്രേലിയൻ	45.70
കനേഡിയൻ	52.95
ബഹറിൻ ദിനാർ	199.70
കുവൈറ്റ് ദിനാർ	240.37
ഒമാനി റിയാൽ	195.95
സൗദി റിയാൽ	19.99
യു എ ഇ ദിർഹം	20.50
ഖത്തർ	20.54

ഭീതിയിൽ പിൻവലിഞ്ഞ് നിക്ഷേപകർ

മുംബൈ: ഓഹരി വിപണിയിലെ ഇടിവിൽ ഭീതിയിൽ വിദേശ നിക്ഷേപകർ ഇന്ത്യൻ വിപണികളിൽ നിന്നും പിൻവലിയാൻ തുടങ്ങി. മാർച്ചിൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ (എഫ്പിഐ) രാജ്യത്തെ മൂലധന വിപണിയിൽ നിന്നും പിൻവലിച്ചത്. കണക്കുകൾ അനുസരിച്ച് മാർച്ച് 2 മുതൽ 27 വരെയുള്ള കാലയളവിൽ ഓഹരി വിപണിയിൽ നിന്നും 59,377 കോടി രൂപയും ഡെറ്റ് വിപണിയിൽ നിന്നും 52,811 കോടി രൂപയും ആണ് എഫ്പിഐ പിൻവലിച്ചിരിക്കുന്നത്.

മാർച്ചിൽ മൊത്തം 1,12,188 കോടി രൂപയുടെ നിക്ഷേപം പിൻവലിച്ചു. ഇതുവരെ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും ഉയർന്ന പിൻവലിക്കലാണിത്. തുടർച്ചയായ ആറ് മാസങ്ങളിൽ ഇന്ത്യൻ വിപണികളിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് മുൻഗണന നൽകിയിരുന്ന വിദേശ നിക്ഷേപകർ മാർച്ചോടെ വിപണിയിൽ നിന്നും പിന്മാറാനുള്ള പ്രവണതയാണ് കാണിച്ചു തുടങ്ങിയിരിക്കുന്നത്. ഇത് ഏപ്രിലിലും തുടർന്നേക്കും.

മുട്ട വ്യാപാരത്തിലും കൊവിഡ് ബാധ

കൊച്ചി: കോഴി വ്യാപാരത്തിന് തിരിച്ചടി ആയതുപോലെ ലോക്ക് ഡൗൺ മുട്ടക്കച്ചവടക്കാരുടെ പ്രതീക്ഷകൾ തകർത്തു. തമിഴ്നാട്ടിലെയും ആന്ധ്രയിലെയും ഫാമുകളിൽ ആവശ്യക്കാരില്ലാതെ കെട്ടിക്കിടക്കുകയാണ് മുട്ടകൾ. 1 രൂപ 25 പൈസയാണ് മൊത്തക്കച്ചവട കേന്ദ്രത്തിലെ വില. കഴിഞ്ഞ മാസം ഇത് 5 രൂപയായിരുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിതെന്ന് വ്യാപാരികൾ പറഞ്ഞു. പ്രധാന മുട്ട ഉത്പാദന കേന്ദ്രമായ നാമക്കലിൽ മാത്രം 25 കോടി മുട്ടകൾ കെട്ടിക്കിടക്കുകയാണെന്ന് പൗൾട്രി ഫാം ഉടമകളുടെ സംഘടന പറഞ്ഞു. ഒരു മാസത്തിനിടെ മുട്ട ഉത്പാദന മേഖലയിൽ 200 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്ക്. ചെന്നൈയിൽ മുട്ട ഒന്നിന് രണ്ടര രൂപയാണ് നിലവിൽ ഈടാക്കുന്നത്. കോഴി ഇറച്ചി കഴിച്ചാൽ കൊവിഡ് പകരുമെന്ന വ്യാജ പ്രചാരണം പൗൾട്രി മേഖലയെയും തളർത്തിയിരുന്നു.

മനസ് നിറയ്ക്കുന്ന പത്തരമാറ്റ് പൊന്ന്

ജോയ് ആലുക്കാസ്

പി.ബി. ബാലു

സ്വർണാഭരണ വ്യവസായ രംഗത്ത് ഇന്ന് പ്രമുഖരായ നിരവധി ബ്രാൻഡുകളുണ്ട്. ചുരുങ്ങിയ കാലം കൊണ്ട് ഇന്ത്യ മുഴുവൻ ഷോറൂമുകൾ തുറന്ന ഒരു കൂട്ടർ. ചെറുകിട ജ്വല്ലറികളെ ഏകോപിപ്പിച്ച് വൻകിട ബ്രാൻഡായി മാറിയ മറ്റൊരു കൂട്ടർ. ഇങ്ങനെയുള്ള സ്വർണ്ണക്കച്ചവടക്കാർക്കിടയിൽ നിന്നും വ്യത്യസ്തരായിരുന്നു ജോയ് ആലുക്കാസ് ഗ്രൂപ്പ്. പരമ്പരാഗതമായി സ്വർണവിപണിയിൽ കൈവെച്ച കൂട്ടർ. ആലുക്ക എന്ന ബ്രാൻഡ് മലയാളികളുടെ വിശ്വസ്തതയുടെ പ്രതീകമായിരുന്നു. പരിശുദ്ധമായ സ്വർണം വിൽക്കുന്നവർ എന്ന നിലയിൽ പേരെടുത്തവർ. അമരക്കാരനായി ജോയ് ആലുക്കാസ് കൂടി എത്തിയതോടെ ആ വിശ്വസ്തതയ്ക്ക് ആക്കം കൂടുകയും ചെയ്തു. അതാണ് ലോകത്തിന്റെ വ്യവസായ ഭൂപടത്തിൽ അധ്വാനം കൊണ്ട് പുതിയ ചരിത്രമെഴുതിയ മലയാളിയുടെ വിജയകഥ.

ടെലിവിഷൻ ചാനലുകളിൽ പരസ്യങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ കാലത്ത് ആദ്യം വന്നിരുന്ന പരസ്യങ്ങളുടെ കൂട്ടത്തിലായിരുന്നു ജോയ് ആലുക്കാസിന്റെ സ്വർണക്കടയുടെ പരസ്യവും. ഇന്ത്യയ്ക്ക് അകത്തും പുറത്തു ബിസിനസ് സാമ്രാജ്യം കെട്ടിപ്പെടുത്തിട്ടുള്ള ജോയ് ആലുക്കാസിന്റെ വ്യാപാരശക്തി എന്നു പറഞ്ഞത് കൂട്ടായ പ്രവർത്തനം തന്നെയാണ്. ജോയ് ആലുക്കാസിനെ ഭാഷയിൽ പറഞ്ഞാൽ അത് സ്വന്തം കുടുംബത്തിൽ നിന്നു തന്നെ തുടങ്ങും.

തുടക്കം പിതാവിനൊപ്പം

തൃശൂർ നഗരത്തിൽ സ്വർണക്കടയും കുടക്കമ്പനിയും പായ്ക്കിങ് ഉത്പന്ന ബിസിനസുമൊക്കെ നടത്തിവന്ന വർഗീസ് ആലുക്കയ്ക്ക് മക്കൾ 15 പേരായിരുന്നു. പതിനൊന്നാമനെ അദ്ദേഹം 'ജോയ്' എന്ന് വിളിച്ചു. എന്നും പിതാവിന്റെ വലംകൈയായിരുന്നു ആ കുഞ്ഞുജോയ്. കുഞ്ഞുന്നാളിൽ തന്നെ അച്ചടക്കത്തിൽ ജോയ് മുന്നിലായിരുന്നു. തൃശ്ശൂർ സെന്റ് തോമസ് സ്കൂളിലായിരുന്നു പഠനം. സ്കൂൾ വിട്ടുവന്നാൽ പിതാവിനെ കടകളിൽ സഹായിയായി കൂടും. ആറാം ക്ലാസിൽ പഠിക്കുമ്പോൾത്തന്നെ പിതാവിന്റെ കുടക്കമ്പനിയിൽ നടത്തിപ്പുകാരനായി.

പഠനത്തിൽ ശ്രദ്ധ ചെലുത്താനായി ഒമ്പതാം ക്ലാസിൽ ഒരു ബോർഡിങ് സ്കൂളിൽ ചേർന്നെങ്കിലും കച്ചവടത്തിൽ ഹരം കണ്ടെത്തിയ ജോയ്ക്ക് ഒരു വർഷത്തിലധികം അവിടെ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. പത്താം ക്ലാസിൽ വീണ്ടും സെന്റ് തോമസിൽ. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതോടെ പൂർണമായി ബിസിനസിലേക്കിറങ്ങി. ചുരുങ്ങിയ സമയംകൊണ്ടുതന്നെ കച്ചവടത്തിലെ പാഠങ്ങൾ സ്വായത്തമാക്കി. കുടയുടെ നിർമാണവും വിതരണവുമായിരുന്നു പിതാവിന്റെ ആദ്യ ബിസിനസ്. ഒരു സൈഡ് ബിസിനസ് എന്ന രീതിയിലാണ് 1956ൽ ജ്വല്ലറി തുടങ്ങിയത്. തൃശൂരിൽ നിന്ന് മാറി കട തുടങ്ങിയത് 1982ൽ കോഴിക്കോട്ടാണ്. അതിനുശേഷം എറണാകുളത്തും.

സ്വർണത്തിലേക്ക്, ഗൾഫിലേക്ക്

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതോടെ പൂർണമായി ബിസിനസിലേക്കിറങ്ങി. ചുരുങ്ങിയ സമയം കൊണ്ടു തന്നെ കച്ചവടത്തിലെ പാഠങ്ങൾ സ്വായത്തമാക്കി. പിതാവിന്റെ സ്വർണക്കടയിലായിരുന്നു ജോയ് കൂടുതൽ സമയം ചെലവഴിച്ചത്. ആലുക്കയുടെ മക്കളിലെ പതിനൊന്നാമനായ ജോയ് ആലുക്കാസിന്റെ വിജയകഥ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. കച്ചവടക്കാരനായ പിതാവിന്റെ കച്ചവട തന്ത്രങ്ങൾ ഏറ്റവും നന്നായി അറിഞ്ഞിരുന്ന പുത്രനായിരുന്നു ജോയ് എന്ന് തെളിയിക്കുന്നതായി പിന്നീടുള്ള വർഷങ്ങൾ.

അന്ന് നാട്ടിൽ ഗൾഫ് ട്രെൻഡായിരുന്നു. തൃശൂരിലെ ആലുക്കാസ് ജ്വല്ലറിയിൽ വിവാഹപ്പാർട്ടിക്കാരായി എത്തുന്നവരിൽ ഗൾഫുകാരൻ ചെക്കന്മാരുമുണ്ടായിരുന്നു. അവരുടെ പത്രാസൊക്കെ കണ്ടപ്പോൾ 'പേർഷ്യ' കാണാൻ ഒരു മോഹം. അങ്ങനെയാണ് 1986ൽ ദുബായിലേക്ക് വിമാനം കയറുന്നത്. സ്ഥലം കാണാൻ പോയ ജോയ്, സ്വർണക്കടകൾ കയറിയിറങ്ങി അവിടത്തെ കച്ചവടത്തിന്റെ സ്വഭാവം മനസിലാക്കി. അവിടെ സ്വർണക്കടകൾ നടത്തിയിരുന്നവർ മിക്കവരും ഗുജറാത്തികളാണ്. സെയിൽസിൽ നിൽക്കുന്നവർ മലയാളികളും. മാത്രമല്ല, ഉപഭോക്താക്കളിൽ ഏറിയപങ്കും മലയാളികൾ തന്നെ. ആ തിരിച്ചറിവാണ് പുതിയ ബിസിനസ് ലോകത്തിന് തുടക്കമാവുന്നത്. സ്വർണക്കച്ചവടത്തിനു വലിയ സാധ്യതയുള്ള മണ്ണാണ് അവിടമെന്ന് മനസിലാക്കാൻ ആ ചെറുപ്പക്കാരന് അധികം സമയം വേണ്ടിവന്നില്ല. നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹം പിതാവിനോട് യുഎഇയിൽ ഷോറൂം തുറക്കുന്നതിനെക്കുറിച്ചു ചർച്ച നടത്തി. പക്ഷേ ഇറാൻ- ഇറാഖ് യുദ്ധം നടക്കുന്ന അക്കാലത്ത് ഗൾഫിൽ പോകുന്നത് സുരക്ഷിതമല്ലെന്നായിരുന്നു കുടുംബത്തിന്റെ പക്ഷം. എങ്കിലും സാധ്യതകളെക്കുറിച്ച് വിശദമാക്കിയതോടെ പിതാവ് സമ്മതംമൂളി.

തുടക്കം അബുദാബിയിൽ

1987ൽ അബുദാബിയിൽ ചെറിയൊരു ഷോറൂം തുറന്നുകൊണ്ട് പടയോട്ടം തുടങ്ങിതാണ് ജോയ്. അതിവേഗം ഗൾഫ് നാടുകൾ വളർന്നതോടെ ജോയ് ആലുക്കാസും വളർന്നു. മലയാളികൾ കൂടുതൽ ദുബായിലാണെന്ന് മനസിലാക്കിയോടെ അവിടെയും ഒരു ഷോറൂം തുറന്നു. പിന്നീട് ഷാർജയിലും പുതിയ സ്വർണ്ണക്കട തുറന്നു. 'ആലുക്കാസ് ഇന്റർനാഷണൽ' എന്ന ബ്രാൻഡിലായിരുന്നു തുടക്കം. മറ്റു ജ്വല്ലറികളിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒരു ബ്രാൻഡ് പ്രതിച്ഛായ സൃഷ്ടിക്കാനായിരുന്നു അത്. ശക്തമായൊരു ബ്രാൻഡ് സൃഷ്ടിക്കാനുള്ള ആലോചനകൾ തുടർന്നു. അങ്ങനെയാണ്, സ്വന്തം പേരുതന്നെ ജ്വല്ലറി ഷോറൂമുകൾക്കും നൽകിയാലോ എന്ന ആലോചന ഉയരുന്നത്. ഉടൻ തന്നെ, ഗൾഫിലെയും കേരളത്തിലെയും തന്റെ ഷോറൂമുകൾ 'ജോയ് ആലുക്കാസ്' എന്ന ബ്രാൻഡിനു കീഴിലാക്കി. ജോയ് ആലുക്കാസ് ബ്രാൻഡിന്റെ പിറവി അങ്ങനെയാണ്. സ്വന്തം നിലയിലായിരുന്നു ജോയ് ആലുക്കാസ് യുഎഇയിൽ ജ്വല്ലറി ശൃംഖല വ്യാപിപ്പിച്ചതെങ്കിലും അപ്പോഴും കുടുംബ ബിസിനസിനൊപ്പമായിരുന്നു അത്.

പിതാവ് വർഗീസ് ആലുക്കയുടെ മരണത്തോടെ ബിസിനസ് വീതംവെച്ച് മക്കൾ പലരും സ്വതന്ത്ര നടത്തിപ്പ് തുടങ്ങി. വിദേശത്തു തുടങ്ങിയ ജ്വല്ലറികൾ ജോയ് ആലുക്കാസിന് തന്നെ ലഭിച്ചു.

മികച്ച ബ്രാൻഡിങ്

അതുവരെ ഒരു സ്വർണവ്യാപാരിയും ചെയ്യാതിരുന്ന കാര്യങ്ങൾ നടപ്പിലാക്കിയാണ് ജോയ് ആലുക്കാസ് ഏവരുടെയും പ്രിയപ്പെട്ട ബ്രാൻഡ് ആവുന്നത്. പരിശുദ്ധമായ സ്വർണം ലഭ്യമാക്കുന്നതോടൊപ്പം വമ്പൻ സമ്മാനപദ്ധതികൾ ഉൾപ്പെടെ, ആരും ചെയ്യാത്ത രീതിയിലുള്ള പ്രചാരണ പരിപാടികൾ തുടക്കത്തിൽത്തന്നെ അടിത്തറയുണ്ടാക്കാൻ അദ്ദേഹത്തിന് സഹായകമായി. പിന്നീടങ്ങോട്ട് ജോയ് ആലുക്കാസിന്റെ കാലമായിരുന്നു. ഷോറൂമുകൾ നിരവധി തുറന്ന അദ്ദേഹം മാധ്യമങ്ങളിലെ സ്ഥിര പരസ്യക്കാരനുമായി. 2002 ചിങ്ങം ഒന്നിന് കോട്ടയത്ത് ഷോറൂം തുറന്നുകൊണ്ട് ജോയ് ആലുക്കാസ് കേരളത്തിലെ ജ്വല്ലറി വിപണിയിലേക്ക് സാന്നിധ്യം വ്യാപിപ്പിച്ചു. തുടക്കം മുതൽ പ്രൊഫഷണലിസം കൊണ്ടുവരാനും കൂടുതൽ ഷോറൂമുകളുടെ ശൃംഖല തീർക്കാനും ജോയ് ആലുക്കാസ് പ്രത്യേകം ശ്രദ്ധിച്ചു. അതിനാൽത്തന്നെ, മറ്റുള്ളവരുടെ ജ്വല്ലറി ശൃംഖലകളെക്കാൾ ബഹുദൂരം മുന്നേറാൻ ജോയ് ആലുക്കാസിന് കഴിഞ്ഞു. ഉപഭോക്താക്കൾക്ക് ബിൽ നൽകിയുള്ള വ്യാപാരം പ്രോത്സാഹിപ്പിക്കാനും തുടക്കം മുതൽ ജോയ് ആലുക്കാസ് ശ്രദ്ധ ചെലുത്തി.

മികവുറ്റ ഉത്പന്നം

ക്വാളിറ്റി, ഡിസൈൻ, മികച്ച വാല്യു ഓഫറുകൾ, സൗകര്യങ്ങൾ, കസ്റ്റമർ സർവീസ്, പുതിയ ട്രെൻഡുകൾ എന്നിവ ഒരുക്കുന്നതിൽ ജോയ് ആലുക്കാസ് എന്നും മുന്നേ നടന്നു. ഐഎസ്ഒ 9001, ഐഎസ്ഒ 14001 സർട്ടിഫിക്കേഷനുകൾ നേടുന്ന ആദ്യ റീട്ടെയ്ൽ ജ്വല്ലറി ശൃംഖലയായി. ചെന്നൈയിൽ ലോകത്തിലെ ഏറ്റവും വലിയ ജ്വല്ലറി ഷോറൂം തുറന്നുകൊണ്ട് 'ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ' ഇടം പിടിച്ചു. ഇന്ന് ഇന്ത്യ, ഗൾഫ് രാജ്യങ്ങൾ, അമെരിക്ക, ഇംഗ്ലണ്ട്, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലായി 140ലേറെ ഷോറൂമുകളിലെത്തി നിൽക്കുകയാണ് ജോയ് ആലുക്കാസിന്റെ ശൃംഖല. ഗ്രൂപ്പിന്റെ വിവിധ സംരംഭങ്ങളിലായി ഏതാണ്ട് 8,000 ജീവനക്കാരുണ്ട്. ആശുപത്രി രംഗത്തും ഇന്ന് അദ്ദേഹം കൈവെച്ചിട്ടുണ്ട്. 2020 കഴിയുന്നതോടെ ഷോറൂമുകളുടെ എണ്ണം 200ലേക്ക് ഉയർത്താനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. അതോടെ, 20 രാജ്യങ്ങളിൽ ജോയ് ആലുക്കാസിന് സാന്നിധ്യമാകും.

വൈവിധ്യവത്കരണം

ജ്വല്ലറി ബിസിനസിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല ജോയ് ആലുക്കാസ് സാമ്രാജ്യം. വസ്ത്രം, സ്വർണം, ലൈഫ് സ്റ്റൈൽ ഉത്പന്നങ്ങൾ എന്നിവയെല്ലാം ഒരു കുടക്കീഴിൽ ഒരുക്കാനായി 'മാൾ ഓഫ് ജോയ്' എന്ന പേരിൽ അത്യാധുനിക ഷോപ്പിങ് മാളുകളും ആരംഭിച്ചിട്ടുണ്ട്. തൃശൂർ, കോട്ടയം എന്നീ നഗരങ്ങളിലാരംഭിച്ച മാളുകൾ ഭാവിയിൽ കൂടുതൽ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് തീരുമാനം. ജോളി സിൽക്സിലൂടെ വസ്ത്രവിപണിയിലും ജോയ് ആലുക്കാസ് മണി എക്സ്ചേഞ്ചിലൂടെ വിദേശനാണ്യ വിനിമയത്തിലും 'ജോയ് ആലുക്കാസ് ലൈഫ്സ്റ്റൈൽ ഡെവലപ്പേഴ്സിലൂടെ റിയൽ എസ്റ്റേറ്റ് രംഗത്തും അദ്ദേഹം സാന്നിധ്യമറിയിച്ചിട്ടുണ്ട്. സ്വന്തം ബിസിനസ് ആവശ്യങ്ങൾക്കും എയർ ടാക്സി സേവനങ്ങൾക്കുമായി 'ജോയ് ജെറ്റ്സ്' എന്ന പേരിൽ പ്രൈവറ്റ് ജെറ്റ് സർവീസും ഗ്രൂപ്പിനു കീഴിലുണ്ട്.

ജോയ് ആലുക്കാസ് ഫൗണ്ടേഷൻ

ജോയ് ആലുക്കാസ് സ്ഥാപങ്ങൾ പോലെ മലയാളിക്ക് പരിചിതമാണ് ജോയ് ആലുക്കാസ് ഫൗണ്ടേഷനും. സംരംഭക എന്നതിലുപരി കരുണയുടേയും കരുതലിന്റെയും തണലാണ് അതിന്റെ ചുമതലക്കാരി ജോളി ആലക്കാസ്. ഭർത്താവ് ജോയ് ആലുക്കാസ് 1987ൽ ഗൾഫ് നാടുകളിൽ ജോയ് ആലുക്കാസ് ഷോറൂമുകൾക്കു തുടക്കമിട്ടത് മുതൽ ജോളി ഒരുക്കിയതാണ് ജീവകാരുണ്യത്തിന്റെ നീരുറവ. അതിൽനിന്നു ജീവിതത്തിന്റെ ഊടും പാവും നേടിയവർ അനേകായിരങ്ങളാണ്. ഇന്ത്യയിൽ മാത്രമല്ല, ആഫ്രിക്ക ഉൾപ്പെടെയുള്ള പല ലോകരാജ്യങ്ങളിലും കരുണയുടെ കരങ്ങളെത്തി.

ഭവനരഹിതർക്കു വീടുകൾ, യുവതികൾക്കു വിവാഹം, ചികിത്സാ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, രക്തദാനം എന്നിങ്ങനെ വൈവിധ്യമേറിയ സഹായങ്ങൾ. ജോളി സിൽക്സിന്റെ മാനേജിങ് ഡയറക്റ്ററെന്ന നിലയിലുള്ള ഉത്തരവാദിത്തങ്ങളേക്കാൾ ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ സാമൂഹ്യ സേവന സംരംഭമായ ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെ സാരഥി എന്ന നിലയിലുള്ള ജോലിത്തിരക്കിലാണ് ഇവർ ഇരുവരും ഏറെ സന്തോഷിക്കുന്നത്. ദുബായിലെ ജയിലിൽ കുടുങ്ങിയ 13 ബംഗ്ലാദേശി പെൺകുട്ടികൾക്കു നാട്ടിലേക്ക് മടങ്ങാൻ ടിക്കറ്റ് നൽകിക്കൊണ്ടായിരുന്നു പദ്ധതിയുടെ തുടക്കം. 12 പേർക്കുള്ള ടിക്കറ്റ് ജോളി ജോയി നൽകി. ഒരാൾക്കുള്ള ടിക്കറ്റ് നൽകാൻ ജീവനക്കാരും തയാറായി. ഇത്തരം സേവനങ്ങൾ തുടർന്നു. കുടുംബത്തെയും കൂടെച്ചേർത്ത് ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇന്ത്യയിലേക്കു വ്യാപിപ്പിച്ച 2001ൽ സംസ്ഥാനത്തെ വിവിധ മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 101 യുവതികൾക്കായി തൃശൂരിൽ സമൂഹവിവാഹം നടത്തി.

ജോയ് ആലുക്കാസ് ജ്വല്ലറികൾ പ്രവർത്തിക്കുന്ന 11 രാജ്യങ്ങളിൽ ജോയ് ഫോർ എർത്ത് എന്ന പേരിലാണ് ജീവകാരുണ്യ സേവനങ്ങൾ നടക്കുന്നത്. ഇന്ത്യയിൽ ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പ്രളയത്തിൽ വീടു തകർന്നവർക്കായി 15 കോടി മുടക്കി 250 വീടുകളാണ് ഫൗണ്ടേഷൻ സജ്ജമാക്കിയത്.

അംഗീകാരങ്ങൾ

എൻഡിടിവി, സൂപ്പർബ്രാൻഡ്സ്, ടൈംസ് ഗ്രൂപ്പ്, റീട്ടെയ്ൽ മിഡിൽ ഈസ്റ്റ്, അറേബ്യൻ ബിസിനസ് മാഗസിൻ, ജെം ആൻഡ് ജ്വല്ലറി ട്രേഡ് കൗൺസിൽ, ഹുറൂൺ എന്നിവയുടേതുൾപ്പെടെ ഒട്ടേറെ ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ ജോയ് ആലുക്കാസിനെ തേടിയെത്തിയിട്ടുണ്ട്.

ഭാര്യ ജോളി (ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെ മേൽനോട്ടം നിർവഹിക്കുന്നു). മക്കൾ- ജോൺ പോൾ (എക്സിക്യൂട്ടീവ് ഡയറക്റ്റർ, ജോയ് ആലുക്കാസ് ദുബായ്), മേരി (ഡയറക്റ്റർ, ജോയ് ആലുക്കാസ് എക്സ്ചേഞ്ച് ദുബായ്), എൽസ (ഹോസ്പിറ്റാലിറ്റി മാനെജ്മെന്റ് വിദ്യാർഥിനി സ്വിറ്റ്സർലൻഡ്). മരുമക്കൾ- സോണിയ (ഡയറക്റ്റർ ജോയ്ആലുക്കാസ് ദുബായ്), ആന്റണി (എക്സിക്യൂട്ടീവ് ഡയറക്റ്റർ ജോയ്ആലുക്കാസ് എക്സ്ചേഞ്ച് ദുബായ്).

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ കൂപ്പുകുത്തി ഓഹരി വിപണി

മുംബൈ: 2021 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓഹരി വിപണി നഷ്ടത്തിൽ ക്ലോസ് ചെയ്തു. കൊറോണ വൈറസിനെ തുടർന്നുള്ള ആശങ്കകളാണ് വിപണിയെ ബാധിച്ചത്. മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചികയായ സെൻസെക്സ് 1203. 18 (4.08%) താഴ്ന്ന് 28,265. 31ലും ദേശീക ഓഹരി സൂചികയായ നിഫ്റ്റി 343.95 പോയിന്റ് ഇടിഞ്ഞ് 8253.80ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ടെക് മഹീന്ദ്ര, കൊട്ടക് മഹീന്ദ്ര ബാങ്ക്, ടിസിഎസ്, ഇൻഫോസിസ്, ആക്സിസ് ബാങ്ക്, എസ്ബിഐ, എച്ച്യുഎൽ എന്നീ കമ്പനികളുടെ ഓഹരികൾ നഷ്ടത്തിലായിരുന്നു. ബിഎസ്ഇ ലിസ്റ്റഡ് കമ്പനികളുടെ ഓഹരികൾക്കു മാത്രം 3.21 ലക്ഷം കോടി രൂപയുടേതാണ് നഷ്ടം. വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുൾപ്പടെ വൻതോതിൽ നിക്ഷേപം പിൻവലിച്ചതാണ് വിപണിയ്ക്ക് തിരിച്ചടിയായത്.

ലോക്ക്ഡൗണിലെ സൗകര്യങ്ങൾ അതുകഴിഞ്ഞ് കിട്ടും: വാഹന നിർമാതാക്കൾ

മുംബൈ: ലോക്ക്ഡൗൺ കാലയളവിൽ വാഹന നിർമാതാക്കൾ ക്രമപ്പെടുത്തിയിരുന്ന സൗജന്യ സർവീസുകളുടേയും വാറണ്ടികളുടേയും തിയതികൾ നീട്ടി. ടാറ്റാ മോട്ടോഴ്സ്, മാരുതി സുസുക്കി, ടിവിഎസ് മോട്ടോർ, യമഹ, ഫോക്സ്വാഗൺ, ഹ്യുണ്ടായ് എന്നിവയുടെ ഈ കാലയളവിലെ സൗജന്യ സേവനങ്ങൾ തുടർന്നുള്ള മാസങ്ങളിൽ പരിഹരിക്കും. കാലഹരണപ്പെടുന്ന വാറന്റികളും സമാനരീതിയിൽ പരിഹരിക്കും. മാർച്ച് 15നും ഏപ്രിൽ 31നും ഇടയിൽ അവസാനിക്കാനിരുന്ന വാറണ്ടികളും സൗജന്യ സേവനങ്ങളും ജൂൺ 30 വരെ നീട്ടുമെന്ന് മാരുതി സുസുക്കി അറിയിച്ചു. ടാറ്റാ മോട്ടോഴ്സും മാർച്ച് 15നും മെയ് 31നും ഇടയിൽ നിശ്ചയിച്ചിരുന്ന സേവനങ്ങൾ ജൂലൈ 31 വരെ നീട്ടി. മാർച്ച് 22നും മെയ് 15നും ഇടയിൽ അവസാനിക്കുന്ന സൗജന്യ സേവനങ്ങളും വാറണ്ടികളും ഫോക്സ് വാഗൺ ജൂലൈ 31 വരെ നീട്ടി. ടിവിഎസ് മോട്ടോർ കമ്പനി മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അവസാനിച്ച എല്ലാ സൗജന്യ സേവനങ്ങളും വാറന്റികളും ജൂൺ വരെ നീട്ടിയിട്ടുണ്ട്. ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ രണ്ട് മാസത്തെ അധിക കാലാവധിയും പ്രഖ്യാപിച്ചു.

കൊവിഡ്- 19: യൂറോപ്പിലെ 232 പേരെ സ്വദേശത്തേക്ക് അയച്ചു

സ്വദേശത്തേക്ക് മടങ്ങാനായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ വിനോദ സഞ്ചാരികൾ.

തിരുവനന്തപുരം: കൊവിഡ്-19 വ്യാപനത്തെത്തുടർന്നുള്ള ലോക്ക് ഡൗണിൽ കേരളത്തിൽ കുടുങ്ങിയ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലെ 232 പൗരന്മാരെ സംസ്ഥാന ടൂറിസം വകുപ്പിന്റെയും ജർമൻ എംബസിയുടെയും ശ്രമഫലമായി പ്രത്യേക വിമാനത്തിൽ സ്വദേശത്തേക്ക് അയച്ചു. ഇവരിലേറെയും ജർമനിയിൽ നിന്നുള്ളവരാണ്. സംസ്ഥാനത്തെ 13 ജില്ലകളിലായി കുടുങ്ങിക്കിടന്നവരെയാണ് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെത്തിച്ച ശേഷമാണ് യൂറോപ്പിലേക്ക് അയച്ചത്.

വിദേശത്തു നിന്നുള്ള വിനോദ സഞ്ചാരികളെ സഹായിക്കാൻ എല്ലാ ജില്ലയിലും കേരള ടൂറിസം ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിരുന്നു. കേരളത്തിൽ കുടുങ്ങിയ ജർമൻ പൗരന്മാരെ തിരികെയെത്തിക്കാനുള്ള ജർമൻ എംബസിയുടെ പരിശ്രമത്തിന് പൂർണ പിന്തുണയാണ് സംസ്ഥാന സർക്കാരും ടൂറിസം വകുപ്പും നൽകിയത്. ജർമൻകാർക്കൊപ്പം മറ്റുള്ളവർക്കും സൗകര്യമേർപ്പെടുത്തുകയായിരുന്നു.

യൂറോപ്യൻ യൂണിയനിലെ വിവിധ രാജ്യങ്ങളിലെ പൗരന്മാരെ കണ്ടെത്തി തിരുവനന്തപുരത്തെത്തിക്കുകയെന്നത് ശ്രമകരമായ ദൗത്യമായിരുന്നുവെന്ന് സംസ്ഥാന ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. കുറഞ്ഞ സമയം കൊണ്ട് ഇവരെ കണ്ടെത്തിയതിൽ ടൂറിസം വകുപ്പിലെ ജീവനക്കാരും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാരും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. സുരക്ഷിതമായി ഇവരെ പല സ്ഥലങ്ങളിൽനിന്ന് തിരുവനന്തപുരത്ത് എത്തിക്കാൻ പൊലീസും സഹായിച്ചുവെന്ന് മന്ത്രി പറഞ്ഞു.

രാജ്യമൊട്ടാകെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെത്തുടർന്ന് വിവിധ കേന്ദ്രങ്ങളിൽനിന്നുള്ള അനുമതികൾ നേടിയാണ് ഇവരെ തിരുവനന്തപുരത്തെത്തിച്ചതെന്ന് ടൂറിസം സെക്രട്ടറി റാണി ജോർജ് ചൂണ്ടിക്കാട്ടി. ഓരോ ജില്ലയിലും പ്രത്യേകം വാഹനം ഏർപ്പെടുത്തിയിരുന്നു. എയർപോർട്ട് അതോറിറ്റിയുടെ സഹകരണം മികച്ചതായിരുന്നു. സാമൂഹിക അകലം പാലിക്കുന്നതിനു വേണ്ടി വലിയ വാഹനങ്ങളാണ് ഏർപ്പെടുത്തിയത്. രോഗലക്ഷണങ്ങൾ ഇല്ലാത്തവരും 14 ദിവസത്തോളം ക്വാറന്റീനിൽ കഴിഞ്ഞവരുമാണ് ഈ 232 പേരുമെന്ന് ഉറപ്പ് വരുത്തി. പലരും കൊവിഡ്-19 പരിശോധന ഫലം സ്വയം നടത്തിയിരുന്നുവെന്നും അവർ പറഞ്ഞു. ജർമനിയുടെ ബംഗളൂരു കോൺസുലേറ്റും തിരുവനന്തപുരത്തെ ഓണററി കോൺസുലേറ്റാണ് യാത്രാരേഖയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ ചെയ്തത്. വിമാനം ചാർട്ടർ ചെയ്തതും ഇവരുടെ ശ്രമഫലമായിട്ടാണ്. വിവിധ ജില്ലകളിൽ നിന്നായി യാത്ര തിരിച്ച സംഘത്തിന് വേണ്ട സൗകര്യങ്ങളെല്ലാം ഒരുക്കിയിരുന്നെന്ന് കേരള ടൂറിസം ഡയറക്റ്റർ പി. ബാല കിരൺ പറഞ്ഞു. ലോക്ക്ഡൗണായിരുന്നതിനാൽ ഇവർക്കുള്ള ആഹാരം നേരത്തെ കരുതിയിരുന്നു. തിരുവനന്തപുരത്തെത്തിച്ച യാത്രക്കാരെ സർക്കാർ നിർദേശപ്രകാരം കെടിഡിസിയുടെ വിവിധ ഹോട്ടലുകളിലാണ് താമസിപ്പിച്ചതെന്ന് കെടിഡിസി എംഡിയും കേരള ടൂറിസം അഡി. ഡയറക്റ്ററുമായ വി.ആർ. കൃഷ്ണ തേജ പറഞ്ഞു. കോവളത്തെ കെടിഡിസി സമുദ്ര ഹോട്ടലിലായിരുന്നു ആരോഗ്യവകുപ്പ് പ്രത്യേക താത്പര്യമെടുത്ത് വൈദ്യപരിശോധന നടത്തിയത്. രോഗലക്ഷണങ്ങളും ശരീരോഷ്മാവ് അളക്കുന്ന പരിശോധനയുമാണ് നടത്തിയത്. ജർമൻ എംബസി എയർ ഇന്ത്യയുമായി ഉണ്ടാക്കിയ കരാർ പ്രകാരമാണ് പ്രത്യേക വിമാനത്തിൽ തിരിച്ചു പോകാനുള്ള സാഹചര്യമൊരുങ്ങിയത്. വിദേശകാര്യ വകുപ്പ്, വ്യോമയാന മന്ത്രാലയം എന്നിവയുടെ അനുമതി ലഭിച്ചതോടെ ചൊവ്വാഴ്ച പുലർച്ചെ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് 232 പേർ സ്വദേശത്തേക്ക് മടങ്ങുകയായിരുന്നു.

സ്വർണം 32,000

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	32,000
കടല	5100-6300	പാം ഓയിൽ	7450

ഇഗ്ലു ലിവിങ് സ്പേസുമായി ബോബി ചെമ്മണൂർ

കോഴിക്കോട്: ക്വാറന്റൈനിൽ കഴിയുന്നതിന് വേണ്ടി രണ്ടുകോടി രൂപയോളം ചെലവ് വരുന്ന 200 ഇഗ്ലു ലിവിങ് സ്പേസുകൾ സർക്കാർ ആശുപത്രികളിലേക്ക് സൗജന്യമായി നൽകുമെന്ന് ഡോ. ബോബി ചെമ്മണൂർ. എസിയിലും ഡിസിയിലും പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഇന്ത്യയിലെ ആദ്യത്തെ എയർകണ്ടീഷൻഡ് പോർട്ടബിൾ ലിവിങ് സ്പേസ് ആണ് ഇഗ്ലു. ഇതു പ്രവർത്തിപ്പിക്കാൻ സാധാരണ വൈദ്യുതി ചാർജിന്റെ പത്തിലൊന്ന് ചെലവ് മാത്രമേ വരികയുള്ളൂ.

ഡോ. ബോബി ചെമ്മണൂർ, എൻജിനീയർ വി.കെ. ലതീഷ്, ദുബായ് ലീജ് ടൈംസ് മുൻ പത്രപ്രവർത്തകനായ ചാലക്കൽ ലാസർ ബിനോയ് എന്നിവരാണ് ഇഗ്ലു എന്ന ഈ നൂതന ആശയത്തിന് പിന്നിൽ. ഇവ കൈമാറുന്നതിനായി ഡിഎംഒയുടെ അനുമതിക്കായി കാത്തിരിക്കുകയാണ്. കൂടാതെ ടോയ്ലെറ്റും വിരസത ഒഴിവാക്കാൻ ടിവിയും വെർച്ച്വൽ റിയാലിറ്റി സൗകര്യങ്ങളുമുള്ള ഇഗ്ലുവിന്റെ പുതിയ വേർഷന്റെ ഡിസൈനിങ് നടന്നുകൊണ്ടിരിക്കുകയാണ്.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ടോമയ്യ ഒറിജിനലോ, ഡ്യൂപ്ലിക്കേറ്റോ?

ഉറങ്ങിക്കിടന്ന ടോമയ്യയുടെ വാലിൽ പിടിച്ച് കുഞ്ഞാപ്പു പതുക്കെയൊന്നു വലിച്ചു.

കുട്ടി ദിനോസറിന് കുഞ്ഞാപ്പു ഇപ്പോൾ ടോമയ്യ എന്ന പേര് സ്ഥിരപ്പെടുത്തി.

ടോമയ്യ ഒന്നു ഞെരിപിരി കൊണ്ട് കണ്ണുതുറന്നു. പിന്നെ സംഭവിച്ചത് , ഇഷ്ടൻ എഴുന്നേറ്റ് കട്ടിലിൽ തന്നെ ചുവരിനോട് ചേർന്ന് ചാരി ഒറ്റയിരിപ്പ്.

ഇതെന്താ സ്വപ്നമാണോ? കുഞ്ഞാപ്പു അന്ധാളിച്ചു.

കഴിഞ്ഞ ദിവസം എവിടെയോ കണ്ടത് ഓർക്കുന്നു ദിനോസറിന്റെ വേഷം കെട്ടി ഒരാൾ റോഡിൽ വിലസിയതും പൊലീസ് പിടികൂടിയതും.

സ്പെയിനിലാണ് സംഭവം - സിനിമകളിലും മറ്റും കാണുന്ന പോലെ ഒരു ദിനോസർ ടൗണിലൂടെ നടന്നു നീങ്ങുന്നത് കണ്ട പൊലീസുകാരും ഒന്നു ഞെട്ടി. എന്നാൽ അതിനു പിന്നിലുള്ള സത്യാവസ്ഥ അറിഞ്ഞപ്പോഴാണ് അമളി മനസ്സിലായത്.



സ്പെയിനിലെ തെരുവിൽ ഇറങ്ങിയ ദിനോസർ

ആളുകളൊക്കെ വീട്ടിനുള്ളിൽ കഴിയുമ്പോൾ ആരും പുറത്തിറങ്ങരുത് എന്ന നിർദേശം അവഗണിച്ച് ദിനോസറിന്റെ വേഷം കെട്ടി വെളിയിൽ ഇറങ്ങിയ ഒരു വിരുതൻ നഗരത്തിലെ സിസിടിവി ക്യാമറയിൽ പതിഞ്ഞു. ഇയാളെ പൊലീസ് പിടികൂടിയപ്പോഴല്ലെ കക്ഷി കാര്യം പറഞ്ഞത് -കൊറോണ കാരണം ആളുകൾ റോഡിലിറങ്ങാതിരിക്കാൻ പേടിപ്പിച്ചതാണത്രെ!

ഒരു കണക്കിന് നമ്മുടെ നാട്ടിലും ഇതാവശ്യമാണ്. ടോമയ്യയെ ആ വഴിക്ക് ഒന്നു പ്രയോഗിച്ചാലോ?

ഇതാവുമ്പോൾ സംഗതി ഒറിജിനൽ. അതോ ഇതും വ്യാജനാണോ? കുഞ്ഞാപ്പു കട്ടിലിനടുത്തേക്ക് നീങ്ങി.

ഒട്ടും പ്രതീക്ഷിക്കാത്തതാണ് സംഭവിച്ചത്. ആ കഥ നാളെ

കുഞ്ഞാപ്പുവിന്റെ നായയ്ക്ക് റിച്ചാർഡ് പാർക്കർ എന്ന പേര് എങ്ങനെ കിട്ടി എന്ന കഴിഞ്ഞ ദിവസത്തെ ചോദ്യത്തിന് ഉത്തരം അയച്ചത്:

ഗൗതം കൃഷ്ണ
പത്മാലയം, തൃക്കാരിയൂർ പി.ഒ.
കോതമംഗലം

ഉത്തരം:
2012-ൽ പുറത്തിറങ്ങിയ ഒരു അമെരിക്കൻ ചലച്ചിത്രമാണ് ലൈഫ് ഒഫ് പൈ. യാൻ മാർട്ടെൽ 2001-ൽ എഴുതിയ ഇതേ പേരിലുള്ള നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണത്. ഇതിൽ നടുക്കടലിൽ പെടുന്ന പൈ എന്ന പയ്യനും ബംഗാൾ ക്കടുവയുമാണ് കഥയുടെ കേന്ദ്രം. കടുവയുടെ പേരാണ് റിച്ചാർഡ് പാർക്കർ

അനുഭയും പ്രസന്നയും.

മിണ്ടാപ്രാണികൾക്ക് അന്നം വിളമ്പി അനുഭവ

സൂരജ് സജി

കൊച്ചി: ലോക്ക്ഡൗണിൽ വിശപ്പിന്റെ വിളി മനുഷ്യന് മാത്രമല്ല, തെരുവിൽ അലഞ്ഞു നടക്കുന്ന നായ്ക്കളും പൂച്ചകളും തുടങ്ങി ഭക്ഷണവും വെള്ളവും തേടിയിറങ്ങുന്ന പക്ഷികൾക്കുവരയുണ്ട്. നഗരം ശാന്തതയിലേക്ക് മടങ്ങിയെങ്കിലും തെരുവിൽ കഴിഞ്ഞിരുന്ന നായകൾ ഉൾപ്പെടെ പട്ടിണിയിലാണ്. ഇടക്കിടെ എത്തുന്ന വാഹനങ്ങൾക്കു പിന്നാലെ അവ കുരുച്ചു കൊണ്ട് ഓടും. വിശന്നു വലയുന്ന ഇവറ്റകൾക്ക് അവരെങ്കിലും ഭക്ഷണം നൽകുമെന്ന പ്രതീക്ഷയിൽ. എല്ലാം വിഫലമായിരിക്കും.

എന്നാൽ അനുഭയുടെ വാഹനം കണ്ടാൽ തെരുവു നായ്ക്കളുൾപ്പെടെയുള്ള വയ്ക്ക് സന്തോഷമാണ്. കുരച്ചു കൊണ്ട് വാലാട്ടി അരികിലെത്തും. വിശപ്പകറ്റാനെത്തുന്ന ആ നന്മരത്തിന് നന്ദി പറഞ്ഞ്.

അനുഭ കൊച്ചി നഗരത്തിലെ തെരുവനായ്ക്കൾക്ക് ഭക്ഷണം നൽകുന്നു.

ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന്റെ പിറ്റേന്നു മുതലുള്ള വൈകുന്നേരങ്ങളിൽ നഗരത്തിലെ തെരുവനായ്ക്കൾക്കും പക്ഷികൾക്കുമുള്ള ഭക്ഷണവുമായി അനുഭ സിൻഹയെത്തും. അഞ്ചു വർഷമായി കടവന്ത്ര കത്യക്കടവിൽ പ്രവർത്തിക്കുന്ന റെയ്സ് ത്രീഡ് എന്ന കമ്പനിയുടെ സ്ഥാപകയാണ് മുംബൈ സ്വദേശിനിയായ അനുഭ. വൈകിട്ട് ആറിന് കലൂർ സ്റ്റേഡിയം പരിസരത്തു നിന്ന് ആരംഭിക്കുന്ന ഭക്ഷണവിതരണം രാത്രി ഒമ്പതോടെയാണ് പൂർത്തിയാകുന്നത്. ചോറും ചിക്കനുമാണ് നായ്ക്കൾക്കും പക്ഷികൾക്കും നൽകുന്നത്. 50 ലിറ്റർ വെള്ളവും കൊണ്ടുവരും. കൊച്ചി സിറ്റി പൊലീസിന്റെയും മൃഗസ്നേഹിയും റിട്ട.ഇൻഷുറൻസ് ഏജന്റുമായ പ്രസന്നയുടെയും സഹായത്തോടെയാണ് ഭക്ഷണം വിതരണം ചെയ്യുന്നത്. പ്രസന്നയുടെ അമ്മയാണ് ഭക്ഷണം പാകം ചെയ്യുന്നത്. 13-ാം വയസിൽ പ്രോഗ്രാമറായി ശ്രദ്ധനേടിയ അനുഭ പ്രോഗ്രാമിങ്ങും കോഡിങ്ങും സ്വയം പഠിച്ചെടുത്തതാണ്. കാലി ഫോർണിയ അഡ്വാൻസ് ഇമേജിങ് സൊസൈറ്റിയുടെ (എഐഎസ്) ഇന്നൊവേഷൻ അവാർഡ് ജേതാവാണ് അനുഭ. എഐഎസ് അവാർഡ് നേടിയ ആദ്യ ഏഷ്യൻ കമ്പനി അനുഭയുടെ റെയ്സ് ത്രീഡിയാണ്. ഗ്ലാസ് വയ്ക്കാതെ ത്രീഡി ദൃശ്യാനുഭവം മൊബൈലിൽ ലഭ്യമാക്കുന്ന വൗ ത്രീഡി സ്ക്രീൻ ഗാർഡ് തയാറാക്കിയതിനായിരുന്നു അംഗീകാരം.

ലോക്കിലായാൽ പറ്റില്ലല്ലോ: ഷംസീർ

സച്ചിൻ വള്ളിക്കാട്

കോഴിക്കോട്: വലിയ പോരാട്ടത്തിലാണ് സർക്കാരിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ആരോഗ്യ പ്രവർത്തകരും ഭരണകൂടങ്ങളും ഒരുമയോടെ കൈകോർത്ത് പ്രവർത്തിക്കുമ്പോൾ ജനപ്രതിനിധിയെന്ന നിലയിൽ വീട്ടിലിരിക്കാൻ മനസ് അനുവദരക്കുന്നില്ല.

സർക്കാർ മാർഗനിർദേശങ്ങളനുസരിച്ച് സാധാരണ ദിവസങ്ങളിലെ പോലെ ലോക്ക് ഡൗൺ കാലത്തും ഓട്ടത്തിലാണ്. തലശേരി നിയോജക മണ്ഡലം എംഎൽഎ എ.എൻ ഷംസീർ.

രാവിലെ 8.30ന് വീട്ടിൽ നിന്നിറങ്ങും. നേരെ സബ്കലക്റ്ററുടെ ഓഫീസിലേക്ക്. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ കൊറോണ പോസ്റ്റീവ് സ്ഥിരീകരിച്ചത് തലശേരി താലൂക്കിലാണ്. മാർച്ച് 13 മുതൽ തലശേരി സബ് കലക്റ്റർ ആസിഫ് കെ. യൂസഫും എംഎൽഎയും നേതൃത്വം നൽകുന്ന മെഡിക്കൽ ക്രൈസിസ് മാനെജ്മെന്റ് ഗ്രൂപ്പുണ്ടാക്കിയിട്ടുണ്ട്. ഒമ്പതു മണിമുതൽ പതിനൊന്നുവരെ അവലോകന യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തും. പതിനൊന്ന് മണിക്ക്ശേഷം എംഎൽഎ ഓഫീസിൽ നിന്നും പ്രവർത്തനങ്ങൽ കോ ഓർഡിനേറ്റ് ചെയ്യും. രാത്രി ഏഴുവരെ പ്രവർത്തനം തുടരും.

ഒരുമിനിറ്റും വിശ്രമമില്ല. ഓഫീസിലിരുന്ന് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നിർദേശവും നൽകുകയാണ്. ചിലപ്പോൾ മണ്ഡലത്തിനു പുറമെ ജില്ലയിലെയും പ്രശ്നങ്ങളിൽ ഇടപെടേണ്ടി വരാറുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ, സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ ഫോണിലൂടെ ബന്ധപ്പെട്ട് വിലയിരുത്തും. പുറത്തേക്കുള്ള യാത്രയ്ക്ക് നിയന്ത്രണം വരുത്തിയിട്ടുണ്ട്. പക്ഷെ 24 മണിക്കൂറും ഫോണിലുണ്ട് എന്നതാണ് നിലവിലെ സ്ഥിതി.

അത്യാവശ്യ ഘട്ടങ്ങളിൽ നേരിട്ട് പോയി പ്രശ്നങ്ങൾ പരിഹരിക്കും. കഴിഞ്ഞ ദിവസം ഇതരസംസ്ഥാന തൊഴിലാളികളെ ബോധവത്കരിക്കാൻ നേരിട്ടിറങ്ങേണ്ടിവന്നു. കോട്ടയത്ത് ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടമായി തെരുവിലിറങ്ങി പ്രതിഷേധിച്ച സാഹചര്യത്തിലാണ് എംഎൽഎയും ഉദ്യോഗസ്ഥരും തലശേരിയിൽ കഴിയുന്ന ഇതര സംസ്ഥാനക്കാരെ നേരിൽ കണ്ടത്.

ഇതിനിടെ തലശേരി ജനറൽ ആശുപത്രിയിൽ അടിയന്തര പ്രവർത്തിയായി ഓക്സിജൻ വെന്റിലേറ്റർ സിസ്റ്റം, ഐസിയു എന്നിവ സ്ഥാപിക്കാൻ അൻപത് ലക്ഷം രൂപയുടെ ഭരണാനുമതി നേടികൊടുത്തതിന് എംഎൽഎ കൈയ്യടി നേടി.

ഭാര്യ ഷഹല ഡോക്റ്ററായതിനാൽ ജോലിത്തിരക്കാണ്. മകൻ ഇസാൻ അവളുടെ കൂടെയാണ്. അവർ കണ്ണൂരിൽ ഭാര്യവീട്ടിലാണ് ഇടയ്ക്ക് ഒന്ന് കണ്ണൂരിലെ വീട്ടിലേക്ക് പോകും.

സ്ഥിരമായി 11 മണിക്ക് വീട്ടിലെത്തുന്ന ഞാൻ കൊറോണകാലത്തു രാത്രി ഏഴുമണിക്ക് വീട്ടിലെത്തുന്നുവെന്നതാണ് ഇപ്പോൾ സംഭവിച്ച ഒരുമാറ്റം. വീട്ടിൽ നിൽക്കാത്തതിൽ വീട്ടുകാർക്ക് പരാതിയുണ്ട്. നാടിനു വേണ്ടിയാണെന്ന് ഓർത്ത് അവരും ക്ഷമിക്കുകായാണ്.

ഹോം കുക്കിങ്

ബിനിത ദേവസി

ചക്ക അച്ചാർ

നാട്ടിൻപുറങ്ങളിൽ ധാരാളമായി കിട്ടുന്ന ചക്ക നമുക്ക് അച്ചാറാക്കിയാലോ....

വേണ്ട ചേരുവകൾ
ചക്ക അരിഞ്ഞത് - ഒരു കപ്പ്
വിനാഗിരി - 1/4 കപ്പ്
ഉപ്പ് - ആവശ്യത്തിന്
ഇഞ്ചി - രണ്ട് എണ്ണം (അരിഞ്ഞത്)
വെളുത്തുള്ളി - 5 എണ്ണം (അരിഞ്ഞത്)
വെളിച്ചെണ്ണ - ആവശ്യത്തിന്
കടുക് - 1 1/2 ടീസ്പൂൺ
കറിവേപ്പില - ആവശ്യത്തിന്
മുളക് പൊടി - 2 ടേബിൾ സ്പൂൺ
മഞ്ഞപ്പൊടി - 1/2 ടീസ്പൂൺ
കായം - അൽപ്പം
ഉലുവപ്പൊടി - അൽപ്പം

തയാറാക്കുന്ന വിധം

ചെറുതായി അരിഞ്ഞെടുത്ത ചക്ക വിനാഗിരിയും, ഉപ്പും ചേർത്ത് ഒരു ചട്ടിയിലാക്കി ഒരു ദിവസം വെക്കുക. ഒരു ചട്ടിയിൽ രണ്ടു സ്പൂൺ വെളിച്ചെണ്ണയൊഴിച്ചു കുറച്ചു കടുകിട്ടു പൊട്ടിക്കുക. ഇനി രണ്ടു തണ്ടു കറിവേപ്പിലയും ഇട്ടു വറുത്തു കോരി മാറ്റുക. ഇതിലേക്ക് ഇഞ്ചി, വെളുത്തുള്ളി എന്നിവ ഇട്ടു മൂപ്പിക്കുക. മൂത്തുവരുമ്പോൾ തീ ഓഫ് ചെയ്തതിനുശേഷം 2 ടീസ്പൂൺ മുളകു പൊടിയും 1/2 ടീസ്പൂൺ മഞ്ഞപ്പൊടിയും എന്നിവ ചേർത്തിളക്കുക. ഇതിലേക്ക് നമ്മൾ അരിഞ്ഞു വെച്ച ചക്ക അൽപ്പം വെള്ളമൊഴിച്ചു ഇളക്കി ഒന്നു തിളപ്പിച്ചതിനുശേഷം ഇറക്കിവയ്ക്കുക. ഇനി ഇതിനാവശ്യമായ കായം, ഉലുവപ്പൊടി ഇവയും ചക്കയിൽ ചേർത്തൊന്നിളക്കുക. ഇനിയിത് ചൂടാറി വരുമ്പോൾ മൂടി വെക്കുക. കോരിവച്ച കടുകും കറിവേപ്പിലയും കൂടി ഇതിലേക്ക് ചേർക്കണം. എല്ലാം ചേരുവകളും പിടിച്ചു കഴിയുമ്പോൾ അച്ചാറിനെ കുപ്പിയിലാക്കാം. അടിപൊളി ചക്ക അച്ചാർ റെഡി.

നളപാചകം

മുട്ട മുരിങ്ങയില തോരൻ

അച്ഛനും അമ്മയും രണ്ടു മക്കളും അടങ്ങിയ ഒരു ചെറിയ കു ടുംബത്തി നു ആവശ്യമായ അളവിലാണ് ചേരുവകൾ

1)5 കോഴിമുട്ട,
സവാള- ഒന്നര
ചുവന്നുള്ളി- 2 എണ്ണം
ഇഞ്ചി - ചെറിയ കഷണം
പച്ചമുളക് - 3 എണ്ണം
കറിവേപ്പില - ഒരിതൾ
മുരിങ്ങയില - 1 പിടി
തേങ്ങ ചിരകിയത് - 1 പിടി
കുരുമുളക് പൊടിച്ചത്, ഉപ്പ്- പാകത്തിന്

2) മുട്ടപൊട്ടിച്ചത് നന്നായി എഗ് ബീറ്റർ കൊണ്ടോ സ്പൂണുകൊണ്ടോ അടിച്ച് ഒരു ബൗളിൽ ആവശ്യത്തിന് ഉപ്പു ചേർത്ത് തയാറാക്കി വയ്ക്കുക. ഉള്ളി, പച്ചമുളക്, ഇഞ്ചി എന്നിവ വളരെ ചെറുതായി അരിഞ്ഞ് വയ്ക്കുക.

3) ചീഞ്ചട്ടിയിൽ വെളിച്ചെണ്ണ ചൂടാക്കുക. ഉള്ളി, സവാള, ഇഞ്ചി, കറിവേപ്പില, പച്ചമുളക് എന്നിവ വെളിച്ചെണ്ണയിൽ വഴറ്റുക. വഴന്നു വരുമ്പോൾ ബൗളിൽ തയാറാക്കിയ മുട്ട ഒഴിച്ച് ഇളക്കുക. അതിനിടയിൽത്തന്നെ മുരിങ്ങയില ഊർത്തിയതും തേങ്ങ ചിരകിയതും അല്പം കുരുമുളകുപൊടിയും ചേർത്ത് ജലാംശം വലിഞ്ഞ് തരികൾ ആകുന്നതു വരെ തുടർച്ചയായി ഇളക്കുക.

നാവിൽ കപ്പലോടികുന്ന മുട്ട - മുരിങ്ങയില തോരൻ റെഡി